2025 SEPTEMBER 12

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: edito alayalee.com | Phone: 917 324 4907; 917 66 1122



# ട്രംപിന് മനംമാറ്റം:


## ഇന്ത്യ – യു.എസ് ബന്ധം മെച്ചപ്പെടുന്നു?



## വമ്പൻ ഓണാഘോഷം ഒരുക്കി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ


MALABAR
GOLD & DIAMONDS
Pay
10%
ADVANCE
& BLOCK THE GOLD RATE
ADVANCE VALID TILL 19TH OCTOBER 2025
GET A
FREE DIAMOND
GIFT VOUCHER
WORTH USD 50
ON FIRST BOOKING UNTIL
28TH SEPTEMBER 2025
*T&C APPLY

# ട്രംപിന്റെ പ്രസ്താവന മോദി സ്വാഗതം ചെയ്തു; ചര്‍ച്ചകളില്‍ വലിയ പ്രതീക്ഷ



യുഎസ്-ഇന്ത്യ വ്യാപാര ചര്‍ച്ചകള്‍ വീണ്ടും ആരംഭിക്കുന്നുവെന്ന സൂചന നല്‍കി പ്രസിഡന്റ് ട്രംപ് നടത്തിയ അഭിപ്രായ പ്രകടനങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. ചര്‍ച്ചകള്‍ ഇന്ത്യ-യുഎസ് പങ്കാളിത്തത്തിന്റെ അന്തമില്ലാത്ത സാദ്ധ്യതകള്‍ തുറക്കുമെന്ന് അദ്ദേഹം എക്സില്‍ കുറിച്ചു.

‘ഇന്ത്യയും യുഎസും ഉറ്റ സുഹൃത്തുക്കളാണ്,‘ മോദി കുറിച്ചു. ‘നമ്മള്‍ സ്വാഭാവിക പങ്കാളികളാണ്. നമ്മുടെ ചര്‍ച്ചകള്‍ ഈ ബന്ധത്തിന്റെ അനന്ത സാദ്ധ്യതകള്‍ തുറക്കുമെന്നു എനിക്കുറപ്പുണ്ട്.



**ഇന്ത്യക്കെതിരെ ആക്രമണം നടത്തിയിരുന്ന ട്രംപ് മയപ്പെട്ടുവെന്ന സൂചനയാണ് ഉണ്ടായത്. ഇന്ത്യയുമായി വ്യാപാരത്തിലുള്ള തടസങ്ങൾ നീക്കാൻ യുഎസ് ചർച്ച തുടരുന്നുണ്ടെന്നു പ്രസിഡന്റ് ഡോണൾഡ് ട്രംപ് ചൊവാഴ്ച്ച പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സംസാരിക്കാൻ തയാറാണെന്നും അദ്ദേഹം 'ട്രൂത് സോഷ്യൽ' കുറിപ്പിൽ കൂട്ടിച്ചേർത്തു.**

'ചർച്ചകൾ എത്രയും വേഗം പൂർത്തിയാക്കാൻ നമ്മുടെ ടീമുകൾ ശ്രമിക്കുന്നുണ്ട്. പ്രസിഡന്റ് ട്രംപുമായി സംസാരിക്കാൻ ഞാൻ കാത്തിരിക്കുന്നു. ഞങ്ങൾ ഒന്നിച്ചു ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് ശോഭനവും കൂടുതൽ സമ്പൽ സമൃദ്ധവുമായ ഭാവി പടുത്തുയർത്താൻ പരിശ്രമിക്കും.'

ഇന്ത്യക്കെതിരെ ആക്രമണം നടത്തിയിരുന്ന ട്രംപ് മയപ്പെട്ടുവെന്ന സൂചനയാണ് ഉണ്ടായത്. ഇന്ത്യയുമായി വ്യാപാരത്തിലുള്ള തടസങ്ങൾ നീക്കാൻ യുഎസ് ചർച്ച തുടരുന്നുണ്ടെന്നു പ്രസിഡന്റ് ഡോണൾഡ് ട്രംപ് ചൊവാഴ്ച്ച പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സംസാരിക്കാൻ തയാറാണെന്നും അദ്ദേഹം 'ട്രൂത് സോഷ്യൽ' കുറിപ്പിൽ കൂട്ടിച്ചേർത്തു.

'യുഎസും ഇന്ത്യയും വ്യാപാര തടസങ്ങൾ നീക്കാനുള്ള ചർച്ചകൾ തുടരുന്നുവെന്നു അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. എന്റെ വളരെ നല്ല സുഹൃത്തായ പ്രധാനമന്ത്രി മോദിയുമായി വരുന്ന ആഴ്ചകളിൽ സംസാരിക്കാൻ ഞാൻ കാത്തിരിക്കുന്നു. നമ്മുടെ മഹത്തായ രാജ്യങ്ങൾ തമ്മിൽ ധാരണയാവാൻ വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടാവില്ലെന്ന് എനിക്കുറപ്പുണ്ട്.'

ഇന്ത്യക്കെതിരെ ട്രംപ് ചുമത്തിയ 50% ഇറക്കുമതി തീരുവ നിലവിൽ വന്ന ശേഷമാണു ഈ കുറിപ്പ്.

ഇന്ത്യ-യുഎസ് ബന്ധങ്ങൾ വളരെ സവിശേഷമാണെന്നും താനും മോദിയും എന്നും സുഹൃത്തുക്കളാണെന്നും ഈയാഴ്ച്ച അദ്ദേഹം പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ ആശങ്കയ്ക്കു കാരണമില്ല.'



# ഹൂസ്റ്റണിൽ വമ്പൻ ഓണാഘോഷം ഒരുക്കി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH)

**സുജിത്ത് ചാക്കോ**

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഓഗസ്റ്റ് 30ന് ശനിയാഴ്ച വലിയ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മിസോറി സിറ്റിയിലുള്ള സെന്റ് ജോസഫ് ഹാളിൽ വമ്പിച്ച ജനാവലിയാണ് ഓണാഘോഷത്തിൽ പങ്കെടുത്തത്. ജാതിമത ഭേദമന്യേ ആയിരക്കണക്കിന് ആളുകൾ ഗൃഹാതുരസ്മരണകളുമായി ഒഴുകിയെത്തി. മലയാളിയുടെ ദേശീയ ഉത്സവം ആണല്ലോ ഓണം. ഏവരും ഒന്നിച്ച് ഒരു മനസ്സോടെ കേരളീയ വസ്ത്രങ്ങളും അണിഞ്ഞ് മഹാബലിത്തമ്പുരാനെ വരവേൽക്കുവാൻ അണിനിരന്നു. ആഘോഷങ്ങൾക്ക് വലിയ സന്നാഹങ്ങളാണ് ‘മാഗ്‘ ഒരുക്കിയിരുന്നത്.

രാവിലെ 10 മണിക്ക് സാംസ്കാരിക പരിപാടികൾ ആരംഭിച്ചു. 10.45 ന് സാംസ്കാരിക ഘോഷയാത്ര നടത്തപ്പെട്ടു. പ്രസിഡന്റ് ജോസ് കെ ജോൺ, സെക്രട്ടറി രാജേഷ് വർഗീസ്, ട്രഷറർ സുജിത്ത് ചാക്കോ, പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദ്, മാഗിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങൾ, ട്രസ്റ്റീ ബോർഡ് അംഗങ്ങൾ, എന്നിവരും ചേർന്ന് സാംസ്കാരിക ഘോഷയാത്രയ്ക്ക്






നേതൃത്വം നൽകി. തെയ്യവും തിറയും പുലികളിയും താലപ്പൊലിയേന്തി നൂറോളം വനിതകളും ബാലികമാരും അകമ്പടിയായി ചെണ്ടമേളവും അതിഥികളും ജനങ്ങളും ചേർന്ന് മാവേലിമന്നനെ വരവേറ്റു.

തുടർന്ന് സാംസ്കാരിക സമ്മേളനം ആരംഭിച്ചു. കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഹൂസ്റ്റൺ ഡി സി മഞ്ജുനാഥ് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ജോസ് കെ ജോൺ, സെക്രട്ടറി രാജേഷ് വർഗീസ്, ട്രഷറർ സുജിത്ത് ചാക്കോ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജിമ്മി കുന്നശ്ശേരി എന്നിവർക്കൊപ്പം ഫോർട്ട്ബൻഡ്കൗണ്ടി ജഡ്ജ് കെ പി ജോർജ്, ജഡ്ജ് ജൂലി മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഷുഗർ ലാൻഡ് മേയർ കരോൾ കെ മക്കഡ്ചെയോൻ, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ തുടങ്ങിയവരും തിരിതെളിയിച്ചു. പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദ്, മറ്റ് ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ബോർഡ് ഓഫ് ട്രസ്റ്റിസ്, ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ ശശിധരൻ നായർ, വൈദിക ശ്രേഷ്ഠർ, ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം ശ്രീനാരായണഗുരു മിഷൻ, ഇന്ത്യൻ ക്രിസ്ത്യൻ ഇക്യുമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ തുടങ്ങിയവയുടെ പ്രതിനിധികളുംവേദിയിൽ സന്നിഹിതരായിരുന്നു.

സെക്രട്ടറി രാജേഷ് വർഗീസ് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ജോസ് കെ ജോൺ അധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് മുഖ്യാതിഥി കോൺസുൽ ജനറൽ ഓഫ് ഇന്ത്യ ഹൂസ്റ്റൺ ഡി സി മഞ്ജുനാഥ് ഉദ്ഘാടനപ്രസംഗത്തിൽ എല്ലാ കേരളീയർക്കും ഓണാശംസകൾ നേർന്നു.

തുടർന്ന് മികച്ച കലാകാരന്മാർ അണിനിരന്ന കലാവിരുന്ന് അരങ്ങേറി. ഓണത്തോട് അനുബന്ധിച്ചുള്ള സംഘനൃത്തമായ തിരുവാതിരകളിയിൽ രേഷ്മ വിനോദിന്റെ നേതൃത്വത്തിൽ ഇരുപതോളം കലാകാരികൾ പങ്കെടുത്തു. കേരളത്തിന്റെ തനത് കലാരൂപങ്ങളായ കഥകളി, മാർഗംകളി, ഒപ്പന എന്നിവയും അവതരിപ്പിക്കപ്പെട്ടു. ടെക്സാസിന്റെ അതിരുകടന്നെത്തി കഥകളി അവതരിപ്പിച്ച ഡോക്ടർ അർച്ചന നായർ, ക്രിസ്റ്റൽ ടെന്നിസ്സൺ എന്നിവർ പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. ദിയ അനിൽ അവതരിപ്പിച്ച തെയ്യവും മനോഹര മൂർത്തങ്ങൾ ഒരുക്കി.

ഓണച്ചമയം പുത്തൻ അനുഭവമായി.കേരളത്തിന്റെ തനത് നൃത്തരൂപമായ മോഹിനിയാട്ടം മറ്റ് ഭാരതീയ ശാസ്ത്രീയ നൃത്ത രൂപങ്ങളായ ഭരതനാട്യം, കുച്ചുപ്പുടി അർദ്ധ ശാസ്ത്രീയ നൃത്തരൂപങ്ങൾ എന്നിവയും കൊണ്ട് സമ്പന്നമായിരുന്നു വേദി. 42 കലാപരിപാടികളിലായി ഇരുന്നൂറോളം കലാകാരന്മാർ പങ്കെടുത്തു.




ഹൂസ്റ്റണിലെ കായിക മേഖലയിൽ നൽകിയ മികച്ച സംഭാവനകൾക്ക് മാഗ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി റജി ജോണിനെ ആദരിച്ചു. ഒപ്പം മെഡൽ ഓഫ് വാലർ നേടിയ ക്യാപ്റ്റൻ മനോജ് പൂപ്പാറയിലിനെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി.മാഗിന്റെ എല്ലാ

പരിപാടികളുടെയും നെടുംതൂണ് സ്പോൺസേർസ് ആണ്. പ്രധാന സ്പോൺസർമാരായ ജെയിംസ് ഓലൂട്ട് നാഷണൽ റിയൽറ്റി, ഡ്യൂ. നവീൻ പതിയിൽ ആർക്കോള ദന്തൽ, ഡ്യൂ. ജോഗി കെ ജോർജ് ടെക്സസ് ഹാർട്ട് ആൻഡ് വാസ്ക്കുലർ, സുരേഷ് അപ്നാ ബസാർ, ഉമ്മൻ തോമസ് റോയൽ ട്രാവൽസ്, സജി വൈസർ സ്കൈ ട്രാവൽസ്, സന്ദീപ് ഈശോ പെറി ഹോംസ്, ജോൺ ബാബു ജെജെബി സിപിഎ ഗ്രൂപ്പ്, സോണി ജോസഫ് സിപിഎ, രാജേഷ് വർഗീസ് ആർ വിഎസ് ഇൻഷുറൻസ് എന്നിവർക്ക് പ്രത്യേക ഉപഹാരങ്ങൾ നൽകി ആദരിച്ചു.

പരിപാടികൾ വിജയകരമായി കോർത്തിണക്കി പ്രോഗ്രാം കോഡിനേറ്റർരേഷ്മ വിനോദ് വിസ്മയകരമായ നേതൃത്വം നൽകി. വിഘ്നേഷ് ശിവൻ മികച്ച പിൻബലം നൽകി. ആൻസി ക്രിസ്, മിഖായേൽ ജോയ് (മിക്കി), സജി പുല്ലാട്, അനിൽ ജനാർദ്ദനൻ എന്നിവരുടെ അവതരണം പരിപാടിയുടെ വിജയത്തിനായി സഹായിച്ചു.

വയനാട് മുണ്ടക്കൈ ചൂരൽ മലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട ഷഹീദിനും കുടുംബത്തിനും വയനാട് പുൽപ്പള്ളിയിൽ ഏഴര ലക്ഷം രൂപ ചിലവിൽ വീട് ഒരുങ്ങുന്നതായി ഭാരവാഹികൾ അറിയിച്ചു. വീടുപണി നവംബറിൽ പൂർത്തിയാകും.

നൂപുര സ്കൂൾ ഓഫ് ഡാൻസ്, സ്പാർക്ക്, സിനി മുദ്രാ സ്കൂൾ ഓഫ് ആർട്സ്, റിഥം ഇന്ത്യ എന്നീ ഡാൻസ് സ്കൂളുകളുടെ നൂറുകണക്കിന് കുട്ടികൾ വിവിധ കലാപരിപാടികളിൽ പങ്കെടുത്തു. ഹൂസ്റ്റണിലെ മികച്ച ഗായകരുടെ ഗാനങ്ങളും ആസ്വാദ്യകരമായി. അത്തപ്പൂക്കളവും ഒരുക്കിയിരുന്നു.

38 വർഷങ്ങൾക്കു മുൻപ്











ഈ വലിയ പ്രസ്ഥാനത്തിന് അടിത്തറ പാകിയ പ്രിയപ്പെട്ടവരെ വേദിയിൽ പൊന്നാടയണിയിച്ച് ആദരിച്ചത് വൈകാരിക മുഹൂർത്തങ്ങൾക്ക് കാരണമായി. വേദി ഒരു സംഗമഭൂമിയായി. പലരുടെയും കണ്ണുകൾ ഈറൻ അണിയുന്നത് കാണാമായിരുന്നു.

അമേരിക്കയിലെ നോർക്ക അഫലിയേറ്റഡ് ആയിട്ടുള്ള രണ്ടാമത്തെ അസോസിയേഷൻ ആയി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ തെരഞ്ഞെടുക്കപ്പെട്ടു.സുബിൻ കുമാരൻ സർട്ടിഫിക്കറ്റ് മാഗ് ഭാരവാഹികൾക്ക് കൈമാറി.

മികച്ച കർഷകർക്ക് വേണ്ടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ആയി ക്യാഷ് അവാർഡുകളും ഫലകങ്ങളും സമ്മാനിച്ചു. പഞ്ചഗുസ്തി മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. ട്രഷറർ സുജിത്ത് ചാക്കോ നന്ദി രേഖപ്പെടുത്തി.

രാവിലെ മുതൽ ഒഴുകിയെത്തിയ ജനങ്ങൾക്കായി പരമ്പരാഗതമായ രീതിയിൽ ഒരുക്കിയ ഓണസദ്യയും വിളമ്പി. ആയിരക്കണക്കിനാളുകളാണ് അതിൽ പങ്കെടുത്തത്. അപ്നാ ബസാർ ആയിരുന്നു ഓണസദ്യ ഒരുക്കിയത്.

മാത്യൂസ് ചാണ്ടപിള്ള, ക്രിസ്റ്റഫർ ജോർജ്, സുനിൽകുമാർ തങ്കപ്പൻ, ജോസഫ് കുനതാൻ ( തങ്കച്ചൻ ), വിഘ്നേഷ് ശിവൻ, അലക്സ് മാത്യു, പ്രബിത് മോൻ വെള്ളിയാൻ, റീനു വർഗീസ്, മിഖായേൽ ജോയ് (മിക്കി), ബിജോയ് തോമസ്, ജോൺ ഡബ്ലിയു വർഗീസ്, മോൻസി കുര്യാക്കോസ് എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

മുപ്പതോളം വരുന്ന സ്പോൺസർസ്, വിശിഷ്ട അതിഥികൾ, വിവിധ ഡാൻസ് സ്കൂളുകൾ, വിവിധ പരിപാടികളിൽ പങ്കെടുത്ത പ്രിയപ്പെട്ട കലാകാരന്മാർ, സദ്യ വിളമ്പിയ സുഹൃത്തുക്കൾ, സെന്റ് ജോസഫ് ഹാളിന്റെ മാനേജർ ജീടോം, ജോർജ്, ഡിജിറ്റൽ മീഡിയ വിംഗ് ജോസഫ് കൂനതാൻ (തങ്കച്ചൻ), വിഘ്നേഷ് ശിവൻ, ക്രിസ് ജോർജ്, മികച്ച വീഡിയോഗ്രാഫിയും ഫോട്ടോഗ്രാഫിയും ചെയ്ത ജോർജ് ഫ്ലവേഴ്സ്, രഞ്ജിത്ത് എന്നിവർക്കും ഓണാഘോഷത്തെ മികവുറ്റതാക്കുവാൻ പ്രവർത്തിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നതായി സംഘാടകർ അറിയിച്ചു.










India Press Club of North America
IPCNA
India Press Club of North America
SHERATON
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# ഡാലസ് മലയാളി അസോസിയേഷന്റെ ഓണാഘോഷം അവിസ്മരണീയമായി




**ബിനോയി സെബാസ്റ്റ്യൻ**

ഡാലസ് ന്ന വൈവിധ്യമായ ക്ഷേത്രകലാ പാരമ്പര്യ ആചാരങ്ങളോടെ ഡാലസ് മലയാളി അസോസിയേഷൻ സംഘടിപ്പിച്ച ഓണാഘോഷം അവിസ്മരണീയമായി. നുറുകണക്കിനു മലയാളികൾ സജീവമായി പങ്കെടുത്ത ആഘോഷം കരോൾട്ടൻ സിറ്റി മേയർ സ്റ്റീവ് ബാബിക് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ പ്രസിഡന്റ് ജൂഡി ജോസ് സ്വാഗതം പറഞ്ഞു. വിദേശരാജ്യങ്ങളിലെ ആകർഷകവും ഹൃദ്യവുമായ വിഭിന്ന സാസ്ക്കാരങ്ങളെ അമേരിക്കൻ ജനത എന്നും താല്പര്യപൂർവ്വം സ്വീകരിക്കുമെന്ന് മേയർ സ്റ്റീവ് അഭിപ്രായപ്പെട്ടു. സുനി ലിൻഡ ഫിലിപ്പ് മേയറെ സദസിനു പരിചയപ്പെടുത്തി.

നോർത്ത് ടെക്സസിലെ മലയാളി കുടുംബങ്ങൾക്കൊപ്പം കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അഞ്ച് അഗതിമന്ദിരങ്ങളിലെ ആയിരത്തിലഞ്ഞുറിലധികം വരുന്ന അഗതികളോടൊപ്പം ഡാലസ് മലയാളി അസോസിയേഷൻ ഓണം ആഘോഷിക്കുമ്പോൾ തികഞ്ഞ ചാരിതാർഥ്യമുണ്ടെന്ന് ജൂഡി ജോസ് പറഞ്ഞു.

ടെക്സസിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകയും ഇൻഡോ അമേരിക്കൻ നഴ്സസ് അസോസിയേഷൻ സ്ഥാപകനേതാവും ജീവകാരുണ്യപ്രവർത്തകയുമായ എലിക്കുട്ടി ഫ്രാൻസിസിനെ മേയർ പൊന്നാടയണിച്ച് ഫലകം നൽകിയാദരിച്ചു.

ഫോമ മുൻ പ്രസിഡന്റ് ഫിലിപ്പ് ചാമത്തിൽ, അസോസിയേ







ഷൻ ട്രസ്റ്റ് ബോർഡ് ചെയർമാൻ ബിനോയി സെബസ്റ്റ്യൻ, ഫോമ സതേൺ റീജൻ വൈസ് പ്രസിഡന്റ് ബിജു തോമസ്, മുൻ പ്രസിഡന്റ് സാം മത്തായി, സാംസ്കാരിക പ്രവർത്തകനായ ജോജോ കോട്ടാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.


കലാപരിപാടികളുടെ ഭാഗമായി നിയ ചേരിപാറക്കൽ അവതരിച്ച മോഹിനിയാട്ടം ഹൃദ്യമായി. പ്രശസ്ത നർത്തകിയും അവതാരികയുമായ ജ്യോതിയും സംഘാംഗങ്ങളും അവതരിപ്പിച്ച തിരുവാതിരയും ഫോക് ഡാൻസും ആകർഷകമായി. ഡാലസ് വാദ്യ കലാകേന്ദ്രം ഒരുക്കിയ വാദ്യമേളം, ബിജുവും ടിൻറു ഡോറും സംഘാംഗങ്ങളും അവതരിപ്പിച്ച സംഗീതമേള, യുവാക്കൾ നിറഞ്ഞാടിയ മാർഗംകളി തുടങ്ങിയ കലാപരിപാടികളും ശ്രദ്ധനേടി.

ചടങ്ങിൽ ഐറിൻ കല്ലൂർ അവതാരകയായിരുന്നു. വിനോദ് കോണ്ടണ്ടൂർ നന്ദി പറഞ്ഞു. ഡക്സ്റ്റർ ഫേരേര, രഷ്മ രഞ്ജിത്ത്, സൈജു വർഗീസ്, ഷാജി അലപ്പാട്ട്, മനോജ് മഠത്തിൽ, ശ്രീനാഥ് ഗോപാലകൃഷ്ണൻ, അബീഷ്, സുനു ആൻറണി, മധു, ജോഷി, ബിനോ കല്ലങ്കൽ, സിൻജോ തോമസ് പ്രവീൺ, ജോഫിൻ, തുടങ്ങിയവർ അമ്പതംഗ ആഘോഷ സംഘാടകസമിതിക്കു നേതൃത്വം നൽകി.



# SPECTRUM AUTO

*Exceeding Perfection*




## CERTIFIED COLLISION CENTER

TESLA APPROVED COLLISION CENTER

GOLD CLASS I-CAR

PLATINUM I-CAR

5.0 average rating

OEM CERTIFICATIONS

HONDA CERTIFIED · HYUNDAI CERTIFIED COLLISION REPAIR CENTER · RAM · INFINITI · ACURA CERTIFIED · CHRYSLER · DODGE

Jeep · KIA · FIAT · NISSAN · GT-R CERTIFIED COLLISION REPAIR PROVIDER · FORD CERTIFIED COLLISION NETWORK · GENESIS · gm COLLISION REPAIR NETWORK

SCAN ME

845 348 7777 | SPECTRUMAUTOINC.COM

175 SOUTH ROUTE 303, WEST NYACK, NY 10994

# നായർ ബനവലന്റ് അസോസിയേഷന്റെ ഓണാഘോഷം വർണ്ണാഭമായി




ന്യൂയോർക്ക്: നായർ ബനവലന്റ് അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം വർണ്ണാഭമായി. സെപ്തംബർ 7 ഞായറാഴ്ച ക്വീൻസിലെ ഗ്ലെൻ ഓക്സിലുള്ള ജ.ട.115 ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെ 11 മണി മുതൽ വൈകീട്ട് 6:00 മണി വരെയായിരുന്നു വളരെ വിപുലമായ രീതിയിൽ രണ്ട് സെഷനുകളായിട്ടാണ് ആഘോഷം സംഘടിപ്പിച്ചത്.

താലപ്പൊലിയുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ വേദിയിലേക്ക് എതിരേറ്റ് ആനയിച്ചു. പ്രഥമ വനിത വത്സ കൃഷ്ണ, പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ, കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈൻ, ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ, വനിത ഫോറം ചെയർ രാധാമണി നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ആദ്യത്തെ സെഷൻ ആരംഭിച്ചു. ശബരീനാഥ് നായർ പ്രാർത്ഥനാഗാനം ആലപിച്ചു.

ജോയിന്റ് സെക്രട്ടറി രത്നമ്മ നായർ സ്വാഗതം ആശംസിക്കുകയും ഓണാശംസകൾ നേരുകയും ചെയ്തു. പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ ഏവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേരുകയും അസോസിയേഷനിൽ ചേർന്ന പുതിയ അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

ഓണാഘോഷത്തിൽ പങ്കെടുക്കാനെത്തിയ സഹോദര സംഘടനകളായ മഹിമ, എസ്.എൻ.എ., മറ്റു മലയാളി അസോസിയേഷനുകളുടെ ഭാരവാഹി



കൾക്ക് പ്രസിഡന്റ് പ്രത്യേകം നന്ദി പറഞ്ഞു.

വിശിഷ്ടാതിഥിയായി ഓൺലൈനിലൂടെ ഓണസന്ദേശം നൽകിയ ഡോ. ലതാ ചന്ദ്രൻ എൻ.ബി.എ.യുടെ മുൻ പ്രസിഡന്റുമാണ്. താനും കുടുംബവും ഫ്ലോറിഡയിലേക്ക് താമസം മാറിയെങ്കിലും ഇന്നും മനസ്സുകൊണ്ട് എൻ.ബി.എ. കുടുംബാംഗങ്ങളോടൊപ്പമാണെന്ന് ഓണസന്ദേശം നൽകിക്കൊണ്ട് ഡോ ലത പറഞ്ഞു. ചിത്രജാ ചന്ദ്രമോഹൻ വിശിഷ്ടാതിഥിയെ സദസ്സിനു പരിചയപ്പെടുത്തി.

മുഖ്യാതിഥിയായ കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈനെ കോശി ഒ തോമസ് പരിചയപ്പെടുത്തി. കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈൻ, ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ സാധിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുകയും എല്ലാവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

തുടർന്ന് ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ വാമന ജയന്തിയും ഓണവുമായിട്ടെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിച്ചു. മഹാവിഷ്ണുവിന്റെ അവതാരമായ വാമനന്റെ ജന്മനക്ഷത്രം ആണ് ഓണം. ബഹുമാനത്തോടെ പറയുന്ന നക്ഷത്രങ്ങളുടെ കൂടെ തിരു അല്ലെങ്കിൽ തൃ ചേർത്തു പറയുന്നതാണ് തിരുവോണം എന്നും പറഞ്ഞു. യുവതലമുറയെ പ്രതിനിധാനം ചെയ്ത് രേവതി രാമാനുജൻ ഓണസന്ദേശം നൽകി.

അപ്പുക്കുട്ടൻ പിള്ള മഹാബലിയായി വേഷമിട്ടു. 51-ാം വർഷവും വിവിധ വേദികളിൽ തുടർച്ചയായി മഹാബലി വേഷം കെട്ടുന്ന, ഗിന്നസ് ബുക്കിൽ പേരുവരാൻ പോകുന്ന അപ്പുക്കുട്ടൻ പിള്ള ഓണ സന്ദേശം നൽകുകയും പ്രജകളെ അനുഗ്രഹിക്കുകയും ചെയ്തു. അസോസിയേഷനിലെ പെൺകുട്ടികൾ ഊർമ്മിള റാണി നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച തിരുവാതിര






കാണികളുടെ മനം കവർന്നു.

അംഗങ്ങൾ സ്വവസതിയിൽ വച്ച് പാചകം ചെയ്തു കൊണ്ടുവന്ന് തൂശനിലയിട്ടു വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യ വളരെ ഹൃദ്യമായി. സദ്യ ഒരുക്കുന്നതിന് നേതൃത്വം നൽകിയ സുശീലാമ്മ പിള്ളയുടെ സേവനം അഭിനന്ദനീയമാണ്.



സദ്യക്കുശേഷം രണ്ടാം സെഷൻ ആരംഭിച്ചു. കലാപരിപാടികൾ നിയന്ത്രിച്ചത് ഊർമ്മിള റാണി നായർ ആയിരുന്നു. രേവതി രാമാനുജനും വത്സ കൃഷ്ണയും ചേർന്ന് എം.സി.യുടെ കർത്തവ്യം മനോഹരമാക്കി.

നൂപുര ആർട്സിലെ ലക്ഷ്മി നായരുടെ ശിക്ഷണത്തിൽ പഠിച്ചു വന്ന കുട്ടികളുടെ അരമണിക്കൂർ നീണ്ടുനിന്ന സംഘ-നൃത്ത-നാടകം, ലതിക ഉണ്ണിയുടെ ശിക്ഷണത്തിൽ വന്ന കുട്ടികളുടെ നൃത്തനൃത്യങ്ങളും ഒന്നിനൊന്നു മികച്ചുനിന്നു.

നൂപുരാ ഡാൻസ് സ്കൂളിലെ ഗുരു രവീന്ദ്രനാഥ് കുറുപ്പ് (പ്രശസ്ത കവി പരേതനായ ഒ.എൻ.വി. കുറുപ്പിന്റെ സഹോദര പുത്രനാണ്), നൃത്താധ്യാപികമാരായ ചന്ദ്രികാ കുറുപ്പ്, ലക്ഷ്മി കുറുപ്പ് എന്നിവരെ വേദിയിൽ വച്ച് ആദരിക്കുകയും സദസ്സിലുള്ള എല്ലാവരും സ്റ്റാൻഡിംഗ് ഒവേഷൻ നൽകുകയും ഉണ്ടായി.

ശബരീനാഥ് നായർ, രവി നായർ, പ്രേം കൃഷ്ണ, ഹിമാ നായർ എന്നിവർ മനോഹരങ്ങളായ ഗാനങ്ങൾ ആലപിച്ചപ്പോൾ കുന്നപ്പള്ളിൽ രാജഗോപാൽ, രാധാമണി നായർ എന്നിവർ കവിതകൾ ആലപിച്ചു. രേവതി രാമാനുജനും ഭർത്താവ് മനു രാഘവനും ചേർന്ന് ആലപിച്ച ശാസ്ത്രീയസംഗീതം ഏവരെയും ഹഠാദാകർഷിച്ചു. ഓണാഘോഷത്തിനു മാറ്റു കൂട്ടാൻ ക്ഷണിക്കപ്പെട്ട അതിഥിയായെത്തിയ കഥാകൃത്തും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവും മിമിക്രി കലാകാരനു



മായ സുനീഷ് വാരനാട് തനിക്കു കിട്ടിയ സമയം തന്റെ സ്വതസിദ്ധമായ ശൈലിയിൽ നാടൻ പാട്ടു പാടിയും അനുകരണകലയിലൂടെയും സദസ്സിന്റെ മനം കവർന്നു.

വൈസ് പ്രസിഡന്റ് ഡോ. ചന്ദ്രമോഹൻ ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

തുടർന്നു നടന്ന റാഫിൾ നറുക്കെടുപ്പിൽ ഡോ. ചന്ദ്രമോഹൻ സ്പോൺസർ ചെയ്ത ഒന്നാം സമ്മാനമായ 58'' ടി.വി., ഗായകനായും ഫോട്ടോഗ്രാഫറായും തിളങ്ങിയ പ്രേംകൃഷ്ണനും, രണ്ടാം സമ്മാനമായ, കുന്നപ്പള്ളിൽ രാജഗോപാൽ സ്പോൺസർ ചെയ്ത സാംസങ് 11'' നോട്ടുബുക്ക് ഉണ്ണിക്കൃഷ്ണ മേനോനും, മൂന്നാം സമ്മാനമായ, സെക്രട്ടറി രഘുവരൻ നായർ സ്പോൺസർ ചെയ്ത സിറ്റിസൺസ് വാച്ച് ന്യൂജേഴ്സിയിൽ നിന്നുള്ള പ്രവീൺ നായർക്കും ലഭിച്ചു.



പതിവുപോലെ വേദി കലാപരമായി അണിയിച്ചൊരുക്കിയത് സുധാകരൻ പിള്ളയും മനോഹരമായ പൂക്കളമിട്ടത് രാകേഷ് നായരും കുടുംബാംഗങ്ങളും ചേർന്നാണ്.

ദേശീയ ഗാനാലാപനത്തോടെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

വാർത്ത: ജയപ്രകാശ് നായർ








# 'അങ്കം അട്ടഹാസ'ത്തിൽ ഡാളസ് മലയാളി കിച്ചു

ട്രിയാനി പ്രൊഡക്ഷൻസിന്റെ ബാനറിൽ സുജിത് എസ് നായർ രചനയും സംവിധാനവും നിർവ്വഹിച്ച് അനിൽകുമാർ ജി, സാമുവൽ മത്തായി എന്നിവർ ചേർന്ന് നിർമ്മിച്ച ഗ്യാംഗ്സ്റ്റർ ഡ്രാമ ത്രില്ലർ ചിത്രം 'അങ്കം അട്ടഹാസ' ത്തിലൂടെ അഭിനയാരങ്ങേറ്റം കുറിച്ചിരിക്കുകയാണ് യു എസ്സിൽ താമസമാക്കിയിരിക്കുന്ന മലയാളിയായ കിച്ചു.

ടെക്സാസിലെ ഡാളസ്സിൽ ബിസിനസ്സുകാരനും ചിത്രത്തിന്റെ നിർമ്മാതാക്കളിലൊരാളുമായ സാമുവൽ മത്തായിയുടെയും മേഴ്സി മത്തായിയുടെയും മകനാണ് പന്ത്രണ്ടാം ക്ളാസ്സുകാരനായ കിച്ചു. ചിത്രത്തിൽ നായികയുടെ അനിയൻ 'ലുക്ക്' എന്ന കഥാപാത്രത്തെയാണ് കിച്ചു അവതരിപ്പിക്കുന്നത്.

യുഎസ്സിലെ മലയാളി അസ്സോസിയേഷന്റെ പ്രോഗ്രാമുകളിലൂടെയും സംഘാടനത്തിലൂടെയും കിച്ചു വളരെ സജീവമാണ്. കാമ്പും കഴമ്പുമുള്ള കഥാപാത്രങ്ങളിലൂടെ പ്രേക്ഷക മനസ്സുകളിൽ ഇടം പിടിക്കണമെന്നാണ് കിച്ചുവിന്റെ മോഹം.

തലസ്ഥാനത്തെ ഗുണ്ടാ കുടിപ്പകയുടെ കഥ പറയുന്ന അങ്കം അട്ടഹാസം ഉടൻ പ്രദർശനത്തിനെത്തും.

ചിത്രത്തിന്റെ പി ആർ ഓ അജയ് തുണ്ടത്തിലാണ്.



# ഡാലസ് ക്നാനായ കത്തോലിക്കാ അസോസിയേഷൻ (KCADFW) ഓണാഘോഷം ഓണം 25 പ്രൗഢ ഗംഭീരമായി

**പി പി ചെറിയാൻ**

ഡാലസ്: ക്നാനായാ കത്തോലിക്കാ അസോസിയേഷൻ ഓഫ് ഡാലസ്ഫോർത്ത്വർത്ത് (KCADFW) ഓണം' 2025 കേരളീയ സാംസ്കാരിക മികവവോടെ ഗംഭീരമായി ആഘോഷിച്ചു. ക്രൈസ്റ്റ് ദി കിംഗ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ക്നായ്തോമ്മൻ ഹാളിൽ നടന്ന ചടങ്ങ് വൈകിട്ട് 6:30ന് മഹാബലിയുടെയും താലപ്പൊലിയേന്തിയ മഹിളാമണികളുടയും ചെണ്ടമേളവും ചുണ്ടൻ വള്ളവും അണിനിരത്തിയ സാംസ്കാരിക ഘോഷയാത്രയോടെ വിശിടാതിഥികളെ വരവേറ്റു .

പ്രധാനാതിഥിയായി പങ്കെടുത്തത് എൽദോസ് മാത്യു പുന്നൂസ് IFS , ഇന്ത്യയുടെ ഐക്യരാഷ്ട്രസഭാ സ്ഥിരം മിഷനിലെ കൗൺസിലർ. മറ്റു മുഖ്യാതിഥികളായി സിനിമാ കലാകാരൻ ജോസുകുട്ടി വലിയകല്ലുങ്കൽ, കെ.സി.സി.എൻ.എ. ട്രഷറർ ജോജോ തറയിൽ, ക്രൈസ്റ്റ് ദി കിംഗ് പാരീഷ് വികാരി റെവ.ഫാ. എബ്രഹാം കള രിക്കൽ എന്നിവർ പങ്കെടുത്തു.

KCADFW പ്രസിഡണ്ട് ബൈജു അലാപ്പാട്ട് സ്വാഗത പ്രസംഗം





നടത്തി. 13 ഇവന്റ് സ്പോൺസർമാരുടെയും 7 മത്സരം സമ്മാന സ്പോൺസർമാരുടെയും മഹത്തായ പിന്തുണ അദ്ദേഹം നന്ദിയോടെ ഓർത്തു. മുഖ്യാതിഥി എൽദോസ് ഹൃദയസ്പർശിയായ ഓണ സന്ദേശം നൽകി. തുടർന്ന് ജോസുകുട്ടി വലിയകല്ലുങ്കൽ, ജോജോ തറയിൽ, റെവ.ഫാ. എബ്രഹാം കളരിക്കൽ എന്നിവർ ആശംസകളും പങ്കുവച്ചു. ചിക്കാഗോയിലിക്ക് സ്ഥലം മാറി പോകുന്ന റെവ. ഫാ. അബ്രഹാം കളരിക്കലിനും വീശിഷ്ടതിഥികൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റീ മോമെന്റോ സമ്മാനിച്ചു.

പരിപാടിയുടെ പ്രധാന ആകർഷണമായിരുന്നു പ്രശസ്ത കോമഡി താരവും സിനിമാ കലാകാരനുമായ ജോബി പാലയുടെ മനോഹരമായ ഹാസ്യപ്രകടനം, ഇത് മുഴുവൻ പ്രേക്ഷകരെയും ആകർഷിച്ചു.

സാംസ്കാരിക പരിപാടികൾക്ക് ശേഷം, 650-ത്തിലധികം ആളുകൾ പങ്കെടുത്തവർക്ക് 17 വിഭവങ്ങളുള്ള സമ്പ്രദായിക ഓണസദ്യ, അടക്കം പായസം, കേരളീയ സൽക്കാരത്തിന്റെ നിറവിൽ വിളമ്പി.

പ്രധാന പരിപാടികൾക്ക് സമാപനം കുറിച്ചത് ഗജഅജ എണ സെക്രട്ടറി ബിനോയ് പുതേൻമാടത്തിൽ അവതരിപ്പിച്ച നന്ദിപ്രസംഗത്തിലൂടെയായിരുന്നു. റൈന കരക്കാട്ടിലും ആൽബർട്ട് പുഴക്കാരോട്ടും എംസിമാരായി വേദി മനോഹരമായി കൈകാര്യം ചെയ്തു.

ചടങ്ങുകൾ വിജയകരമായി സംഘടിപ്പിച്ചത് ബോർഡ് ഡയറക്ടർസിന്റെ നേതൃത്വത്തിൽ മുഴുവൻ KCADFW എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നാണ്. പ്രസിഡന്റ് ബൈജു പുന്നൂസ് അലാപ്പാട്ട്, വൈസ് പ്രസിഡൻഡ് ജോബി പഴുക്കായിൽ,ജോയിൻറ് സെക്രട്ടറി അജീഷ് മുളവിനാൽ ,ട്രഷറർ ഷോൺ ഏലൂർ , നാഷണൽ കൗൺസിൽ മെംബേർസ് ബിബിൻ വില്ലൂത്തറ,ജിജി കുന്നശ്ശേരിയിൽ ,സേവ്യർ ചിറയിൽ ,Dr. സ്റ്റീഫൻ പോട്ടൂർ, സിൽവെസ്റ്റർ കോടുന്നിനാം കുന്നേൽ ,ലൂസി തറയിൽ,തങ്കച്ചൻ കിഴക്കെ





പുറത്തു ,സുജിത് വിശാഖംത റ, കെവിൻ പല്ലാട്ടുമഠം വിമെൻ സ് ഫോറം പ്രസിഡന്റ് ലിബി എരിക്കാട്ടുപറമ്പിൽ ,യുവജന വേദി പ്രസിഡന്റ് റോണി പതി നാറുപറയിൽ KCYL പ്രസിഡന്റ് ജെയിംസ് പറമ്പേട്ട് . KCADFW വിമൻസ് ഫോറം , KCYL, കിഡ് സ് ക്ലബ് എന്നീ ഘടകങ്ങളും അനവധി വോളണ്ടിയർമാരും പരിപാടിയുടെ വിജയത്തിൽ നിർണായക പങ്ക് വഹിച്ചു.

ഓണാഘോഷത്തിന്റെ ഭാഗ മായി, KCADFW-യുടെ വാർഷി ക സാംസ്കാരിക മത്സരങ്ങളും ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 6 വരെ രണ്ട് വാരാന്ത്യങ്ങളിലാ യി നടന്നു. 32 മത്സരങ്ങളിൽ 400-ത്തിലധികം മത്സരാർത്ഥി കൾ പങ്കെടുത്തത് കമ്മ്യൂണിറ്റി യിലെ കഴിവുകൾ തെളിയിച്ചു. ഈ മത്സരങ്ങൾ ടീന കുഴി പ്പിൽ, മായ അമ്പാട്ട്, ജെയിം സ് കാരിങ്ങണാട്ട് എന്നിവരുടെ നേതൃത്വത്തിലുള്ള സാംസ്കാ രിക സമിതി, മുൻ സെക്രട്ടറി ജിസ് കലപുരയിൽയുടെ പി ന്തുണയോടെ വിജയകരമായി സംഘടിപ്പിച്ചു.

ഈ വർഷത്തെ ഓണാഘോ ഷം, അതിന്റെ ഭംഗിയിലും വലിപ്പത്തിലും മാത്രമല്ല, ഐ ക്യവും സൗഹൃദവും സാംസ് കാരിക അഭിമാനവും നിറഞ്ഞ തായിത്തീർന്നു.




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# 26ാമത് 56 ഇന്റർനാഷണൽ ടൂർണമെന്റിന് സെയിന്റ് ലൂയിസിൽ കേളികൊട്ടുയരുന്നു

സെയിന്റ് ലൂയിസ് : സെപ്റ്റംബർ 19, 20, 21 (വെള്ളി ശനി ഞായർ) തീയതികളിൽ സെയിന്റ് ലൂയിസിൽ വെച്ചു (727 Weidman Rd, Manchester, MO) നടത്തപ്പെടുന്ന, 26-ാമത് 56 ഇന്റർനാഷണലിന്റെയും, സെന്റ് ലൂയിസ് 56 ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നതായി 56 ഇന്റർനാഷണൽ ടൂർണമെന്റിന്റെ നാഷണൽ എക്സിക്യൂട്ടീവ് കോർഡിനേറ്റേഴ്സ് അറിയിച്ചു.

ഏകദേശം 90 ഇൽ പരം ടീമുകൾ മാറ്റുരക്കുന്ന ഈ വാശിയേറിയ മത്സരത്തിന്റെ ഓൺലൈൻ രെജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ടൂർണമെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ https://www.56international.com എന്ന വെബ്സൈറ്റിൽ പേര് രജിഷ്ടർ ചെയ്യാവുന്നതാണ്.

സെപ്റ്റംബർ 19 -ാം തീയതി രാവിലെ 11.00 മണിക്ക് രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കും. ആദ്യം രജിസ്ട്രേഷനും, തുടർന്ന് ദേശീയ സമതി യോഗവും ജനറൽ ബോഡിയും, അതിനെ തുടർന്ന് ഉദ്ഘാടനവും നടക്കും. ആദ്യ മത്സരം വൈകുന്നേരം കൃത്യം 4.00 മണിക്ക് ആരംഭിക്കും. അതിനനുസരിച്ചാവണം നിങ്ങളുടെ യാത്രാ



പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

സെപ്റ്റംബർ 18 വ്യാഴാഴ്ച വൈകുന്നേരം മികച്ച പരിശീലന ഗെയിമുകൾ ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ കഴിവതും വ്യാഴാഴ്ച എത്തിച്ചേരുവാൻ എല്ലാവരെയും സ്വാഗതം ചെയുന്നു. വ്യാഴാഴ്ച എത്തിച്ചേരുന്നവർക്ക് ഭക്ഷണ പാനീയങ്ങൾ ഒരുക്കുന്നതാണ് .

200 ഡോളർ വീതമാണ് ഒരാൾക്ക് ടൂർണമെന്റ് രജിസ്ട്രേഷൻ ഫീസ്.

താമസസൗകര്യത്തിനായി സംഘാടകർ ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടലുമായി നെഗോഷിയേറ്റ് ചെയ്തുറപ്പിച്ച ഡീൽ ഉപയോഗപ്പെടുത്താവുന്നതാണ്. അതിനായി ബന്ധപ്പെടേണ്ട ഹോട്ടൽ (DoubleTree by Hilton Hotel - Westport, 1943 Craigshire Drive, St. Louis, MO 63146. https://www.hilton.com/en/book/reservation/rooms/?ctyhocn=STLWPDT&arrivalDate=2025-09-18&departureDate=2025-09-21&groupCode=CDT56C&room1NumAdults=1&cid=OM%2CWW%2CHILTONLINK%2CEN%2CDirectLink) സെയിന്റ്ലൂയിസ് (STL) എയർപോർട്ടിൽ നിന്ന് ഹോട്ടലിന്റെ കോംപ്ലിമെന്ററി ഷട്ടിൽ സർവീസ് ഉണ്ടായിരിക്കുന്നതാണ്. ഹോട്ടലിൽനിന്നും ഇവന്റ് സെന്ററിലേക്ക് സംഘാടകർ ഒരുക്കുന്ന ഷട്ടിൽ സർവീസും ഉണ്ടായിരിക്കുന്നതാണ്.

വിജയികളാകുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി ജോയ് മുണ്ടപ്ലാക്കിൽ മെമ്മോറിയൽ: മൂവായിരം ഡോളർ, രണ്ടാം സമ്മാനമായി ഡോ. സജി ജേക്കബ്ബ് വഞ്ചിപ്പുരക്കൽ സ്പോൺസർ ചെയ്യുന്ന രണ്ടായിരത്തി ഒരുനൂറ് ഡോളർ, മൂന്നാം സമ്മാനമായി ഡോ. റൂത്ത് & മത്തായി ചാക്കോ സ്പോൺസർ ചെയ്യുന്ന ആയിരത്തിഅഞ്ഞൂറ് ഡോളർ, നാലാം സമ്മാനമായി സ്റ്റിജി & സുനി ജോർജ് സ്പോൺസർ ചെയ്യുന്ന ആയിരത്തി ഇരുനൂറ് ഡോളർ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: (https://www.56international.com)

മാത്യു ചെരുവിൽ ( ചെയർമാൻ) (586) 2066164, എൽദോ ജോൺ (ഇവന്റ് മാനേജർ)

+1 (314) 3241051, കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ) 1 (630) 6649405

ആൽവിൻ ഷുക്കൂർ (സെക്രട്ടറി) (630) 3034785

നാഷണൽ കോർഡിനേറ്റർസ് : സാബു സ്കറിയ: 267 980 7923, രാജൻ മാത്യു (469) 8552733, സാം മാത്യു (416) 8935862, നിതിൻ ഈപ്പൻ +1 (203) 2988096, ബിനോയ് ശങ്കരാത്ത് (ഐറ്റി കോഓർഡിനേറ്റർ) +1 (703) 9811268

രാജു ശങ്കരത്തിൽ





# ഒരിക്കൽ പരിഹസിക്കപ്പെട്ടവർ ജെൻ സികൾ; കലാപത്തിനിടെ കൊള്ളയും ജയിൽ ചാട്ടവും

emalayalee.com

എ.എസ് ശ്രീകുമാർ

കൊടിയ അഴിമതി അവസാനിപ്പിക്കണമെന്നും സമൂഹ മാധ്യമങ്ങൾക്കുള്ള നിരോധനം സർക്കാർ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് നേപ്പാളിൽ ജെൻ സി നയിക്കുന്ന വൻ പ്രതിഷേധം അതിന്റെ അന്തിമ ഫലത്തിലേയ്ക്ക് അടുത്തു കൊണ്ടിരിക്കെ സൈന്യം നേപ്പാളിൽ സമ്പൂർണ ആധിപത്യം സ്ഥാപിച്ചുതുടങ്ങി. നേപ്പാൾ ഭരണത്തിൽ സമൂലമായ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന് അതിശക്തമായി ആവശ്യപ്പെടുന്ന ജെൻ സി 'പിള്ളേർ' കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി രാഷ്ട്രീയക്കാർ കൊള്ളയടിച്ച സ്വത്തുകളെ കുറിച്ച് അന്വേഷിക്കണമെന്നും ഭരണഘടന മാറ്റിയെഴുതണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ലോകം ഇതുവരെ കാണാത്ത ഒരു സമരമുറയുമായി മുന്നേറുന്ന ജെൻ സിയുടെ പ്രതിഷേധ ജ്വാലയിൽ പ്രധാനമന്ത്രി കെ.പി ശർമ ഒലിയുടെ സർക്കാർ തകർന്ന് വീണുവെന്നതാണ് ശ്രദ്ധേയം.




കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ-യൂണിഫൈഡ് മാർക്സിസ്റ്റ് ലെനിനിസ്റ്റിന്റെ ചെയർമാൻ കൂടിയായ പ്രധാനമന്ത്രി കെ.പി ശർമ ഒലി രാജിവച്ച് മണിക്കൂറുകൾക്കകം പ്രസിഡന്റ് റാം ചന്ദ്ര പൗഡലും സ്ഥാനമൊഴിഞ്ഞു. ഇതോടെ നേപ്പാൾ കൂടുതൽ രാഷ്ട്രീയ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തി. കൂട്ടു കക്ഷിയായ

പീപ്പിൾസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്നുള്ള ജലവിതരണ മന്ത്രി പ്രദീപ് യാദവ് ജനകീയ പ്രക്ഷോഭം അടിച്ചമർത്തിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് രാജിവച്ചു. സർക്കാരിലെ പ്രധാന കൂട്ടുകക്ഷിയായ നേപ്പാളി കോൺഗ്രസിൽ നിന്നുള്ള കൃഷി-മൃഗ ക്ഷേമ മന്ത്രി രാംനാഥ് അധികാരി, ആഭ്യന്തര മന്ത്രി രമേഷ് ലേഖക് എന്നിവർ നേരത്തെ രാജിവച്ചിരുന്നു.

ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, മെസഞ്ചർ, യൂട്യൂബ്, എക്സ്, റെഡ്ഡിറ്റ്, ലിങ്ക്ഡ്ഇൻ, വാട്ട്സ്ആപ്പ്, ഡിസ്കോർഡ്, പിൻട്രെസ്റ്റ്, സിഗ്നൽ, ത്രെഡുകൾ, വീചാറ്റ്, ക്വോറ, ടംബ്ലർ, ക്ലബ്ഹൗസ്, റംബിൾ, ലൈൻ, ഇമോ, ജലോ, സോൾ, ഹംറോ പത്രോ, മി വീഡിയോ, മി വൈക്ക് ത്രീ എന്നിവയുൾപ്പെടെ 26 സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സർക്കാർ നിരോധിച്ചതിനെത്തുടർന്ന് കഴിഞ്ഞയാഴ്ച തലസ്ഥാനത്തെ തെരുവുകളിൽ ആരംഭിച്ച പ്രതിഷേധം അതിവേഗം സർക്കാർ വിരുദ്ധ പ്രക്ഷോഭമായി മാറുകയായിരുന്നു. പ്രതിഷേധം തണുപ്പിക്കാൻ നിരോധനം നീക്കിയെങ്കിലും സമരത്തിന്റെ സ്വഭാവം



സർക്കാരിനെതിരെ തിരിഞ്ഞു. നേപ്പാളിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അഴിമതി ജെൻ സികൾ വിഷയമാക്കുകയും കടുത്ത പ്രക്ഷോഭത്തിലേക്ക് തിരിയുകയുമായിരുന്നു.

പ്രതിഷേധത്തിനിടെ കൊള്ള നടത്തൽ, തീവയ്പ്പ് തുടങ്ങിയ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട 27 പേരെ നേപ്പാൾ സൈന്യം അറസ്റ്റ് ചെയ്തു. കാഠ്മണ്ഡുവിൽ ഗൗസല-ചബഹിൽ-ബൗദ്ധ മേഖലയിൽ നിന്ന് 3.37 ദശലക്ഷം കൊള്ളപ്പണവും തോക്കുകൾ ഉൾപ്പെടെ നിരവധി ആയുധങ്ങളും പിടികൂടി. കാഠ്മണ്ഡുവിൽ നിന്ന് 23 തോക്കുകളും പൊഖാറയിൽ നിന്ന് എട്ട് തോക്കുകളും സൈന്യം പിടിച്ചെടുത്തതായാണ് റിപ്പോർട്ട്. ജെൻ സി വിപ്ലവത്തിനിടെ 1500-ലേറെ തടവുകാർ ജയിൽചാടിയെന്നാണ് റിപ്പോർട്ട്. പലയിടങ്ങളിലും വ്യാപകമായി വ്യാപാരസ്ഥാപനങ്ങളും ബാങ്കും ചിലർ കൊള്ളയടിച്ചെന്നാണ് വിവരം. അതേസമയം, ജെൻ സികൾ നിരവധി ആവശ്യങ്ഹളാണ് മുന്നോട്ട് വയ്ക്കുന്നത്. പൊതുജനവിശ്വാസം നഷ്ടപ്പെട്ടുവെന്ന് പ്രതിഷേധക്കാർ പറയുന്ന നിലവിലെ പ്രതിനിധി സഭ ഉടൻ പിരിച്ചുവിടണമെന്നാണ് അവരുടെ പ്രധാന ആവശ്യം.




പൗരന്മാർ, വിദഗ്ദ്ധർ, യുവാക്കൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ഭരണഘടന ഭേദഗതി ചെയ്യുകയോ പൂർണ്ണമായി മാറ്റിയെഴുതുകയോ ചെയ്യുക, ഇടക്കാല കാലയളവിനുശേഷം പുതിയ തിരഞ്ഞെടുപ്പുകൾ നടത്തുക, അവ സ്വതന്ത്രവും നീതിയുക്തവും നേരിട്ടുള്ള പൊതുജന പങ്കാളിത്തത്തെ അടിസ്ഥാനമാക്കിയുള്ളതുമാണെന്ന് ഉറപ്പാക്കുക, നേരിട്ട് തിരഞ്ഞെടുക്കപ്പെട്ട ഒരു എക്സിക്യൂട്ടീവ് നേതൃത്വത്തിന്റെ സ്ഥാപനം കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി കൊള്ളയടിക്കപ്പെട്ട സ്വത്തു


ക്കളെക്കുറിച്ചുള്ള അന്വേഷണം, അനധികൃത സ്വത്തുക്കൾ ദേശസാൽക്കരിക്കുക, വിദ്യാഭ്യാസം, ആരോഗ്യം, നീതി, സുരക്ഷ, ആശയവിനിമയം എന്നീ അഞ്ച് അടിസ്ഥാന സ്ഥാപനങ്ങളുടെ ഘടനാപരമായ പരിഷ്കരണവും പുനസംഘടനയും എന്നിവയും അവരുടെ ഡിമാന്റിൽ ഉൾപ്പെടുന്നു.

ചൈനയ്ക്കും ഇന്ത്യയ്ക്കും ഇടയിലായി കരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന നേപ്പാൾ ലോകത്തിലെ ഏറ്റവും പുതിയ റിപ്പബ്ലിക്കാണ്. കാരണം 2008-മെയ് 28-നാണ് നേപ്പാൾ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടത്. അതോടെ നേപ്പാൾ മതേതര, ജനാധിപത്യ ഫെഡറൽ റിപ്പബ്ലിക്കാവുകയും 240 വർഷം പഴക്കമുള്ള രാജവംശവും രാജപ്രതാപവും ചരിത്രമായി മാറുകയും ചെയ്തു. രാജവാഴ്ച അവസാനിച്ചതിനു ശേഷം, 17 വർഷത്തിനിടെ 13 സർക്കാരുകളാണ് നേപ്പാളിൽ മാറിമാറി വന്നത്. രാജാക്കന്മാർക്കും പാർട്ടികൾക്കും ഭരണകർത്താക്കൾക്കുമെതിരെ രാജ്യത്ത് പലവട്ടം പ്രതിഷേധ സ്വരങ്ങൾ ഉയർന്നിട്ടുണ്ട്. എന്നാൽ ഇതാദ്യമായാണ് യുവജനങ്ങളുടെ നേതൃത്വത്തിലുള്ള ഒരു വലിയ പ്രക്ഷോഭത്തിന് നേപ്പാൾ വേദിയാവുന്നത്.

എന്നാൽ ജെൻ സികളെന്നറിയപ്പെടുന്ന ഈ പ്രക്ഷോഭകർക്ക് പാർട്ടിയുടെ കൊടിയടയാളമോ പ്രത്യയശാസ്ത്രത്തിന്റെ അകമ്പടിയോ രാഷ്ട്രീയ നിറമോ ഒന്നും തന്നെയില്ല. അവർ ആർക്കും വേണ്ടി മുദ്രാവാക്യം വിളിക്കുന്നവരല്ല. പക്ഷേ ജെൻ സിയുടെ നിലപാടുകൾ ഉറച്ചതാണ്. അവരുടെ ശബ്ദത്തിന് ഇടിമുഴക്കമുണ്ട്, രാഷ്ട്രീയ സമീപനത്തിന് മൂർച്ചയുണ്ട്. ആരാണ് ഈ ജെൻ സികൾ..? 1997-നും 2012-നും ഇടയിൽ ജനിച്ച തലമുറയാണിവർ. ഐ.റ്റി വിപ്ലവത്തിന്റെ ലോകത്ത് പിറന്ന യഥാർത്ഥ ഡിജിറ്റൽ ജനറേഷനാണ് ജെൻ സി. ഇവർ ജനിച്ച കാലം മുതൽ ഇന്റർനെറ്റ്, സ്മാർട്ട് ഫോണുകൾ, സോഷ്യൽ മീഡിയ എന്നിവ അവരുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. പഠനത്തിനും വിനോദത്തിനും ആശയവിനിമയത്തിനുമെല്ലാം അവർ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ ആശ്രയിക്കുന്നു. സാങ്കേതികവിദ്യയിൽ വിദഗ്ധരായ ഇവർ മൾട്ടി-ടാസ്ക്കിംഗ് സ്വഭാവം കാണിക്കുന്നവരാണ്.

''ലോകത്ത് നടക്കുന്നതൊന്നും കാണുകയും കേൾക്കുകയും ചെയ്യാതെ ഏതുനേരവും ഫോണിൽ കുത്തിക്കൊണ്ടിരിക്കുന്നവർ...'' എന്ന് പരിഹസിപ്പെട്ട തലമുറയാണ് ജെൻ സി. എന്നാൽ തങ്ങളെ അപമാനിച്ചവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ ജെൻ സികൾക്ക് അധികം സമയം വേണ്ടി വന്നില്ല. ഒരു പാർട്ടിയുടെയും പിൻബലമില്ലാതെ ഒരു നേതാവിന്റെയും ആഹ്വാനമില്ലാതെ അണിനിരക്കാൻ ഒരു പതാകയുടെ തണലില്ലാതെ അവർ ഒരു രാജ്യത്തിന്റെ തിരുത്തൽ ശക്തികളായി വളർന്ന് അഴിമതിയും കെടുകാര്യസ്ഥതയും കൊള്ളയും കൊലവിളിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ ഭരണസംവിധാനത്തെ മുൾമുനയിൽ നിർത്തിയിരിക്കുന്നു. അങ്ങനെ നിർഗുണരെന്ന് എഴുതിത്തള്ളപ്പെട്ട ജെൻ സി രാജ്യത്തിന്റെ പ്രതീക്ഷയാവുന്നു... ലോകത്തിൽ, അനിവാര്യമായ മാറ്റത്തിന്റെ വേറിട്ട ശബ്ദവും.





# കേരളത്തിലെ കോൺഗ്രസിന് എന്തുപറ്റി..?

ജെയിംസ് കൂടൽ

കോൺഗ്രസ് പാർട്ടിയുടെ പൊതുസ്വഭാവം അതിന്റെ ജനകീയതയാണ്. അഭിപ്രായങ്ങൾ തുറന്നു പറയാനും പിണങ്ങാനും ഇണങ്ങാനും സ്വാതന്ത്ര്യമുള്ള രാഷ്ട്രീയ പാർട്ടികൾ ഇന്ത്യയിൽ വേറെ ഏതുണ്ട് ?. നേതാക്കൾ രണ്ടു സമാന്തര ചേരികളായി നയിച്ചിരുന്ന കോൺഗ്രസ് ഗ്രൂപ്പ് രാഷ്ട്രീയത്തിന് പല പ്രത്യേകതകളുമുണ്ടായിരുന്നു. ഒരു നേതാവിന്റെ നിലപാടിനോടും നയങ്ങളോടും എതിർപ്പുകൾ മറു ചേരിക്കൊപ്പം നിലകൊള്ളും.

രൂക്ഷമായ അഭിപ്രായ ഭിന്നതകളുണ്ടായാൽ പോലും പാർട്ടി വിട്ടു പോകില്ലെന്നതാണ് പ്രധാന കാര്യം.

കെ.കരുണാകരനും എ.കെ ആന്റണിയും കോൺഗ്രസിനെ രണ്ടു ഗ്രൂപ്പുകളായി നയിച്ചതാണ്. അതിന്റെ തുടർച്ച ഉമ്മൻ ചാണ്ടി രമേശ് ചെന്നിത്തല വിഭാഗങ്ങളിലുമുണ്ടായിരുന്നു. ആശയപരമായ വ്യത്യസ്ഥതയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുമൊക്കെ അതിൽ പ്രതിഫലിച്ചിരുന്നുവെങ്കിലും പാർട്ടി വളരുകയേ ഉണ്ടായിരുന്നുള്ളൂ.

കേരളത്തിൽ കോൺഗ്രസ് പ്രസിഡന്റുമാരെ നിയമിക്കുമ്പോൾ അവരുടെ ആരോഗ്യവും പ്രായവുമൊക്കെ നോക്കിയിരുന്നുവെങ്കിൽ പലർക്കും കെ.പി.സി.സി. ഓഫീസ് പരിസരത്തുപോലും എത്താൻ സാധിക്കുമായിരുന്നില്ല. കെ.പി.സി.സി പ്രസിഡന്റുമാർ എപ്പോഴും ജനങ്ങളുടെ മനസിനൊത്തു പ്രവർത്തിക്കേണ്ടവരാണ്.



സമീപകാലത്ത് കെ. സുധാകരനും വി.ഡി. സ

തീശനും മൂന്നാം തലമുറ നേതാക്കളെ മുന്നണിയിൽ നിർത്താൻ ശ്രമിച്ചു. കെ.സുധാകരന്റെ നേതൃത്വത്തിൽ ബൂത്ത് തലത്തിൽ പുന:സംഘടന നടപ്പാക്കി. ജനകീയ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി. സി.പി.എമ്മിന്റെ അധികാരത്തെയും ആക്രമണങ്ങളെയും എതിരിട്ടു നിന്ന നേതാവ് സുധാകരനാണെന്ന് എല്ലാവരും സമ്മതിക്കുന്നു. പിണറായിയും സി.പി.എം ഗുണ്ടകളും ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവിനെ ഭയന്നിട്ടുണ്ടെങ്കിൽ അത് കെ.സുധാകരനാണെന്ന് നിസംശയം പറയാം. പക്ഷെ, കയ്യുംകാലും കെട്ടി അസുഖക്കാരനായി അദ്ദേഹത്തെ അപമാനിച്ചു വിടുകയായിരുന്നു. അദൃശ്യ ശക്തികളുടെ സമ്മർദ്ദത്തിൽ അദ്ദേഹം കെ.പി.സി.സി പ്രസിഡന്റിന്റെ പദവിയിൽ നിന്ന് പിന്മാറേണ്ടി വന്നു. അദ്ദേഹത്തെ മാറ്റിയ നടപടികൾ പാർട്ടി പ്രവർത്തകരെ ആശയക്കുഴപ്പത്തിലാക്കി. എന്തുകൊണ്ട് അദ്ദേഹത്തെ നീക്കി എന്ന് പാർട്ടി പ്രവർത്തകർക്ക് ഇപ്പോഴും മനസിലായിട്ടില്ല. പകരം വന്ന പ്രസിഡന്റ് സണ്ണി ജോസഫിനെ പാർട്ടിയെ പുന:സംഘടിപ്പിക്കുവാൻ അനുവദിക്കുന്നില്ല.

തദ്ദേശ തിരഞ്ഞെടുപ്പിനും അതിനുശേഷം നിയമസഭാ തിരഞ്ഞെടുപ്പിനും ഇനി മാസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. പ്രതിപക്ഷ പോരാട്ടങ്ങളുടെ മുൻനിരയിൽ നിൽക്കേണ്ട യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഇല്ലാതെ അനാഥരാണ്.

കേരളത്തിലെ കോൺഗ്രസിന്റെ ശക്തി എപ്പോഴും ജനകീയ അടിത്തറയുള്ള നേതാക്കളായിരുന്നു. എന്നാൽ അവരെല്ലാം നിശ്ശബ്ദരാക്കപ്പെട്ടിരിക്കുകയാണ്. പാർട്ടിയെ ഭയം വേട്ടയാടുന്നു.

കെ. കരുണാകരൻ മുതൽ രമേശ് ചെന്നിത്തല വരെ പ്രവർത്തകരെ ഹൃദയത്തിൽ ചേർത്തുനിർത്തിയിരുന്നു. അവർക്ക് അന്യബോധമില്ലായിരുന്നു. ഉമ്മൻചാണ്ടിയുടെ കാലശേഷം അദ്ദേഹത്തെ സ്നേഹിച്ച വലിയൊരു വിഭാഗം പ്രവർത്തകർ ഇന്ന് ആശങ്കയിലും നിരാശയിലുമാണ്. സമീപകാലത്ത് രമേശ് ചെന്നിത്തല നടത്തിയ തുറന്നുപറച്ചിൽ അത്ഭുതത്തോടെയാണ് പലരും കേട്ടത്. പാർലമെന്ററി പാർട്ടിയിൽ ഭൂരിപക്ഷം എം.എൽ.എമാരുടെയും ഉമ്മൻചാണ്ടിയെ പോലുള്ള ജനകീയ നേതാവിന്റെയും ഉറച്ച പിന്തുണ ചെന്നിത്തലയ്ക്ക് ഉണ്ടായിരുന്നു. ഒരൊറ്റ രാത്രികൊണ്ട് കേരളത്തിലെ പാർട്ടിയുടെ തീരുമാനം അട്ടിമറിച്ച് രമേശ് ചെന്നിത്തലയെ മാറ്റിനിർത്തിയത് ആരാണ്?.

ഇനിയെങ്കിലും പാഠം ഉൾക്കൊണ്ട് നേതൃത്വം ഉണരണം. ഇപ്പോൾ അധികാരം ഒരാളിലേക്കോ അല്ലെങ്കിൽ അയാൾ തിരഞ്ഞെടുക്കുന്ന കുറച്ച് ആളുകളിലേക്കോ ചുരുങ്ങുന്ന ദയനീയ അവസ്ഥയാണ് നമ്മൾ കാണുന്നത്. പ്രതിപക്ഷ നേതാവ് പാർട്ടി പ്രസിഡന്റ് പറയുന്ന നയങ്ങൾക്കൊപ്പം പ്രവർത്തിക്കേണ്ടയാളാണ്.

കേരളത്തിലെ കോൺഗ്രസിന്റെ ശക്തി എല്ലായ്പ്പോഴും ജനങ്ങളോടുള്ള അടുപ്പമായിരുന്നു. എന്നാൽ ഇന്ന് ആ പരമ്പരാഗത ജനകീയ ബന്ധം മങ്ങിയിരിക്കുകയാണ്. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടുകൊണ്ട് പാർട്ടിയെ പ്രതീക്ഷയോടെ മുന്നോട്ടുകൊണ്ടുപോകാൻ നേതൃത്വം തയ്യാറാകണം.

**കേരളത്തിലെ കോൺഗ്രസിന്റെ ശക്തി എപ്പോഴും ജനകീയ അടിത്തറയുള്ള നേതാക്കളായിരുന്നു. എന്നാൽ അവരെല്ലാം നിശ്ശബ്ദരാക്കപ്പെട്ടിരിക്കുകയാണ്. പാർട്ടിയെ ഭയം വേട്ടയാടുന്നു. കെ. കരുണാകരൻ മുതൽ രമേശ് ചെന്നിത്തല വരെ പ്രവർത്തകരെ ഹൃദയത്തിൽ ചേർത്തുനിർത്തിയിരുന്നു. അവർക്ക് അന്യബോധമില്ലായിരുന്നു. ഉമ്മൻചാണ്ടിയുടെ കാലശേഷം അദ്ദേഹത്തെ സ്നേഹിച്ച വലിയൊരു വിഭാഗം പ്രവർത്തകർ ഇന്ന് ആശങ്കയിലും നിരാശയിലുമാണ്.**





Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# കെ.സി.എസ് ചിക്കാഗോ ഓണം 2025: സംസ്കാരത്തിന്റെയും സന്തോഷത്തിന്റെയും ഒരുമയുടെയും ആഘോഷം




ചിക്കാഗോ: സെപ്റ്റംബർ 7 ഞായറാഴ്ച വൈകുന്നേരം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ വെച്ച് കെ.സി.എസ് ചിക്കാഗോ പ്രൗഢ ഗംഭീരമായ ഓണാഘോഷം നടത്തി. ഓണ ആഘോഷം കുടുംബങ്ങളുടെയും, അംഗങ്ങളുടെയും വലിയൊരു കൂട്ടായ്മയ്ക്ക് വേദി ഒരുക്കി. ഗംഭീരമായ ഓണ സദ്യയോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്. തുടർന്ന് ചെണ്ടമേളവും താലപ്പൊലിയും കൊണ്ട് മാവേലി തമ്പുരാനെ അനുഗമിക്കുന്ന വർണ്ണാഭമായ ഘോഷയാത്രയും ഉണ്ടായിരുന്നു. വിശിഷ്ടാതിഥി ഷീല സ്റ്റീഫൻ (മുൻ പ്രിൻസിപ്പൽ, ബിസിഎം കോളേജ്) പരിപാടി ഉദ്ഘാടനം ചെയ്തു. മലയാള സിനിമാ നടി ഡിനി ഡാനിയേലും നിർമ്മാതാവ് ജോയ് തോമസും പരിപാടിക്ക് കൂടുതൽ നിറ ചാർത്തായി.

ജോയ് ചെമ്മാച്ചൽ സ്മാരക കർഷക ശ്രീ അവാർഡ് വിതരണവും ചടങ്ങിൽ നടന്നു. ചെമ്മാച്ചൽ കുടുംബം സ്പോൺസർ ചെയ്ത ഒന്നാം സമ്മാനം ബെന്നി & മഞ്ജു നല്ലുവീട്ടിൽ എന്നിവർക്കും, ഫിലിപ്പ് പെരികലത്തിൽ സ്പോൺസർ ചെയ്ത രണ്ടാം സമ്മാനം മിതിൻ & ബ്ലെസി ചിറക്ക പറമ്പലിനും, കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല സ്പോൺസർ ചെയ്ത മൂന്നാം സമ്മാനം ജിജി & ബിനു പള്ളിവീട്ടിൽ എന്നിവർക്കും സമ്മാനിച്ചു. റൈസിംഗ് ഫാർമറിനുള്ള പ്രത്യേക ജൂറി അവാർഡ് സാജൻ & ടിറ്റി പച്ചിലമാക്കിലിനും സമ്മാനിച്ചു.

വനിതാ ഫോറത്തിന്റെ മനോഹരമായ തിരുവാതിര, കുട്ടികളുടെ ചടുലമായ നൃത്തങ്ങൾ, വൈകുന്നേരത്തെ ഊർജ്ജസ്വലമാക്കുന്ന ശ്രുതിമധുരമായ സംഗീത പരിപാടി എന്നിവ സാംസ്കാരിക ആകർഷണങ്ങളിൽ ഉൾപ്പെടുന്നു. ഓണത്തിന്റെ യഥാർത്ഥ ചൈതന്യം പകർത്തുകയും, സന്തോഷത്തിന്റെയും

ഒരുമയുടെയും വിലയേറിയ ഓർമ്മകൾ പ്രേക്ഷകർക്ക് സമ്മാനിക്കുകയും ചെയ്ത ടോണി പേ ാങ്ങാനയുടെ മെലോഡിയസ് ഗാനമേളയോടെയാണ് ആഘോഷം അവസാനിച്ചത്.

ഈ ഓണാഘോഷത്തിന്റെ യഥാർത്ഥ നട്ടെല്ലായിരുന്നു കെ.സി.എസ് വനിതാ ഫോറത്തിന്റെ അക്ഷീണ പരിശ്രമം, അവരുടെ സമർപ്പണവും ടീം വർക്കുമാണ് പരിപാടിയെ കൂടുതൽ ഉയർത്തിക്കാട്ടിയത്. അവരുടെ മനോഹരമായ തിരുവാതിര പ്രകടനം വേദിയിലേക്ക് ചാരുതയും പാരമ്പര്യവും കൊണ്ടുവന്നു, സാംസ്കാരിക ആഴം കൊണ്ട് പ്രേക്ഷകരെ ആകർഷിച്ചു. വേദിക്കപ്പുറം, വനിതാ ഫോറം തിരശ്ശീലയ്ക്ക് പിന്നിൽ അക്ഷീണം പ്രവർത്തിച്ചു - പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പരിപാടികൾ സംഘടിപ്പിക്കുക, പരിപാടിയെ അവിസ്മരണീയമാക്കുന്ന ഊഷ്മളമായ ഉത്സവാന്തരീക്ഷം സൃഷ്ടിക്കുക എന്നിവയെല്ലാം അവർ ചെയ്തു.






ഓണാഘോഷങ്ങൾക്ക് സർഗാത്മകതയോടെയും ആവേശത്തോടെയും നേതൃത്വം നൽകിയ വിമൻസ് ഫോറം എക്സിക്യൂട്ടീവ് ഷാനിൽ വെട്ടിക്കാട്ട് (പ്രസിഡന്റ്), ജിനു നെടിയകാലായിൽ (വൈസ് പ്രസിഡന്റ്), മന്നൂ തിരുനെല്ലിപ്പറമ്പിൽ (സെക്രട്ടറി), ജെയിൻ മുണ്ടപ്ലാക്കിൽ (ജോയിന്റ് സെക്രട്ടറി), ഡെന്നി തുരുത്തുവേലിൽ (ട്രഷറർ) എന്നിവർ പ്രത്യേക അംഗീകാരം അർഹിക്കുന്നു എന്ന് കെ സി എസ് പ്രസിഡണ്ട് ജോസ് ആനമല പ്രസ്താവിക്കുകയുണ്ടായി. ഫോട്ടോ ബൂത്തിന് സമീപം മനോഹരമായി സജ്ജീകരിച്ച അവരുടെ അതിമനോഹരമായ പൂക്കളം, സായാഹ്നത്തിന്റെ കേന്ദ്രബിന്ദുവായി മാറി - കുടുംബങ്ങളെയും അതിഥികളെയും പ്രിയപ്പെട്ട ഓർമ്മകൾ പകർ



ത്താൻ ആകർഷിച്ചു. അവരുടെ സമർപ്പണത്തിലൂടെ, അവർ പാരമ്പര്യം ഉയർത്തിപ്പിടിക്കുക മാത്രമല്ല, നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ ശക്തി, ഐക്യം, നേതൃത്വം എന്നിവ പ്രദർശിപ്പിക്കുകയും ചെയ്തു. ശരിക്കും പറഞ്ഞാൽ, വനിതാ ഫോറം ഈ ഓണത്തെ സംസ്കാരത്തിന്റെയും സൗന്ദര്യത്തിന്റെയും ഒരുമയുടെയും മറക്കാനാവാത്ത ആഘോഷമാക്കി മാറ്റി















NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# വിവാദ സംവിധായകൻ സനൽകുമാർ ശശിധരന് മഞ്ജുവിനോട് ക്രഷ് അല്ല, പിന്നെ ലിമറൻസോ..?

**എ.എസ് ശ്രീകുമാർ**

അന്ധമായ പ്രണയത്തിന്റെ പേരിൽ നടി മഞ്ജുവാര്യരുടെ പിന്നാലെ നടന്ന് നിരന്തരം ശല്യപ്പെടുത്തിയ ചലചിത്ര സംവിധായകൻ സനൽകുമാർ ശശിധരന് പ്രണയരോഗമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ ദിവസം അമേരിക്കയിൽ നിന്ന് എത്തിയ സനൽകുമാർ ശശിധരൻ അറസ്റ്റിലായതോടെയാണ് 2019 മുതൽ മഞ്ജുവിനോടുള്ള ഇയാളുടെ വൺസൈഡ് പ്രേമം വീണ്ടും വാർത്തകളിൽ നിറഞ്ഞത്. നടിയുടെ പരാതിയിൽ എറണാകുളം എളമക്കര പോലീസ് പുറപ്പെടുവിച്ച ലുക്ക് ഔട്ട് സർക്കുലറിന്റെ അടിസ്ഥാനത്തിൽ മുംബൈ വിമാനത്താവളത്തിൽ ഇമിഗ്രേഷൻ അധികൃതർ തടഞ്ഞുവെച്ച സനൽകുമാറിനെ എളമക്കര പൊലീസ് അവിടെയെത്തി കസ്റ്റഡിയിൽ എടുക്കുകയായിരുന്നു.

പിടിയിലായ സനൽകുമാർ ശശിധരൻ വിചിത്രമായ വാദങ്ങളാണ് ഉന്നയിച്ചത്. താനും നടിയും തമ്മിൽ പ്രണയത്തിലാണെന്നും പ്രണയം തകർക്കാൻ പിണറായി സർക്കാരും കമ്മ്യൂണിസ്റ്റ് പാർട്ടിയും പോലീസും ശ്രമിക്കുകയാണെന്നുമെല്ലാം എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ പൊലീസ് എത്തിക്കുമ്പോൾ സനൽകുമാർ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. 2022-ൽ നടി നൽകിയ പരാതിയിൽ എളമക്കര പോലീസ് സനൽകുമാറിനെ അറസ്റ്റ് ചെയ്തിരുന്നു. പിന്നീട് ജാമ്യത്തിലിറങ്ങിയ ഇയാൾ കഴിഞ്ഞ വർഷം മുതൽ അമേരിക്കയിലാണ് താമസം. ശല്യം സഹിക്കവയ്യാതെ ഇക്കൊല്ലം ജനുവരിയിൽ നടി വീണ്ടും പരാതി കൊടുത്തിരുന്നു. ഇതിനിടെയാണ് അറസ്റ്റിലായത്.




നടിയെ പരാമർശിച്ചും ടാഗ് ചെയ്തും സനൽകുമാർ ഒട്ടേറെ പോസ്റ്റുകൾ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവച്ചിരുന്നു. നടിയുടേതെന്ന പേരിലുള്ള ശബ്ദ സന്ദേശങ്ങളും പുറത്തുവിട്ടു. നടിയെ അപകീർത്തിപ്പെടുത്തുന്ന തരം പോസ്റ്റുകൾ ഫെയ്സ്ബുക്കിൽ

നിന്നു നീക്കാൻ പൊലീസ് നടപടിയെടുത്തിരുന്നു. മുമ്പ് സനലിനെതിരെ നൽകിയ പരാതിയിൽ കേസ് നിലനിൽക്കെ, വീണ്ടും പിന്തുടർന്നു ശല്യം ചെയ്യുന്നുവെന്ന് ആരോപിച്ചാണ് നടി വീണ്ടും പൊലീസിനെ സമീപിച്ചത്. താനും നടിയും തമ്മിൽ കടുത്ത പ്രണയത്തിലാണെന്നും മഞ്ജു വാര്യർ സെക്സ് മാഫിയയുടെ തടങ്കലിലാണെന്നുമാണ് സനൽ കുമാർ പറയുന്നത്.

അതിശയലോകം, പരോൾ, ഫ്രോഗ്, ഒരാൾപ്പൊക്കം, ഒഴിവു ദിവസത്തെ കളി, സെക്സി ദുർഗ, കയറ്റം തുടങ്ങിയ സിനിമകൾ സംവിധാനം ചെയ്ത സനൽകുമാർ മികച്ച സംവിധായകനെന്ന് പേരെടുത്തിട്ടുണ്ട്. 2020-ൽ ഹിമാലയം പശ്ചാത്തലമാക്കിയ 'കയറ്റം' എന്ന സിനിമയിൽ മഞ്ജു വാര്യരായിരുന്നു മുഖ്യ കഥാപാത്രം. 2012-ലെ കേരള സംസ്ഥാന ടെലിവിഷൻ പുരസ്കാരം നേടിയ ഹ്രസ്വചിത്രമാണ് ഫ്രോഗ്. സെക്സി ദുർഗ 2017-ൽ നെതർലൻഡ്സിലെ റോട്ടർഡാം ചലച്ചിത്രോത്സവത്തിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടി. ടൊവിനോ തോമസ് നായകനായ 'വഴക്ക്' ആണ് സനൽ കുമാർ ഏറ്റവും ഒടുവിൽ സംവിധാനം ചെയ്ത സിനിമ.

തിരുവനന്തപുരത്തെ പെരുംകടവിളയിൽ 1977 ഏപ്രിൽ 8-നാണ് സനൽകുമാർ ജനിച്ചത്. അച്ഛൻ ശശിധരൻ, അമ്മ സരോജം. ജന്തുശാസ്ത്രത്തിലും, നിയമത്തിലും ബിരുദം നേടിയ ശേഷം വക്കീലായി ജോലി ആരംഭിച്ചു. 2001-ൽ കാഴ്ച ചലച്ചിത്രവേദി എന്നൊരു ഫിലിം സൊസൈറ്റി സുഹൃത്തുക്കളോടൊപ്പം ചേർന്ന് രൂപീകരിച്ചു. ജനപങ്കാളിത്തത്തോടെ സ്വതന്ത്രമായ ചലച്ചിത്രങ്ങൾ നിർമ്മിക്കുക എന്നതായിരുന്നു ഈ സൊസൈറ്റിയുടെ ഉദ്ദേശ്യം. ജനങ്ങളുടെ കയ്യിലുള്ള പണം ശേഖരിച്ച് 3 ഹ്രസ്വചിത്രങ്ങളും, ഒരുമുഴുനീള ചലച്ചിത്രവും സനൽ നിർമ്മിച്ചു. 2014-ൽ മികച്ച സംവിധായകനുള്ള കേരളസംസ്ഥാന ചലച്ചിത്രപുരസ്കാരം ആദ്യ ചലച്ചിത്രമായ ഒരാൾപ്പൊക്കത്തിനു ലഭിച്ചു. 2015-ലെ കേരളസംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ സനൽ സംവിധാനം ചെയ്ത ഒഴിവു ദിവസത്തെ കളി മികച്ച ചലച്ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു.

ഇങ്ങനെ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കി മികവു തെളിയിച്ച സനൽകുമാർ ശശിധരൻ അറിയപ്പെടുന്ന കവി കൂടിയാണ്. അതേസമയം അറസ്റ്റിലായ സനൽകുമാർ ശശിധരനെ മജിസ്ട്രേറ്റ് സ്വന്തം ജാമ്യത്തിൽ വിടുകയായിരുന്നു. സനൽകുമാറിന്റെ അസാധാരണമായ പെരുമാറ്റം മാനസിക വിഭ്രാന്തിയുടെ സൂചനയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാവാം ഇക്കാര്യത്തിൽ ഇടപെടേണ്ടെന്നു കരുതി ജാമ്യത്തിൽ വിട്ടത്. സ്ത്രീത്വത്തെ അപമാനിക്കുക, അപവാദ പ്രചാരണം നടത്തുക, വ്യാജ ശബ്ദ സന്ദേശം പ്രചരിപ്പിക്കുക തുടങ്ങിയ പരാതികളാണ് സനലിനെതിരെ നടി നൽകിയത്.



**സിനിമയിലൂടെ ലിംഗ വിവേചനത്തിനെതിരെ ആഞ്ഞടിച്ച വ്യക്തിയാണ് സനൽ കുമാർ എന്നിരിക്കേ, ഇപ്പോൾ ഒരു നടിയുടെ സ്ത്രീത്വത്തെ അപമാനിച്ചു എന്ന നിലയിലാണ് ഇയാൾ ഇപ്പോൾ പ്രതിക്കൂട്ടിൽ നിൽക്കുന്നത്. നടിക്കെതിരെ സനൽകുമാർ വീണ്ടും രംഗത്തു വന്നാൽ 'കാപ്പ' നിയമം വരെ ചുമത്തപ്പെട്ടേക്കാം.**

എളമക്കര എസ്.എച്ച്.ഒയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തോടൊപ്പം മുംബൈയിൽ നിന്ന് എറണാകുളം റെയിൽവേ സ്റ്റേഷനിൽ എത്തിയ സനൽകുമാർ ക്ഷുഭിതനായാണ് സംസാരിച്ചത്. മാധ്യമങ്ങളോട് സംസാരിക്കവെ ഇയാൾ പ്ലാറ്റ്ഫോമിൽ വീഴുകയും ചെയ്തു. ''എന്തിനാണ് ഇവർ ഇത് ചെയ്യുന്നത്..? ഞാൻ എന്തെങ്കിലും കൊലക്കുറ്റം ചെയ്തോ..? ഞാൻ മോഷ്ടിച്ചോ..? ഞാൻ ഖജനാവ് കൊള്ളയടിച്ചോ?. ഞാൻ മാസപ്പടി വാങ്ങിയോ..? ഞാൻ പ്രേമിച്ചു. രണ്ടു പേർ തമ്മിൽ പ്രേമിച്ചാൽ കുറ്റമാണോ..? ഒരാളെ സ്നേഹിച്ചത് ആണോ ഞാൻ ചെയ്ത

കുറ്റം..? ഒരു സ്ത്രീയെ തടവിൽ വച്ചിരിക്കുകയാണെന്ന് പറഞ്ഞതുകൊണ്ട് പൊലീസ് എന്നെ പിടിച്ചിരിക്കുകയാണ്. എന്തിനാണ് ഇവർ ഇത് ചെയ്യുന്നത്..?- സനൽകുമാർ ചോദിച്ചു.

പോലീസ് കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് ചിലർ തന്നെ കൊല്ലാൻ വരുന്നുവെന്ന് ധരിച്ചാണ് സനൽകുമാർ അമേരിക്കയിലേയ്ക്ക് പോയത്. ഒരിക്കൽ പാറശാല മഹോദേവ ക്ഷേത്രത്തിൽ അമ്മയ്ക്കും സഹോഹരനും സഹോദരിക്കുമൊപ്പം തൊഴാൻ പോയപ്പോൾ ഒരുസംഘം ആൾക്കാർ ഇന്നോവ കാറിലെത്തി തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചുവെന്നും അത് തന്നെ കൊല്ലാൻ വന്ന ഗുണ്ടകളാണെന്നുമാണ് സനൽകുമാർ വിശ്വസിക്കുന്നത്. ചുരുക്കത്തിൽ വധ ഭീഷണിയുടെ പേരിലാണ് സനൽകുമാർ നാട്ടിൽ നിന്നും മുങ്ങിയത്.

വാസ്തവത്തിൽ 'ലിമറൻസ്' എന്ന മാനസികാവസ്ഥയുടെ തടവറയിലാണ് സനൽകുമാർ എന്ന് അയാളുടെ പെരുമാറ്റത്തിൽ നിന്ന് വ്യക്തമാണ്. ഒരാളോട് ഭ്രാന്തമായി പ്രണയത്തിലാകുന്ന മാനസികാവസ്ഥയാണിത്. ഒരാളോടുള്ള തീവ്രമായ, ഭ്രാന്തമായ ഒരു പ്രണയത്തിന്റെയോ ആസക്തിയുടെയോ അവസ്ഥയാണിതെന്ന് പറയാം. യഥാർത്ഥ സ്നേഹത്തിൽ നിന്ന് വ്യത്യസ്തമായി, മറ്റൊരാളുടെ ക്ഷേമത്തിൽ അമിതമായി ശ്രദ്ധിക്കുന്നതിന് പകരം ആ വ്യക്തിയെക്കുറിച്ചുള്ള ചിന്തകളിൽ സദാമുഴുകിയിരിക്കുന്ന ഒരു അഭിനിവേശത്തിന്റെ വൈകാരിക അവസ്ഥയാണിത്.

എന്നാൽ ഇത് മാനസിക വിദഗ്ധർ തെളിയിക്കേണ്ടതുണ്ട്. ഇത് കാലക്രമേണ മങ്ങുകയും ഏതാനും മാസങ്ങൾ മുതൽ രണ്ട് വർഷങ്ങൾ വരെ നീണ്ടുനിൽക്കുകയും ചെയ്യും. 'ആറാട്ടണ്ണൻ' എന്ന പേരിലറിയപ്പെടുന്ന സോഷ്യൽ മീഡിയ ജീവി സന്തോഷ് വർക്കിക്ക് ഈയൊരു അസുഖമുണ്ടായിരുന്നു. നടി നിത്യാ മേനോനോടായിരുന്നു ഇയാളുടെ കലശലായ വൺസൈഡ് പ്രേമം. നല്ല കൈ 'ചികിൽസ'യുടെ ഭാഗമായി അത് ഇപ്പോൾ മാറിയിട്ടുണ്ട്.

അതേസമയം, സിനിമയിലൂടെ ലിംഗ വിവേചനത്തിനെതിരെ ആഞ്ഞടിച്ച വ്യക്തിയാണ് സനൽകുമാർ എന്നിരിക്കേ, ഇപ്പോൾ ഒരു നടിയുടെ സ്ത്രീത്വത്തെ അപമാനിച്ചു എന്ന നിലയിലാണ് ഇയാൾ ഇപ്പോൾ പ്രതിക്കൂട്ടിൽ നിൽക്കുന്നത്. നടിക്കെതിരെ സനൽകുമാർ വീണ്ടും രംഗത്തു വന്നാൽ 'കാപ' നിയമം വരെ ചുമത്തപ്പെട്ടേക്കാം. സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി കേരളത്തിൽ നിലവിൽ വന്ന നിയമമാണ് കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് അഥവാ കാപ. ഈ നിയമം 2007-ൽ നിലവിൽ വന്നു, 2014-ൽ ഭേദഗതി വരുത്തി. കാപ പ്രകാരം അറസ്റ്റു ചെയ്യുന്നതിനുള്ള റിമാൻഡ് കാലാവധി ഒരു വർഷമാണ്.

സനൽകുമാർ മുൻപ് വിവാഹിതനായിരുന്നു എങ്കിലും, പിന്നീട് വിവാഹമോചനം നേടി. മുൻഭാര്യ പുനർവിവാഹം ചെയ്ത കാര്യം ഇദ്ദേഹം ഒരു പോസ്റ്റിലൂടെ പണ്ട് വെളിപ്പെടുത്തിയിരുന്നു. രണ്ട് ആണ്മക്കളുണ്ട്. കുട്ടികൾ രണ്ടും അമ്മയുടെ ഒപ്പമാണത്രെ താമസം. അമേരിക്കയിൽ കുടുംബം കൂടെയില്ലാതെ ഒറ്റയ്ക്കാണ് സനൽ കുമാറിന്റെ താമസം. സുഹൃത്തുക്കളും ഇല്ല. ഈ ഏകാന്തത താൻ ആസ്വദിക്കുന്നു എന്നും സനൽ കുമാർ നോരത്തെ ഒരു അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു. എന്നെങ്കിലും നാട്ടിലേക്ക് മടങ്ങിപ്പോകും എന്ന് ചിന്തിക്കുന്നില്ല എന്നും സനൽ കുമാർ പറയുകയുണ്ടായി. പക്ഷേ സനൽകുമാർ നാട്ടിലേയ്ക്ക് മടങ്ങുകയും എയർപോർട്ടിൽ വച്ച് പിടിക്കപ്പെടുകയും ചെയ്തു.



**അമേരിക്കയിൽ കുടുംബം കൂടെയില്ലാതെ ഒറ്റയ്ക്കാണ് സനൽ കുമാറിന്റെ താമസം. സുഹൃത്തുക്കളും ഇല്ല. ഈ ഏകാന്തത താൻ ആസ്വദിക്കുന്നു എന്നും സനൽ കുമാർ നോരത്തെ ഒരു അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു.**

# ശ്രീനാരായണ ഗുരുദേവ ജയന്തിയും ഓണാഘോഷവും ഹൂസ്റ്റണിൽ സമുചിതമായി ആഘോഷിച്ചു




171)0 ഗുരുദേവജയന്തിയും ഓണാഘോഷവും ടെക്സസിലെ പ്രമുഖ പ്രസ്ഥാനമായ ശ്രീ നാരായണ ഗുരു മിഷന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫ്ഫോർഡിലെ ശ്രീനാരായണ നഗറിൽ പ്രൗഢ ഗംഭീരമായി 2025 സെപ്തംബർ 7 നു നടന്നു. വർണശബളമായ ഘോഷയാത്രയും ചെണ്ടമേളവും താലപ്പൊലിയും മഹാബലിയും പുലികളിയും അടക്കം നിരവധികലാരൂപങ്ങൾ ഘോഷയാത്രയിൽ അണിനിരന്നു.




ശിവഗിരി മഠത്തിലെ മുതിർന്ന സന്യാസി വര്യനും എറണാകുളം ശ്രീ ശങ്കരാശ്രമം സെക്രെട്ടറിയുമായ സ്വാമി ശിവസ്വരൂപാനന്ദ ജയന്തി സമ്മേളനം ഉൽഘാടനം ചെയ്തു . അദരണീയ ഫാദർ ഐസക് ബി പ്രകാശ് , ബഹുമാനപ്പെട്ട ഫോർട്ട് ബെന്റ് കൗണ്ടി 240 ജില്ലാ കോർട്ട് ജഡ്ജ് സുരേന്ദ്രൻ കെ പട്ടേൽ , ക്യാപറ്റൻ മനോജ് കുമാർ പൂപ്പാറയിൽ, മലയാളീ അസോസിയേഷൻ പ്രസിഡന്റ് ശ്രീ ജോസ് കെ ജോൺ, FSNONA ജനറൽ സെക്രട്ടറി ശ്രീ സുജി വാസവൻ മുതലായവർ ആശംസകൾ അർപ്പിച്ചു . ശിവഗിരി തീർത്ഥാടനം ആധാരാമാക്കി ശ്രീ അശ്വനികുമാർ വാസുവും ശ്രീ ബിജു മോഹനും തയാറാക്കിയ വീഡിയോ




എല്ലാവരുടെയും അഭിനന്ദനങ്ങൾക്കു പാത്രമായി.

SNGM പ്രസിഡന്റ് അഡ്വക്കേറ്റ് അനിയൻ തയ്യിൽ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഷൈജി അശോകൻ സ്വാഗതവും, വൈസ് പ്രസിഡന്റ് ശ്രീ ഉണ്ണി മണപ്പുറം നന്ദിയും രേഖപ്പെടുത്തി. ഫ്ലോറിഡയിൽ 2026 ജൂലൈ മാസത്തിൽ നടക്കുന്ന 6) മാതു ശ്രീനാരായണ ഗ്ലോബൽ കൺവൻഷന്റെ കിക്ക് ഓഫ് ശ്രീ മോഹൻ ദിവാകരനും ശ്രീമതി സ്മൃതി മോഹനും ആദ്യരേജിസ്ട്രേഷൻ എടുത്തു നിർവഹിച്ചു. SNGM അംഗങ്ങൾ തയാറാക്കിയ ഗംഭീരഓണസദ്യയും വിവിധ കലാപരിപാടികൾ ഹോബ്സ്റ്റൻ നിവാസികളുടെ മനം കവർന്നു, ശ്രീ ഉണ്ണി മണപ്പുറം ,ശ്രീമതി വിദ്യ ബിജു ,ശ്രീ വിഘ്നേശ് ,ശ്രീ വിനോദ് വാസുദേവൻ, ശ്രീമതി രേഷ്മ വിനോദ്, ശ്രീമതി സ്മൃതി മോഹൻ ശ്രീമതി അനിത മധു , ശ്രീ പ്രകാശൻ ദിവാകരൻ, മനോജ് ഗോപി,ശിവൻ രാഘവൻ, മധു ചേരിക്കൽ, TREASURER ലീല ജയചന്ദ്രന് ,ജോയിന്റ് സെക്രട്ടറി ജോളി ജോർജ് , ജോയിന്റ് TREASURER രാഹുൽ സോമൻ, ബോർഡ് അംഗങ്ങളായ പുഷ്ക്കരൻ സുകുമാരൻ, ഗോപകുമാർ മണികണ്ഠശ്ശേരിൽ, ജയശ്രീ അനിരുദ്ധൻ , അശോകൻ എന്നിവർ പരിപാടികൾക്കു നേത്രയ്ത്യം നൽകി .




# 2026-28 ൽ ഫോമായെ നയിക്കാൻ 'ടീം വോയിസ് ഓഫ് ഫോമാ'

അമേരിക്കൻ മലയാളികളെ ആവേശത്തിലാഴ്ത്തികൊണ്ട് ടീം വോയ്സ് ഓഫ് ഫോമാ തങ്ങളുടെ പാനൽ പ്രഖ്യാപിച്ചു. പ്രസിഡണ്ടായി ശ്രീ ബിജു തോണിക്കടവിലും, ജനറൽ സെക്രട്ടറിയായി പോൾ പി ജോസും, ട്രഷറർ ആയി പ്രദീപ് നായരും, വൈസ് പ്രസിഡണ്ടായി സാമുവൽ മത്തായിയും, ജോയിന്റ് സെക്രട്ടറിയായി ഡോക്ടർ മഞ്ജു പിള്ളയും, ജോയിന്റ് ട്രഷററായി ജോൺസൺ കണ്ണൂക്കാടനും ഉൾപ്പെട്ട ഒരു ശക്തമായ നേതൃനിരയാണ് 2026-28 ൽ ഫോമായെ നയിക്കുവാൻ സജ്ജമായിക്കൊണ്ടിരിക്കുന്നത്. ഫോമായാലും ഫോമായുടെ അംഗ സംഘടനകളും തങ്ങളുടേതായ വ്യക്തിമുദ്രപ്പിച്ചുകൊണ്ട് ഇവർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഫോമായെ ഇനിയും ഉയർന്ന തലങ്ങളിൽ എത്തിക്കും എന്ന് ഉറപ്പുണ്ട്.

ഫോമായുടെ വിവിധ നേതൃ പദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമായുടെ എക്കാലത്തേയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. ഫോമായ്ക്ക് ആഗോള തലത്തിൽ അടിത്തറയുണ്ടാക്കിക്കൊടുത്ത ഫോമാ വില്ലേജ് പ്രോജക്ട് പോലുള്ള നേതൃത്വ പരമായ പ്രവർത്തനങ്ങൾ ഫോമയിൽ അദ്ദേഹത്തിന് നേടിക്കൊടുത്ത സ്ഥാനങ്ങൾ ചെറുതല്ല. ഫിലപ്പ് ചാമത്തിൽ പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമയ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർ. വി.പി എന്ന നിലയിൽ ഫോമാ വില്ലേജിന് നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. റീജിയണിന്റെ നേതൃത്വത്തിൽ 'കൃഷിപാഠം' എന്ന പരിപാടി തുടങ്ങുകയും പിന്നീടത് നാഷണൽ ലെവലിൽ തന്നെ എത്തിക്കുകയും ചെയ്തു. തുടർന്ന് അനിയൻ ജോർജ് പ്രസിഡന്റായ സമയത്ത് ജോയിന്റ് ട്രഷററായി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി എന്ന് മാത്രമല്ല പ്രത്യേകിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡിന്റെ വ്യാപന സാഹചര്യത്തിൽ കേരളത്തിലെ വിവിധ ആശുപത്രികളിൽ വെന്റിലേറ്ററുകൾ

നൽകുന്നതിൽ മികച്ച സേവനമാണ് ഫോമാ അന്ന് നടത്തിയത്. അക്കാലത്ത് ആരംഭിച്ച 'സാന്ത്വനസംഗീതം' എന്ന ഓൺലൈൻ സംഗീത പരിപാടി എറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. പിന്നീട് ഡോ. ജേക്കബ് തോമസ് പ്രസിഡന്റായ സമയത്ത് ഫോമയുടെ ട്രഷററായ ബിജു നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് വലിയ മാതൃകയായി. കേരളാ കൺവെൻഷൻ, കാൻ കൂൺ കൺവെൻഷൻ, കൂടാതെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുണ്ടക്കാനായിൽ വച്ചു നടന്ന ഇന്റർനാഷണൽ ഫാമിലി കൺവെൻഷൻ, എന്നിവ ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു.2024 ൽ അധികാരം കൈമാറുമ്പോൾ 88, 856 ഡോളർ മിച്ചം വെച്ച് ഫോമയെ പുതിയ ടീമിനെ ഏൽപ്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കാവിലിന് സ്വന്തമാണ്. നഷ്ടങ്ങളുടെ കണക്കിൽ നിന്ന് നീക്കിയിരിപ്പിന്റെ കണക്കിലേക്ക് ഫോമയെ ഉയർത്തിയ ട്രഷറാർ എന്ന നിലയിൽ നിന്ന് ഇനിയും ഫോമയ്ക്ക് നീക്കിയിരിപ്പിന്റെ ചരിത്രം സൃഷ്ടിക്കുവാനും , പ്രവർത്തനങ്ങളിലൂടെ ഫോമയ്ക്ക് ആഗോള തലത്തിൽ പ്രാവിണ്യം നേടാനുമുള്ള പദ്ധതികൾക്കാണ് ബിജു തോണിക്കടവിൽ ലക്ഷ്യമിടുന്നത് . സുവ്യക്തമായ കാഴ്ചപ്പാടും വലിയ വ്യക്തിബന്ധങ്ങളുമുള്ള ബിജു തോണിക്കടവിൽ ഫോമയ്ക്ക് എന്നും പ്രതിച്ഛായ സമ്മാനിക്കുന്ന നേതാവും സർവ്വ സമ്മതനുമാണ്.

ഏറ്റെടുത്ത ചുമതലകളിലെല്ലാം അത്യപൂർവ്വമായ പ്രവർത്തന മികവും, സംഘടനാ പാടവവും, അർപ്പണബോധവും അമേരിക്കൻ മലയാളികൾക്കിടയിൽ തെളിയിച്ചു കാണിച്ച വ്യക്തിയാണ് പോൾ. നിലവിൽ ഫോമായുടെ ജോയിന്റ് സെക്രട്ടറി ആയ പോൾ പദവി ഏറ്റെടുത്തതിനു ശേഷം ചുരുങ്ങിയ കാലയളവിൽ തൻറെ പ്രവർത്തന മികവ് തെളിയിച്ചതാണ്. ഫോമാ നടപ്പിലാക്കിയ നവീന പദ്ധതികളായ 'അമ്മയോടൊപ്പം',ഹെൽപ്പിംഗ് ഹാൻഡ്സ്' ചാരിറ്റി, നിർധനർക്കുള്ള 'ഭവന പദ്ധതി', 'ഫോമാ ഹെൽത്ത് കാർഡ് സ്കീം' തുടങ്ങിയവയിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഫോമാ ജോയിൻറ് സെക്രട്ടറി ആകുന്നതിന് മുമ്പുള്ള കാലയളവിൽ മെട്രോ റീജിയൺ വൈസ് പ്രസിഡന്റായി തിളങ്ങിയ പോൾ, മാതൃ സംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിൻറെ അൻപതാമത് പ്രസിഡന്റായിരുന്നു. സംഘടനയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ ന്യൂയോർക്ക് മലയാളി കമ്മ്യൂണിറ്റിയുടെ ചരിത്രത്തിൽ സ്വർണ്ണലിപ



1കളാൽ എഴുതി ചേർക്കുവാൻ പോളിൻറെ നേതൃത്വത്തിന് സാധിച്ചു. കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് സെക്രട്ടറി, ട്രസ്റ്റി ബോർഡ് അംഗം, ഇൻഡ്യ കാത്തലിക് അസ്സോസ്സിയേഷൻ പ്രസിഡന്റ്, ട്രസ്റ്റീബോർഡ് ചെയർമാൻ എന്നീ നിലകളിലെ പദവികളിലും പ്രശംസനീയമായ സേവനം കാഴ്ച വച്ചിട്ടുണ്ട്.

ട്രഷറർ ആയി മത്സരിക്കുന്ന പ്രദിപ് നായർ, താഴെ തട്ടിൽ നിന്നുള്ള പ്രവർത്തനത്തിലൂടെ മുൻ നിരയിലേക്ക് വന്ന എല്ലാവരുമായും നല്ല ബന്ധം കാത്തു സൂക്ഷിക്കുന്ന അപൂർവ്വം വ്യക്തികളിലൊരാളാണ്. 2006ൽ യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ കമ്മറ്റി മെമ്പർ ആയിട്ടാണ് സംഘടനാ പ്രവർത്തനം ആരംഭിച്ച പ്രദീപിന് പിന്നീട് അസോസിയേഷന്റെ എല്ലാ പദവികളും അലങ്കരിക്കുവാൻ സാധിച്ചു. 2008 ൽ വൈ.എം.എ സെക്രട്ടറി ആയിരിക്കെയാണ് ഫോമായിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പ്പ്. 2008-2010- എമ്പയർ റീജിയന്റെ യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ, 2010 മുതൽ 2014 വരെ നാഷണൽ കമ്മിറ്റി അംഗം, തുടർന്ന് രണ്ടു വർഷം റീജിയണൽ കൺവൻഷൻ ചെയർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള പ്രദീപ് നായർ,

2016-ൽ മയാമിയിൽ നടന്ന ഫോമ ഇന്റർനാഷണൽ കൺവൻഷൻ കൺവീനറായും പ്രവർത്തിച്ചു. തുടർന്ന് എമ്പയർ റീജിയൻ ആർ.വി.പി. ആയി. ആർ.വി.പി. എന്ന നിലയിൽ കൺവെൻഷന് ഏറ്റവും കൂടുതൽ ഫാമിലി രജിസ്ട്രേഷൻ സംഘടിപ്പിക്കുവാൻ കഴിഞ്ഞു.

യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ നിന്നും ഒരു തുക സമാഹരിച്ച് കാൻസർ സെന്ററിനു നൽകുവാൻ സാധിച്ച പ്രദീപ1ന് ഫോമയുടെ എമ്പയർ റീജിയൺ കൺവൻഷൻ ചെയർ ആയിരിക്കുമ്പോൾ ആർ.സി.സി. പ്രോജക്ടിനു പതിനായിരം ഡോളർ സമാഹരിച്ചു നൽകുവാനും സാധിച്ചു. കഴിഞ്ഞ വർഷം പുണ്ടകാനയിൽ നടന്ന ഫോമാ കൺവൻഷന്റെ ഗ്ലോബൽ കോർഡിനേറ്റർ ആയിരുന്നു.

നാഷണൽ വൈസ് പ്രസിഡന്റായും എമ്പയർ റീജിയൻ ആർ.വി.പി ആയും യോങ്കേഴ്സ് മലയാളി അസോസിയേഷൻ പ്രസിഡന്റായും സേവനം ചെയ്തിട്ടുള്ള പ്രദിപ് നായരുടെ പ്രവർത്തന മികവും അർപ്പണബോധവും ഏവരും കണ്ടറിഞ്ഞിട്ടുള്ളതാണ്.

ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച് വിദ്യാർത്ഥി നേതാവായി നേതൃത്വപാടവം തെളിയിച്ച സാമുവൽ മത്തായി ഡാളസ് മലയാളി അസോസിയേഷൻ സെക്രട്ടറി, പ്രസിഡന്റ്, എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വച്ചു.

2020 -2022 -ൽ ഫോമായുടെ നാഷണൽ കമ്മിറ്റിയംഗമായും മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്.

കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, കോളേജ് യൂണിറ്റ് സെക്രട്ടറി, അത്‌ലറ്റിക് സെക്രട്ടറി, തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ 'രഥം' ത്രൈമാസികയുടെ ജനറൽ എഡിറ്ററായി സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്നു.

ഇവിടെയും നാട്ടിലുമായി ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നിശബ്ദമായി ചെയ്തു വരുന്നു. ഇപ്പോൾ അദ്ദേഹം ഫോമായുടെ ലാംഗ്വേജ് & എജുക്കേഷൻ കമ്മറ്റിയുടെ ചെയർമാനായി സേവനം ചെയ്യുന്നു. 2010 മുതലുള്ള എല്ലാ ഫോമാ കൺവെൻഷനുകളിലും സജീവ സാന്നിധ്യമാണ്.

എല്ലാവരോടും സ്നേഹവും സൗഹൃദവും കാത്തുസൂക്ഷിക്കുന്ന, ഫോമയുടെ നൻമയും ഉയർച്ചയും മാത്രം ആഗ്രഹിക്കുന്ന സാമുവൽ മത്തായി,

വാഗ്ദാനങ്ങളിലല്ല അവ നടപ്പാക്കുന്നതിലാണ് താല്പര്യം എന്ന തന്റെ വ്യക്തമാക്കുന്നു. വ്യക്തമായ കർമ്മപരിപാടികളുമായാണ് സാമുവൽ മത്തായി മത്സരംഗത്തു വരുന്നത്. ലോകത്ത് എവിടെയാണെങ്കിലും പ്രത്യേകിച്ച് നോർത്തമേരിക്കയിൽ ധാരാളമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് താങ്ങും തണലുമായി ഫോമ മാറണം. ഇപ്പോഴത്തെ നല്ല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. ദൈനംദിന പ്രവർത്തനങ്ങളിൽ ഫോമ എങ്ങനെ ആയിരിക്കണമെന്നുള്ളതിനേക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെന്നദ്ദേഹം പറയുന്നു.

ഏറ്റെടുക്കുന്ന ഏതൊരു ജോലിയും ദീർഘവീക്ഷണത്തോടുകൂടിയും ഉത്തരവാദിത്വത്തോടെയും നിറവേറ്റുന്ന സാമുവൽ മത്തായി സംഘടനയിലെ ബഹുഭൂരിപക്ഷം അംഗങ്ങളുമായി നല്ല ബന്ധം പുലർത്തുന്നു .

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് അരിസോണയിലെ പ്രശസ്ത ഡോക്ടറും സാമൂഹ്യ പ്രവർത്തകയും കലാകാരിയുമായ ഡോ. മഞ്ജു പിള്ളയാണ് മത്സരിക്കുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അരിസോണ മലയാളി സമൂഹത്തിലെ നിറസാന്നിധ്യമായ ഡോ. മഞ്ജു, നില

വിൽ ഫോമാ വിമെൻസ് ഫോറത്തിന്റെ നാഷണൽ ജോയിന്റ് ട്രഷററായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്നു. അരിസോണ മലയാളീ അസോസിയേഷന്റെ നിരവധി നേതൃ പദവികൾ വഹിച്ചിട്ടുള്ള മഞ്ജു, ഇപ്പോൾ പ്രസ്തുത സംഘടനയുടെ അഡ്വൈസറി കൗൺസിൽ അംഗമാണ്.

നിലവിൽ ഫോമാ നാഷണൽ വിമൻസ് ഫോറത്തിന്റെ ജോയിന്റ് ട്രഷററായ ഡോ. മഞ്ജു സ്ത്രീ ശാക്തീകരണം ലക്ഷ്യംവച്ചുകൊണ്ട് ഒട്ടേറെ കാര്യങ്ങൾ ഫോമായോടൊപ്പം നിന്ന് ചെയ്തുവരുന്നു. കേരളത്തിലെ ആദിവാസി മേഖലയിൽ മുളകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കി വിൽക്കുന്നതിന് ആവശ്യമായ ടൂൾ കിറ്റുകൾ വിമൻസ് ഫോറം അവിടെ നേരിൽ ചെന്ന് വിതരണം ചെയ്തു, വനിതാദിനത്തിൽ ആരോഗ്യത്തെക്കുറിച്ച് ഒരു സൂം സെഷൻ സംഘടിപ്പിച്ചു, അരിസോണ മലയാളീ അസോസിയേഷൻ സംഘടിപ്പിച്ച കൃഷിപാഠം പരിപാടിയുടെ പ്രധാന സംഘാടക ആയി പ്രവർത്തിച്ചു, ആരോഗ്യ സംരക്ഷണത്തെയും പരിപാലനത്തെയും ആധാരമാക്കി നിരവധി ക്ലാസുകൾ സംഘടിപ്പിച്ചു, തുടങ്ങിയ ഒട്ടനവധി കർമ്മപരിപാടികൾ സംഘടിപ്പിച്ചും ഭാഗഭാക്കായും ഡോ. മഞ്ജു തന്റെ പ്രവർനങ്ങളുമായി മുന്നോട്ട് പോകുന്നു.

ഡോക്ടർ എന്ന നിലയിൽ ആരോഗ്യ സംബന്ധമായി കൂടുതൽ പദ്ധതികൾ കൊണ്ടുവരാൻ ഫോമായിൽ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശാരീരിക ആരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസികാരോഗ്യം. പക്ഷെ മനസ്സിന് അസുഖം വന്നാൽ ഇപ്പോഴും ചികിത്സ തേടാൻ മലയാളികൾ മടിക്കുന്നു, പ്രത്യേകിച്ച് സ്ത്രീകൾ.ഇത്തരം പല പ്രശ്നങ്ങളും പരിഹരിക്കാനുള്ള കാര്യങ്ങൾ ചെയ്യണമെന്നും. കേരളത്തിലെയും അമേരിക്കയിലെയും ഡോക്ടർമാരെ ഏകോപിപ്പിച്ചുകൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങളും ചെയ്യാനാകുമെന്നാണ് പ്രതീക്ഷയെന്നും മഞ്ജു പറഞ്ഞു വയ്കുന്നു.

ഫോമാ സെൻട്രൽ റീജിയന്റെ ആർ.വി.പി ആയി ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ജോൺസൺ കണ്ണൂക്കാടൻ ഫോമയുടെ ആരംഭം മുതൽ സംഘടനയുടെ വളർച്ചയിൽ പങ്കാളി ആയിരുന്നു .


2018-ൽ ചിക്കാഗോയിൽ വെച്ച് നടന്ന ഫോമാ കൺവെൻഷന്റെ അത്യുജ്ജ്വല വിജയത്തിന്റെ കോഓർഡിനേറ്റർ ആയിരുന്നു. പിന്നീടുള്ള രണ്ടു വർഷം ഫോമയുടെ നാഷണൽ ക്രെഡൻഷ്യൽ കോഓർഡിനേറ്റർ ആയും കാൻകൂണിൽ വെച്ച് നടത്തപ്പെട്ട ഫോമാ കൺവെൻഷന്റെ കലാമേളയുടെ ചെയർമാനായും വിജയകരമായി പ്രവർത്തിച്ചു .പൂണ്ടകാനയിൽ വെച്ച് നടത്തപ്പെട്ട ഇക്കഴിഞ്ഞ ഫോമാ കൺവെൻഷന്റെ സുവനീർ കമ്മിറ്റി കോ ചെയർമാനായിരുന്നു.


ദീർഘ കാലത്തെ പ്രവർത്തന പരിചയവും അനുഭവ സമ്പത്തും ജോൺസനെ ചിക്കാഗോ മലയാളി സമൂഹത്തിന് സുസമ്മതനാക്കി. അദ്ദേഹം ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ട് ആയിരുന്നപ്പോൾ ,പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. അന്ന് തുടങ്ങി വെച്ച ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി അന്നു മുതൽ ഇന്നുവരെ കേരളത്തിലെ ഭവന രഹിതരായ ആളുകൾക്ക് 30-ൽ പരം വീടുകൾ നിർമ്മിച്ച് കൊടുക്കാൻ മുൻകയ്യെടുത്തു. കൂടാതെ അംഗപരിമിതരായവർക്ക് വീൽ ചെയറുകൾ വിതരണം ചെയ്യുകയും, നിർധനരായവർക്ക് മരുന്നിനും മറ്റുമായി സാമ്പത്തിക സഹായങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. ചിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി ചെയർമാനായി ഇപ്പോഴും തന്റെ പ്രവർത്തനങ്ങൾ തുടരുന്നു.ചിക്കാഗോ മലയാളി അസോസിയേഷന്റെ ഗോൾഡൻ ജൂബിലി കൺവെൻഷൻ നടന്നപ്പോൾ അതിന്റെ ഫിനാൻഷ്യൽ ചെയർമാനായിരുന്നു.

ഇദ്ദേഹം സാമൂഹ്യ പ്രവർത്തനങ്ങൾ ഞാൻ ആരംഭിച്ചത് 1988-ൽ സിറോ മലബാർ സഭയുമായി ബന്ധപ്പെട്ടാണ് .സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രസിഡന്റ്,എസ് .എം .സി.സി. പ്രസിഡന്റ് ,എക്യൂമെനിക്കൽ കൌൺസിൽ ട്രെഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് .എസ്.എം.സി.സി. നാഷണൽ വൈസ് പ്രസിഡന്റ് ആയി ഇപ്പോഴും പ്രവർത്തിച്ചു വരുന്നു .മികച്ച സംഘടനാ പ്രവർത്തനത്തിനുള്ള നിരവധി പുരസ്കാരങ്ങൾ ജോൺസണ് ലഭിച്ചിട്ടുണ്ട് .

ഏറ്റെടുക്കുന്ന കാര്യങ്ങൾ വളരെ കാര്യക്ഷമമായും സമയബന്ധിതമായും ചെയ്ത് അതേറ്റവും ഭംഗിയാക്കുക എന്നതാണ് ഇദ്ദേഹത്തിന്റെ പ്രവർത്തന ശൈലി.

ഫോമായുടെ 2026-2028 കാലയളവിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2026 ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹ്യൂസ്റ്റണിൽ വച്ചു നടക്കുന്ന ഫാമിലി കൺവെൻഷനോടനുബന്ധിച്ചു നടക്കും. തങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഫോമായെ സ്നേഹിക്കുന്ന എല്ലാവരുടേയും അകമഴിഞ്ഞ പിന്തുണ ഇവർ അഭ്യർത്ഥിച്ചു.


the cotillion
Outstanding
Chinese cuisine
Our Asian Fusion restaurant is
known for its modern classic dishes
Authentic Indian food
rich in flavor and taste
Conveniently
located
on Jericho
Turnpike
Excellent service and
friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is
guaranteed to be a
great dine experience
The Cotillion has
sophisticated and
inviting atmosphere



# സോഷ്യൽ മീഡിയ: നേപ്പാൾ നമുക്ക് ഒരു പാഠമാകട്ടെ

**ശ്രീകുമാർ ഉണ്ണിത്താൻ**

സാമൂഹ്യ മാധ്യമ നിരോധനത്തിനു പിന്നാലെ നേപ്പാളിൽ യുവാക്കളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭത്തെ തുടർന്ന് തലസ്ഥാനമായ കഠ്മണ്ഡു അടക്കമുള്ള നഗരങ്ങളിൽ ജനജീവിതം സ്തംഭിച്ചിരിക്കുകയാണ്. പാർലമെന്റ് മന്ദിരത്തിനും പ്രസിഡന്റ് രാംചന്ദ്ര പൗഡേലിന്റെയും പ്രധാനമന്ത്രി കെ.പി.ശർമ ഒലിയുടെയും ചില മന്ത്രിമാരുടെയും സ്വകാര്യ വസതികൾക്കും തീയിട്ട പ്രക്ഷോഭകാരികൾ, നേപ്പാളിൽ അരാജകത്വം സൃഷ്ടിച്ചിരിക്കുന്നു .

ചൂണ്ടിക്കാണിക്കാൻ വ്യക്തമായ നേതൃത്വമോ അണിചേരാൻ പ്രത്യയശാസ്ത്ര പിൻബലമോ, പതാകയോ ഒന്നുമില്ലാതെ ജനങ്ങൾ, പ്രത്യേകിച്ച് യുവാക്കൾ തെരുവിലിറങ്ങിയതാണ് പ്രശ്നങ്ങൾക്ക് കാരണം. ജനങ്ങൾക്കിടയിൽ ഭരണകൂടത്തോടുള്ള അതൃപ്തിയെ ആളിക്കത്തിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ഉണ്ടായതിനൊപ്പം സമൂഹമാധ്യമ നിരോധനം കൂടി വന്നപ്പോഴേക്കും അത് പുതുതലമുറയെ വിറളി പിടിപ്പിക്കുകയും വിദ്യാർത്ഥി പ്രക്ഷോഭമായി ആളിപ്പടരുകയും ചെയ്തു .

നമ്മുടെ ലോകം വിവര സാങ്കേതിക വിദ്യയുടെ വിപ്ലവകരമായ മാറ്റത്തിലൂടെ കടന്നുപോകുകയാണ്. അത് ലോകത്തിന്റെ അതിരുകൾ തന്നെ ഇല്ലാതാക്കി. ഒരുകാലത്തു അചിന്തനീയമായിരുന്ന ആശയ വിനിമയ സാദ്ധ്യതകൾ വിരൽതുമ്പിൽ ഒതുക്കുമ്പോളും, ഇതിന്റെ പിന്നിലെ ദൂഷ്യഫലങ്ങൾ ദൂരവ്യാപകമാണ് . ലോകത്തെല്ലായിടത്തും സോഷ്യൽ മീഡിയ സംവിധാനങ്ങളും അതിന്റെ സന്ദേശങ്ങളും ലഭ്യമാണ്. എന്നാൽ ഇത്തരം സംവിധാനങ്ങൾ മൊബൈൽ ഫോൺ,

കമ്പ്യൂട്ടർ എന്നിവയിലൂടെ മനുഷ്യന് സൗകര്യമൊരുക്കുന്നതിലൂടെ അതിന്റെ നല്ല വശമാണ് നാം മനുഷ്യനിൽ നിന്ന് പ്രതീക്ഷിക്കുന്നത് . പക്ഷേ പലപ്പോഴും ഇത് നമ്മുടെ സമയം പാഴാക്കുകയും നമ്മുടെ അജ്ഞതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് നമ്മളിൽ പലരും അറിയാതെ പോകുന്നു.

സുഹൃത്തുക്കളുമായും പ്രിയപ്പെട്ടവരുമായും കണക്റ്റുചെയ്യാനും വിഡിയോ കാണാനും വെറുതെ സമയം തള്ളിനീക്കുവാനുമായാണ് നാം ഇതിന്റെ ഉപയോഗം തുടങ്ങുന്നത്. പിന്നീട് നാം ഇതിന്റെ അടിമകൾ ആയി. ആഹാരം കഴിക്കാൻ ഒരുമിച്ചിരിക്കുന്ന ദമ്പതികളും കുട്ടികളും പോലും സോഷ്യൽ മീഡിയയിൽ നോക്കിയിരുന്നാണ് ആഹാരം കഴിക്കുന്നത്. ഇത് വ്യക്തി ബന്ധങ്ങളിലെ ഊഷ്മളത നഷ്ടപ്പെടുത്തുക മാത്രമല്ല, ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുകയും വ്യക്തികളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്നു.

ഏറെ തിരക്ക് പിടിച്ച നമ്മുടെ ജീവിതത്തിൽ ഫോണിനും കമ്പ്യൂട്ടറിനും ഉള്ള സ്ഥാനം വളരെ വലുതാണ് . ഒരു മണിക്കൂർ ഫോൺ ഇല്ലാതെ അയാൽ നമുക്ക് ഭ്രാന്ത് പിടിക്കും. നാം കുടുംബമോ കൂട്ടുകാരോ ഒക്കെയായി വെക്കേഷന് പോകുമ്പോൾ ഇന്റർനെറ്റ് കിട്ടാതാകുമ്പോൾ ഉണ്ടാകുന്ന ഫോണിൽ റേഞ്ച് തപ്പി പായുന്നത് സ്ഥിരം സംഭവമാണ്. ഇത് നമ്മളൊക്കെ എത്രമാത്രം ഓൺ ലൈൻ ലോകത്തോട് ആസക്തി ഉള്ളവരായി മാറിക്കഴിഞ്ഞുവെന്നതിന്റെ തെളിവ് കൂടിയാണ്. അത് തന്നയാണ് നേപ്പാളിൽ യുവാക്കളുടെ ഇടയിലും സംഭവിച്ചത്. താൽക്കാലിക സമൂഹമാധ്യമ നിരോധനം യുവാക്കളെ വിറളി പിടിപ്പിക്കുകയും അതിൽ നിന്നുള്ള ഫ്രസ്ട്രേഷൻ അക്രമമായി മാറുകയുമാണ് ഉണ്ടായത്.

അമിതമായ സമൂഹമാധ്യമ ഉപയോഗം ശാരീരികവും മാനസികവുമായ ഒട്ടനവധി പ്രശ്നങ്ങളിലേക്ക് നയിക്കുമെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നു. സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടൽ, താരതമ്യം ചെയ്യൽ, സൈബർ ബുള്ളിയിംഗ് എന്നിവയെല്ലാം ഉത്കണ്ഠയ്ക്കും വിഷാദത്തിനും കാരണമാകാം. ലൈക്കുകളും കമന്റുകളും ലഭിക്കാൻ വേണ്ടി മാത്രം സ്വന്തം ജീവിതം അഭിനയിക്കുമ്പോൾ, വ്യക്തിത്വം നഷ്ടപ്പെടുകയും ആത്മാഭിമാനം കുറയുകയും ചെയ്യുന്നു. ഇത് വ്യക്തികളെ കൂടുതൽ ഒറ്റപ്പെട്ടവരാക്കി മാറ്റുന്നു. അടുത്തിടെ റിപ്പോർട് ചെയ്ത ആത്മഹത്യകളിൽ ഏറിയ പങ്കും സോഷ്യൽ മീഡിയയുടെ അതിപ്രസരം മൂലമായിരുന്നു. മൊബൈൽ ഫോൺ കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ എണ്ണവും വർധിച്ചു വരികയാണ്.






മനുഷ്യന് ഒഴിവാക്കാനാവാത്ത വിധം ജീവിതത്തിന്റെ സകല മേഖലകളിലും സോഷ്യൽ മീഡിയ ഉപയോഗം മനുഷ്യനെ കീഴടക്കിയിരിക്കുന്നു. നാം അറിയാതെ സോഷ്യൽ മീഡിയക്ക് അടിമകൾ ആയി മാറുന്ന കാഴ്ചയാണ് കാണുന്നത് . പല ഗുണങ്ങളും സോഷ്യൽ മീഡിയ ഉപയോഗത്തിലൂടെ ലഭിക്കുമ്പോഴും അതിലെ തിന്മകൾ നമ്മൾ തിരിച്ചറിയുന്നത് ഇത്തരം പ്രവർത്തനങ്ങൾ നമുക്ക് ചുറ്റും നടക്കുമ്പോഴാണ്. നിയന്ത്രിതവും ലക്ഷ്യബോധത്തോടെയുമുള്ള ഉപയോഗത്തിലൂടെ സമൂഹമാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയും. യഥാർത്ഥ ലോകത്തിലെ ബന്ധങ്ങൾക്കും ജീവിതത്തിലെ സന്തോഷങ്ങൾക്കും പ്രാധാന്യം നൽകി, സമൂഹമാധ്യമങ്ങളെ ഒരു സഹായ ഉപാധിയായി മാത്രം കാണാൻ നമുക്ക് സാധിക്കണം. 'സോഷ്യൽ മീഡിയ നമ്മളെ കണ്ട്രോൾ ചെയ്യുന്നതിന് പകരം നമുക്ക് ജീവിത്തിൽ സോഷ്യൽ മീഡിയയെ കോൺട്രാൾ ചെയ്യുവാൻ കഴിയട്ടെ '



# വൈവിധ്യമാർന്ന ദൃശ്യവിരുന്നൊരുക്കി ഡാളസ് കേരള അസോസിയേഷൻ ഓണമാഘോഷിച്ചു

പി പി ചെറിയാൻ



ഡാളസ്: വൈവിധ്യമാർന്ന ദൃശ്യവിരുന്നിനു വേദിയൊരുക്കി ഡാളസ് കേരള അസോസിയേഷൻ സംഘടിപ്പിച്ച ഓണമാഘോഷം ആകർഷകമായി സെപ്റ്റംബർ 6-ന് രാവിലെ 10 മണിക്ക് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹാളിൽ വെച്ച് (MGM Hall) വെച്ചായിരുന്നു ഓണാഘോഷം.

പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) അധ്യക്ഷത വഹിച്ച ഓണാഘോഷ പരിപാടിയിൽ ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (IPMA) ഉക്രെയ്ൻ പ്രസിഡന്റായ ഡോ. യു.പി ആർ. മേനോൻ ഓണസന്ദേശം നൽകി

കളരി, മോഹിനിയാട്ടം, കേരള നടനം, മാർഗ്ഗംകളി, ഒപ്പന, തെയ്യം, കഥകളി, പുലിക്കളി, ഓട്ടൻതുള്ളൽ തുടങ്ങിയ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ വേദിയിൽ അവതരിപ്പിച്ചത് കാണികൾ ഹർഷാവരത്തോടെയാണ്







സ്വീകരിച്ചത്. വള്ളംകളി,നാടൻനൃത്തം, വർണച്ചുവട് തുടങ്ങിയ മനോഹരമായ നൃത്തപരിപാടികളും ഓണാഘോഷത്തിന്റെ മാറ്റ് വർധിപ്പിച്ചു. പാരമ്പര്യവും നിറങ്ങളും ഒത്തുചേരുന്ന അത്തപ്പൂക്കളം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

ഇവയെല്ലാം ഒത്തുചേർന്ന് ഒരുമയുടെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകുന്ന ദൃശ്യവിരുന്നായിരിന്നു ഓണാഘോഷമെന്ന് സംഘാടകർ അവകാശപ്പെട്ടു. അതോടൊപ്പം രണ്ടായിരത്തിലധികം പേർക്ക് വിളംബിയ കേരള തനിമയാർന്ന ഓണസദ്യയും ആസ്വദിച്ചാണ് അംഗങ്ങൾ പിരിഞ്ഞുപോയത്

സുബി ഫിലിപ്പ് (ആർട്ട്സ് ഡയറക്ടർ),മഞ്ജിത് കൈനിക്കര (സെക്രട്ടറി), ദീപക് നായർ, മാത്യു നൈനാൻ,ജയ്സി ജോർജ് ,വിനോദ് ജോർജ്, ബേബികൊടുവത്ത്, ദീപു രവീന്ദ്രൻ, അനശ്വർ മാമ്പിള്ളി, ഡിംപിൾ ജോസഫ് ,സാബു മാത്യു, ഫ്രാൻസിസ് അംബ്രോസ്, തോമസ് ഈശോ, നെബു കുര്യാക്കോസ്, ടോമി നെല്ലുവേലിൽ,ഷിബു ജെയിംസ്, സിജു വി ജോർജ് ,ഷിജു എബ്രഹാം മെഗാ സ്പോൺസർ ജെയിംസ് മഡ്മന , ഗ്രാൻഡ് സ്പോൺസർ ഷിജു അബ്രഹാം,എം സി മാരായ സിബി തലക്കുളം, സുധിഷ് നായർ എംസുബി ഫിലിപ്പ് , മീര മാത്യു എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു






# ഡോ. ഷൈനി രാജു ഫൊക്കാന വിമെൻസ് ഫോറം ചെയർ ആയി മത്സരിക്കുന്നു

**ഷിജിമോൻ മാത്യു**
**(മഞ്ച് സെക്രട്ടറി )**



ന്യൂ ജേഴ്സി: ന്യൂ ജേഴ്സിയിലെ പ്രമുഖ മലയാളീ സംഘടനയായ മലയാളീ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ (മഞ്ച്) മുൻ പ്രസിഡന്റ് ഡോ. ഷൈനി രാജുവിനെ ഫൊക്കാനയുടെ 2026 -2028 ലെ ഭരണസമിതിയിൽ വിമെൻസ് ഫോറം ചെയർ ആയി മത്സരിക്കുവാൻ മഞ്ച് കമ്മിറ്റി എൻഡോഴ്സ് ചെയ്തു. വിമെൻസ് ഫോറം എക്യൂട്ടിവ് കമ്മിറ്റി മെംബർ , റീജണൽ വിമെൻസ് ഫോാം കോർഡിനേറ്റർ, നാഷണൽ കമ്മിറ്റി മെംബർ തുടങ്ങി നിരവധി സ്ഥാനങ്ങൾ ഫൊക്കാനയിൽ വഹിച്ചിട്ടുണ്ട്.

അവതാരക, സംഘടനാ പ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, ചാരിറ്റി പ്രവർത്തക , അദ്ധ്യാപിക , ഹെൽത്ത് കെയർ പ്രോഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് ന്യൂജേഴ്സിക്കാരുടെ അഭിമാനമായ ഡോ. ഷൈനി രാജു. ഫൊക്കാനയുടെ വിവിധ കൺവെൻഷനുകളുടെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട പല കമ്മിറ്റികളിലും അംഗമായിരുന്നു.

ഡോ. ഷൈനിയുടെ നേതൃത്വത്തിൽ മഞ്ച് നിരവധി ചാരിറ്റി പ്രവത്തനങ്ങൾ നടത്തുകയും സംഘടയുടെ പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തു. സംഘടനയിൽ ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾക്ക് കരണമാകാനും ഷൈനിയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ന്യൂ ജേഴ്സി മേഘലയിലെ കല-സാംസ്കാരിക വേദികളിൽ നിറ സാന്നിധ്യമായ ഡോ.ഷൈനി ഒരു റ്റി വി അവതാരക കൂടിയാണ്.

ന്യൂ ജേഴ്സിയിലെ എസക്സ് കൗണ്ടി കോളേജ്, കേൾഡ് വെൽ യൂണിവേഴ്സിറ്റി എന്നിവടങ്ങളിൽ മാത്തമാറ്റിസ് അദ്ധ്യാപികയായി സേവനം ചെയ്യുന്ന ഡോ. ഷൈനി ഒരു ഒരു ഹെൽത്ത് കെയർ പ്രൊഫഷണൽ കുടിയാണ് . എസക്സ് കൗണ്ടി കോളേജിൽ റേഡിയോളജി വിഭാഗത്തിൽ ക്ലിനിക്കൽ കോർഡിനേറ്റർ കൂടിയാണ് അവർ.

കേരളത്തിൽ നിന്നും മത്തമാറ്റിസിൽ മാസ്റ്റേഴ്സ് കഴിഞ്ഞ ഡോ.ഷൈനി ന്യൂ ജേഴ്സി സ്റ്റേറ്റ് കോളേജിൽ നിന്നും എം എസും , അതിന് ശേഷം ജഒഉ യും കാരസ്ഥമാക്കിയിട്ടുണ്ട്. മത്തമാറ്റിസിൽ പി എച് ഡി യുള്ള ചുരുക്കം ചില ആളുകളിൽ ഒരാളാണ് ഷൈനി . ഭർത്താവ് അറിയപ്പെടുന്ന ഗായകൻ കൂടിയായ രാജു ജോയി ഇപ്പോൾ മഞ്ചിന്റെ പ്രസിഡന്റ് ആണ്.

മക്കൾ ജെഫ്റി , ജാക്കി.



# ബിനോയ് തോമസ് ഫോമാ ട്രഷറർ ആയി (2026-2028) മത്സരിക്കുന്നു

ന്യു യോർക്ക്: പ്രമുഖ മലയാളി സംഘടന കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് മുൻ പ്രസിഡണ്ടും ഫോമാ ന്യൂ യോർക്ക് മെട്രോ റീജിയൻ ആർ.വി.പിയും ആയിരുന്ന ബിനോയ് തോമസ് ഫോമാ ട്രഷറർ (2026-2028) ആയി മത്സരിക്കുന്നു

അമേരിക്കൻ മണ്ണിൽ 40 വർഷത്തെ കലാ സാംസ്കാരിക നേതൃരംഗത്തെ പ്രവർത്തി പരിചയവുമായാണ് ബിനോയ് തോമസ് മത്സരരംഗത്തെത്തുന്നത്. കോവിടിന്റെ പ്രഭവ കേന്ദ്രമായിരുന്ന (epicenter) ആയിരുന്ന ന്യുയോർക്കിൽ മഹാമാരി കാലത്ത് ഫോമാ മെട്രോ റീജിയനെ വിജയ പാതയിലേക്ക് നയിക്കുവാൻ കരുത്തു കാണിച്ച നേത്രുത്വ പാടവം ഏറെ അഭിനന്ദനം നേടിയിരുന്നു. മഹാമാരിയിൽ ദുരിതത്തിലായവർക്ക് തുണയാകാനും സഹായമെത്തിക്കാനും ഫോമയുടെ മുന്നിൽ നിന്നു പ്രവർത്തിക്കുവാനായതിൽ ബിനോയി അഭിമാനിക്കുന്നു.

'എന്നെ ഞാനാക്കിയ, അക്ഷരങ്ങളുടെയും അമ്പലങ്ങളുടെയും പള്ളികളുടെയും നാടായ കോട്ടയത്ത് നിന്നും എത്തിയ എനിക്ക് നാടിനെ സ്നേഹിക്കാനും കേരള കലാ സാംസകാരിക രംഗത്തു വളരുവാനും സഹായകമായത് കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് എന്ന സംഘടനയാണ്. അതുപോലെ തന്നെ നല്ല സുഹൃത്ബന്ധളും,' ബിനോയ് ചൂണ്ടിക്കാട്ടുന്നു.

'കേരളത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ അമേരിക്കൻ മലയാളികളുടെ മനസ്സിൽ മായാതെ നിലനിറുത്തുന്നതിനൊപ്പം വിധിയുടെ വിളയാട്ടത്തിൽ വീണുപോയവർക്ക് കൈത്താങ്ങായി തീരുവാൻ ഫോമാ എന്ന സംഘടനയിൽ കൂടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു.'

കേരള സമാജത്തിന്റെ മേൽക്കൂര പ്രൊജക്റ്റ് കോർഡിനേറ്റർ ആയി പ്രവർത്തിച്ചു 8 ഭവനങ്ങൾ നിർമ്മിച്ചു നൽകി . പ്രക്രുതി ദുരന്തത്തിൽ തകർന്ന വയനാട്ടിൽ സഹായമെത്തിക്കാൻ 24 ന്യൂസിനൊപ്പം കേരള സമാജം പ്രവർത്തിക്കുകയുണ്ടായി .

'ഭവനരഹിതർക്കു ഒരു തണലായി തീരുവാനും സഹജീവികളെ സ്നേഹിക്കുവാനും കലാരംഗത്തെ തൊട്ടുണർത്തുവാനും കഴിഞ്ഞതിൽ അഭിമാനിക്കുന്നു . എല്ലാ മലയാളി സംഘടനകളെയും ഒരു കുടക്കീഴിൽ ഒരുമിച്ചു നിർത്തി കലാ സാംസ്കാരിക സാമൂഹിക രംഗത്ത് ഏറ്റവും നല്ല മാതൃകയാകുവാൻ സാധിക്കും എന്നുറപ്പുണ്ട്.'

അമേരിക്കയിലും കാനഡയിലുമുള്ള നിരവധി സുഹൃത്തുക്കളുടെ അഭ്യർത്ഥന പ്രകാരമാണ് താൻ മത്സരരംഗത്ത് വന്നതെന്നും ബിനോയി വ്യക്തമാക്കി.

# ഗ്രേറ്റർ ഹ്യൂസ്റ്റൺ N.S.S 2025 ഓണം ആഘോഷിച്ചു

2025 ഓഗസ്റ്റ് 31-ന് നടന്ന ഞങ്ങളുടെ ഓണാഘോഷത്തിന്റെ വിജയത്തിന് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. നിങ്ങളുടെ കൂട്ടായ പരിശ്രമവും അചഞ്ചലമായ പിന്തുണയും ഈ പരിപാടിയെ ശരിക്കും സവിശേഷമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. പരിമിതമായ സമയപരിധിക്കുള്ളിൽ ഒരു ഗംഭീര ഷോ സംഘടിപ്പിച്ചതിന് സാംസ്കാരിക കോർഡിനേറ്റർമാരായ നിഷ നായർ, പ്രെജി സുരേഷ് നായർ, സുനിത ഹരി എന്നിവർക്ക് ഞങ്ങളുടെ ഹൃദയംഗമമായ നന്ദി. പരിശീലനത്തിനായി പങ്കെടുക്കുന്നവരുമായി, പ്രത്യേകിച്ച് ഹ്യൂസ്റ്റണിൽ നടക്കുന്ന ഒന്നിലധികം ഓണാഘോഷങ്ങളിൽ, ഏകോപിപ്പിക്കുന്നതിന് വളരെയധികം സമർപ്പണം ആവശ്യമാണ്, കൂടാതെ ഗ്രൂപ്പ് ഇവന്റ് ലീഡുകളായ അംഗിത മേനോൻ, ശ്രീകു നായർ, രാധ നായർ, അർച്ചന നായർ, പ്രെജി നായർ, മനോജ് നായർ എന്നിവരെ അവരുടെ അസാധാരണമായ പ്രവർത്തനത്തിന് ഞങ്ങൾ അഭിനന്ദിക്കുന്നു. ആദ്യമായി നർത്തകികളായ, ഞങ്ങളുടെ പരിചയസമ്പന്നരായ കലാകാരന്മാർക്കും അവരുടെ മാതാപിതാക്കൾക്കും പരിശീലനത്തിനിടയിലെ അവരുടെ പ്രതിബദ്ധതയ്ക്കും സമയനിഷ്ഠയ്ക്കും പ്രത്യേക അംഗീകാരം ലഭിക്കുന്നു. മഹാബലിയെ പ്രതിനിധീകരിച്ചതിന് സുരേഷ് കരുണാകരനെയും വസ്ത്രാലങ്കാരം പൂർത്തിയാക്കിയതിന് ശ്രീകു നായരെയും ഞങ്ങൾ അഭിനന്ദിക്കുന്നു. മികച്ച പ്രകടനം കാഴ്ചവെച്ച് പ്രേക്ഷകരെയും പങ്കാളികളെയും ഫലപ്രദമായി പങ്കെടുപ്പിച്ചതിന് ശ്രീ. ഒനിയേൽ കുറുപ്പിനും ശ്രീമതി. പ്രെജി സുരേഷ് നായർക്കും ഞങ്ങളുടെ



നന്ദി. ചടങ്ങിൽ പങ്കെടുത്ത 11 ബിരുദധാരികൾക്ക് ഇഷ്ടാനുസൃത ഫലകങ്ങൾ സമ്മാനിച്ചതിനും ശ്രീമതി. സിന്ധു മേനോനും, വെണ്ടർമാരുമായും ഷിപ്പിംഗ് ടീമുമായും ഏകോപിപ്പിച്ചതിന് നിഷ നായർക്കും ഞങ്ങൾ നന്ദി പറയുന്നു. കൂടാതെ, ഞങ്ങളുടെ ഓണാഘോഷങ്ങളുടെ സ്ഥിരമായ ഒരു ആകർഷണമായ മനോഹരമായ പൂക്കളം സൃഷ്ടിക്കുന്നതിൽ അവർ നടത്തിയ പരിശ്രമങ്ങൾക്ക് മനോജ് (എസ്ജിടി), നിഷ നായർ, ശ്രീകല വിനോദ്, സുരേഷ് കരുണാകരൻ, സുനിത ഹരി, ജയശ്രീ നായർ, ശ്രീകു നായർ എന്നിവരെ ഞങ്ങൾ അഭിനന്ദിക്കുന്നു. മനോഹരമായി അവതരിപ്പിച്ച തിരുവാതിര നൃത്തസംവിധാനത്തിനും സംഘാടനത്തിനും ശ്രീമതി. ഷിംന നവീൻ ഞങ്ങളുടെ നന്ദി അർഹിക്കുന്നു.

ഓണാഘോഷങ്ങളുടെ ഒരു മൂലക്കല്ലാണ് സദ്യ, ഭക്ഷണ ഗതാഗതത്തിലും സേവനത്തിലും സഹായിച്ച എല്ലാ സന്നദ്ധ പ്രവർത്തകരോടും ഞങ്ങൾ അഗാധമായ നന്ദിയുള്ളവരാണ്, രാജേഷ്, വിദ്യ നായർ, ഉണ്ണികൃഷ്ണ പിള്ള, രാജു നായർ, ശ്രീകല വിനോദ്, അജിത് പിള്ള, മുരളി പള്ളിക്കര, അപ്പത്ത് ഉണ്ണി കൃഷ്ണൻ എന്നിവരെ അവരുടെ സമർപ്പണത്തിന് പ്രത്യേകം പരാമർശിക്കുന്നു. സദ്യയ്ക്കായി ഞങ്ങൾക്ക് ലഭിച്ച ഉദാരമായ സംഭാവനകൾക്കും ഞങ്ങൾ വളരെയധികം നന്ദിയുള്ളവരാണ്. ഒരു ലാഭേച്ഛയില്ലാത്ത സംഘടന എന്ന നിലയിൽ, ഈ പരിപാടികളുടെ വിജയകരമായ നടത്തിപ്പ് പൂർണ്ണമായും ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ ദയാപൂർവമായ സംഭാവനകളെ ആശ്രയിച്ചിരിക്കുന്നു. പരിപാടിയുടെ സ്റ്റേജ് പരിശീലനങ്ങൾക്കും അലങ്കാരങ്ങൾക്കും വേദിയിലേക്ക് പ്രവേശനം നൽകിയതിന് പെയർലാൻഡിലെ നൈറ്റ്സ് ഓഫ് കൊളംബസിന്റെ മാനേജ്മെന്റിന് ഞങ്ങൾ നന്ദി പറയുന്നു. അങ്കിത മേനോൻ, അൻവേഷ് മോഹൻ എന്നിവരുടെ നേതൃത്വത്തിലുള്ള അലങ്കാര കമ്മിറ്റിയും മീനാക്ഷി നായരും ചേർന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ വേദി പരിവർത്തനം ചെയ്യുന്നതിൽ അവിശ്വസനീയമായ ജോലി ചെയ്തു. ഓരോ വളണ്ടിയറിയെയും വ്യക്തിഗതമായി പേരിടുന്നത് വെല്ലുവിളി നിറഞ്ഞതാണെങ്കിലും, നിങ്ങളുടെ സംഭാവനകൾ വളരെയധികം വിലമതിക്കപ്പെടുന്നുവെന്നും ആഴത്തിൽ വിലമതിക്കപ്പെടുന്നുവെന്നും ദയവായി അറിയുക. അവസാനമായി, എല്ലാ ബോർഡ് അംഗങ്ങൾക്കും അവരുടെ നിസ്വാർത്ഥ പിന്തുണയ്ക്ക് എന്റെ അഗാധമായ നന്ദി അറിയിക്കുന്നു. സംഭാവന നൽകിയ എല്ലാവരെയും ഈ അംഗീകാരം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു; ആരെയെങ്കിലും അബദ്ധവശാൽ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, അത് മനഃപൂർവമല്ലെന്ന് ഉറപ്പാക്കുക. നിങ്ങൾ ആഘോഷങ്ങൾ നന്നായി ആസ്വദിച്ചുവെന്നും ഒരു യഥാർത്ഥ കുടുംബ സംഗമത്തിന്റെ ഊഷ്മളത അനുഭവിച്ചെന്നും ഞങ്ങൾ വിശ്വസിക്കുന്നുഎന്നും പ്രസിഡന്റ് സുനിൽ രാധമ്മയും സെക്രട്ടറി അഖിലേഷ് നായരും അറിയിക്കുന്നു.

വാർത്ത അയച്ചത് :ശങ്കരൻകുട്ടി ഹ്യൂസ്റ്റൺ .



# മാധ്യമ സമ്മേളന വേദിയിൽ ആതിഥേയരായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂ യോർക്ക് ചാപ്റ്ററിന്റെ അവലോകനയോഗവും ഓണസദ്യയും



**ഷോളി കുമ്പിളുവേലി**
**ന്യൂ യോർക്ക്**
**ചാപ്റ്റർ പ്രസിഡന്റ്**

ന്യൂ യോർക്ക് : അടുത്ത മാസം 9,10,11 തീയതികളിൽ ന്യൂജേഴ്സിയിലെ ഷെറാട്ടൺ എഡിസൺ ഹോട്ടൽ സമുച്ചയത്തിൽ നടക്കുന്ന ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11- മത് ഇന്റർനാഷണൽ മീഡിയ കോൺഫറൻസിന്റെ ഒരുക്കങ്ങൾ വിലയിരുത്തി ആതിഥേയരായ ന്യൂ യോർക്ക് ചാപ്റ്റർ. ഷെറാട്ടൺ എഡിസൺ ഹോട്ടലിൽ ചേർന്ന അവലോകന യോഗത്തിൽ, മാധ്യമ പ്രവർത്തകർക്ക് പുറമേ ഫൊക്കാന, ഫോമ, വേൾഡ് മലയാളീ കൗൺസിൽ, കൂടാതെ സാമൂഹ്യ രാഷ്ട്രീയ മാധ്യമ രംഗത്തെ നിരവധി പ്രമുഖരും സംരഭകരും പങ്കെടുത്തു.

ഐ.പി.സി.എൻ.എ ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡൻറ് ഷോളികുമ്പിളുവേലിയുടെഅധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഐ.പി.സി.എൻ.എ ദേശീയ പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ, ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം, ന്യൂ യോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, വൈസ് പ്രസിഡന്റ് ജേക്കബ് മാനുവൽ, തുടങ്ങിയവർ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന കോൺഫറസിനെകുറിച്ച് സംസാരിക്കുകയും എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുകയും ചെയ്തു.

വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകളെ പ്രതിനിധീകരിച്ചു നിരവധി പേർ ആശംസകളും, എല്ലാവിധ സഹായ സഹകരണങ്ങളും അറിയിച്ചു. റോക്‌ലാൻഡ് കൗണ്ടി ലജിസ്ലേച്ചർ വൈസ് ചെയർ ഡോ ആനി പോൾ, ഫൊക്കാന പ്രസിഡൻറ്





ഡോ സജിമോൻ ആന്റണി, ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫോമാ മുൻ പ്രസിഡൻറ് അനിയൻ ജോർജ്, ഫൊക്കാന മുൻ പ്രസിഡൻറ് പോൾ കറുകപ്പള്ളി, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് (അമേരിക്ക റീജിയൻ) ഡോക്ടർ തങ്കമണി അരവിന്ദൻ, ജിനേഷ് തമ്പി, പിന്റോ ചാക്കോ, അനീഷ് ജയിംസ്, ഫോമ മുൻ ജനറൽ സെക്രട്ടറി ജിബി തോമസ്, മലയാളീ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്‌സി പ്രസിഡന്റ് രാജു ജോയ്, സാമൂഹ്യ സാംസ്‌കാരിക പ്രവർത്തകനും മുൻ കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് പ്രസിഡന്റുമായ ജിഷോ, അനിൽ പുത്തൻചിറ, റീന പുത്തൻചിറ, കുഞ്ഞുമോൾ വർഗീസ്, പ്രമുഖ ടെലിവിഷൻ നിർമാതാവ് ജില്ലി സാമുവേൽ, ബോബി സാമുവേൽ, ലത കറുകപ്പിള്ളിൽ, ഷൈബു വർഗീസ്, ജിബി ജേക്കബ് വർഗീസ് കൂടാതെ നിരവധി പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ പ്രവർത്തങ്ങൾ പിന്തുണക്കുന്ന സംരംഭകരായ ദിലീപ് വർഗീസ്, ഗ്ലോബൽ കൊളിഷന്റെ നോഹ ജോർജ്, ജോസഫ് കാഞ്ഞമല സി പി എ, അനിൽ പുത്തൻചിറ, ബിനോയ് തോമസ് എന്നിവരും, ഐ.പി.സി.എൻ.എയെ പ്രതിധിനിധീകരിച്ചു മുൻ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര, ചാപ്റ്റർ അംഗങ്ങൾ ബിജു ജോൺ കൊട്ടാരക്കര, ജിനേഷ് തമ്പി, മാത്തുക്കുട്ടി ഈശോ, ജയൻ ജോസഫ് തുടങ്ങിയരും സംസാരിച്ചു.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. കോൺഫെറൻസ് ചെയർമാൻ - സജി എബ്രഹാം, ജനറൽ കൺവീനർ -ഷോളി കുമ്പിളുവേലി (ചഥ ചാപ്റ്റർ പ്രസിഡന്റ്) റിസപ്ഷൻ / രജിസ്ട്രേഷൻ : ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോക്ടർ തങ്കമണി അരവിന്ദ്. ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി. ടൈം മാനേജ്‌മെൻറ് : റെജി ജോർജ് / ജോർജ് തുമ്പയിൽ. പ്രോഗ്രാം: താജ് മാത്യു. ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം. ട്രാൻസ്‌പോർട്ടേഷൻ : പിൻറ്റോ ചാക്കോ, അനീഷ് ജെയിംസ്. സേഫ്റ്റി / സെക്യൂരിറ്റി കമ്മിറ്റി ; ജിഷോ, സുവനീർ : മാത്തുക്കുട്ടി ഈശോ. ഓഡിയോ വിഷ്വൽ : ജില്ലി സാമുവേൽ

കൂടാതെ, ഐ.പി.സി.എൻ.എയുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ് എലെക്ട്- രാജു പള്ളത്തു എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

ഇന്റർനാഷണൽ മീഡിയ കോൺഫറൻസിൽ കേരളത്തിൽ നിന്നും ജനപ്രതിനിധികളും മുതിർന്ന മാധ്യമ പ്രവർത്തകരും പങ്കെടുക്കും.

കോൺഫെറൻസിനെ കുറിച്ച് കൂടുതൽ അറിയാൻ താൽപ്പര്യമുള്ളവർ താഴെ പറയുന്നവരെ ബന്ധപ്പെടുക: സുനിൽ ട്രൈസ്റ്റാർ, ഷിജോ പൗലോസ്, സുനിൽ തൈമറ്റം, വിശാഖ് ചെറിയാൻ, അനിൽകുമാർ ആറന്മുള, ആശ മാത്യു, റോയ് മുളകുന്നം സജി എബ്രഹാം, ഷോളി കുമ്പിളുവേലി, രാജു പള്ളത്, മധു കൊട്ടാരക്കര, ബിജു കൊട്ടാരക്കര, ജോജോ കൊട്ടാരക്കര, ബിനു തോമസ് മറ്റു ന്യൂ യോർക്ക് ചാപ്റ്റർ ഭാരവാഹികളെയും ബന്ധപ്പെടാവുന്നതാണ്.



# റോക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ പരി. കന്യാമറിയത്തിന്റെ തിരുനാൾ ഭക്തിനിർഭരമായി



**ജസ്റ്റിൻ ചാമക്കാല**

ന്യൂയോർക്ക്: പരി. കന്യാ മറിയത്തിന്റെ പിറവി തിരുന്നാൾ റോക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഭക്തിനിർഭരമായി ആഘോഷിച്ചു. ഇടവക വികാരി ഫാ . ഡോ. ബിബി തറയിൽ തിരുന്നാളിന്റെ പ്രധാന ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു കൊടിയേറ്റി.

ഇടവകയിലെ 94 പേരാണ് ഇക്കുറി പ്രസുദേന്തിമാരായത്. തിരുന്നാളിന്റെ രണ്ടാം ദിവസമായ ശനിയാഴ്ച പ്രസുദേന്തി വാഴ്ചയും ഇംഗ്ലീഷ് കുർബാനയും കൂടാതെ സിസിഡി ഫെസ്റ്റ് നടന്നു. സിസിഡി ഫെസ്റ്റ് ന്യൂയോർക് ഫൊറാനയിലുള്ള സിസ്റ്റേഴ്സും വൈദികരും ഉത്ഘാടനം ചെയ്തു. വിവിധ തരത്തിൽ ഉള്ള ഫുഡ് സ്റ്റാളുകളും സജീവമായി.

തിരുന്നാൾ ദിവസം സെപ്റ് 7 ന് ഞായറാഴ്ച 4 പിഎം നു ആഘോഷമായ തിരുന്നാൾ കുർബാന ഫാ .ലിജോ കൊച്ചുപറമ്പിലിന്റെ കാർമികത്വത്തിൽ നടന്നു .തിരുന്നാൾ സന്ദേശം നൽകിയത് ഫാ . മാത്യു മേലേടത്തു ആയിരുന്നു .

ബ്രോങ്ക്സ് സീറോ മലബാർ ഇടവകയിലെ ടീമിന്റെ ചെണ്ട മേളത്തോടെയുള്ള തിരുന്നാൾ പ്രദക്ഷണത്തിൽ കുട്ടികൾ വിശുദ്ധന്മാരുടെയും മാലാഖാമാരുടെയും വേഷത്തിൽ അണിനിരന്നു.

പരിശുദ്ധ കുർബാനയുടെ ആശിർവാദത്തിനു ശേഷം ഇടവക ട്രസ്റ്റീ സിബി മണലേൽ തിരുന്നാൾ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരോടും നന്ദി പറഞ്ഞു .ഭക്തി നിർഭരമായ തിരുന്നാൾ ആഘോഷങ്ങൾ സ്നേഹ വിരുന്നോടെ സമാപിച്ചു .













# മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളിയിലെ ഓണാഘോഷം ഹൃദ്യമായി

സജി സ്കറിയ (പി.ആർ.ഒ)

മെസ്കീറ്റ്: മലയാളിയുടെ ദേശീയോത്സവം, സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഓണം സെപ്റ്റംബർ ഏഴാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് സിറിയക് പള്ളിയിൽ ആഘോഷിച്ചു.

വർണ്ണശബളമായ, കേരളത്തനിമയിലുള്ള വസ്ത്രങ്ങൾ അണിഞ്ഞാണ് എല്ലാവരും പള്ളിയിൽ എത്തിയത്. ഇടവകാംഗങ്ങൾ പാചകം ചെയ്ത ഇരുപതിൽപ്പരം വിഭവങ്ങളാണ് ഓണസദ്യയ്ക്ക് വിളമ്പിയത്.

അനുഷ്ഠാനങ്ങളുടേയും, ആചാരങ്ങളുടേയും ആഘോഷം മാത്രമല്ല ഓണം. സത്യസന്ധതയും സമൃദ്ധിയും നിറഞ്ഞ ഒരു ഭൂതകാലത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് കൂടിയാണെന്നും, സമാധാനപരവും, ഐക്യവും സ്നേഹവും നിറഞ്ഞ അനേകം ഓണാഘോഷങ്ങൾ നമ്മുടെ മുന്നിലുണ്ടാകട്ടെയെന്ന് വികാരി റവ. ഫാ. ബിനു തോമസ് ആശംസിച്ചു.

ഓണസദ്യയിൽ പങ്കെടുത്ത എല്ലാവർക്കും ഇത് മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. ദീനാമ്മ ജോൺ ഓണവിഭവത്തിന്റെ കോർഡിനേറ്ററായിരുന്നു.










# സൗത്ത് ഫ്ലോറിഡ കേരള സമാജം ഓണാഘോഷം




സൗത്ത് ഫ്ലോറിഡ : കേരള സമാജം സൗത്ത് ഫ്ലോറിഡയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ' ഓണമഹോത്സവം 2025' ആഘോഷങ്ങൾക്ക് അഭൂത പൂർവ്വമായ തിളക്കത്തോടെ പര്യവസാനം. ആഗസ്റ്റ് മാസം 23 ശനിയാഴ്ച നടത്തപ്പെട്ട പ്രസ്തുത ആഘോഷങ്ങൾക്ക് 1500-ൽ അധികം ആളുകളാണ് പങ്കെടുത്തത്. ഈ സംഘടനയുടെ ചരിത്രത്തിലാദ്യമായി ഉച്ച സമയത്തുള്ള ഓണ സദ്യയും അതെ തുടർന്നുള്ള കല പരിപാടികളും ഇവിടുത്തെ മലയാളി സമൂഹത്തിന്റെ മുക്ത കണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതമായി.

പരമ്പരാഗത ഓണപ്പൂക്കളം, തിരുവോണ സദ്യ, ചെണ്ട മേളം, കലാപരിപാടികൾ, എന്നിവയായിരുന്നു ആഘോഷത്തിന്റെ മുഖ്യ ആകർഷണങ്ങൾ. സംഘടനയുടെ 41 വർഷത്തെ ചരിത്രം പേറുന്ന ഭശംഖൊലി' എന്ന സുവനീറിന്റെ പ്രകാശനവും ഈ ഒത്തുചേരലിൽ നിർവഹിക്കപ്പെട്ടു. ടീം മയാമി ഒരുക്കിയ സംഗീത നൃത്ത നാടകം ( വൈശാലി ) ഇത്തവണത്തെ കലാപരിപാടികളിലെ പ്രമുഖ ആകർഷണമായിരുന്നു. വളരെ കൃത്യതയോടും , വ്യക്തമായ സംഘടനാ മികവോടും കൂടെ നടത്തപ്പെട്ട സദ്യ വിളമ്പൽ മലയാളി മനസ്സുകൾക്ക് ഓണം പോലെ തന്നെ ഹൃദ്യമായ അനുഭവമായി.

സമാജം പ്രെസിഡന്റ് , ബിജു ജോൺ നിലവിളക്കു തെളിയിച്ച് ഔപചാരികമായി ഉത്ഘാടനം നിർവ്വഹിച്ച പ്രസ്തുത ആഘോഷ പരിപാടിയിൽ, ടൗൺ ഓഫ് ഡേവി മേയറായ ബഹു: ജൂഡി പോളിനെ സൗത്ത് ഫ്ലോറിഡയിലെ മലയാളി സമൂഹത്തിനു നൽകുന്ന പിന്തുണകൾക്കുള്ള അംഗീകാരമെന്ന നിലയിൽ പ്രത്യേക ഫലകം നൽകി ആദരിച്ചു. ഏറ്റവും നല്ല സിപിഎ



ക്കുള്ള ഫോബ്സ് മാഗസിന്റെ പുരസ്കാരം ലഭിച്ച ജോസ് തോമസ്സിനെയും ചടങ്ങിൽ പ്രത്യേകമായി ആദരിക്കുകയുണ്ടായി. അവർ ലേഡി ഓഫ് ഹെൽത്ത് സീറോ മലബാർ കാത്തലിക് ചർച്ചിന്റെ വികാരിയായ ഫാ: ജോർജ് ഇളമ്പാശ്ശേരിൽ ഓണ സന്ദേശം നിർവഹിച്ചു.

സമാജത്തിന്റെ ഈ വർഷത്തെ ഭാരവാഹികളായി താഴെപ്പറയുന്ന വ്യക്തികൾ വിവിധ ചുമതലകൾ നിർവഹിക്കുന്നു.

ബിജു ജോൺ (പ്രസിഡന്റ് )

ഷാജൻ കുറുപ്പുമഠം (വൈസ് പ്രസിഡൻറ് )

മാത്യു ജോൺ (സെക്രട്ടറി )

നിധീഷ് ജോസഫ് (ട്രഷറർ )

സഞ്ജയ് നടുപറമ്പിൽ (ജോയിന്റ് സെക്രട്ടറി )

രതീഷ് ചിത്രാലയ (ജോയിന്റ് ട്രെഷറർ )

ജെയിംസ് മുളവന (പബ്ലിക് റിലേഷൻസ് ഓഫീസർ)

സുനീഷ് പൗലോസ് (പ്രോഗ്രാം കോർഡിനേറ്റർ)

ജോബി കൊറ്റം (സ്പോർട്സ് കോർഡിനേറ്റർ )

ജിൻസ് ഫിലിപ്പ് മാത്യു ( പ്രൊഡക്ഷൻ കൺട്രോളർ & amp; സീനിയർ യൂത്ത് കോർഡിനേറ്റർ)

ഡോ. ജോജി ഗീവർഗീസ് (മീഡിയ)

വിവേക് തോമസ് പണിക്കർ, ജെയ്സൺ ജെയിംസ്, ജിജോ സാമുവേൽ ( IT )

ഡോ : ദിവ്യ വർഗീസ് , ജിനി ഷൈജു (കിഡ്സ് ആൻഡ് യൂത്ത് കമ്മിറ്റി കോർഡിനേറ്റർസ്)

നോയൽ മാത്യു (പ്രസിഡണ്ട് എലെക്റ്റ്)

ഷിബു ജോസഫ് (എക്സ് ഓഫീഷിയോ)






KERALA SAMAJAM 2025




KERALA SAMAJAM 2025

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30th Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

### Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

### Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

### Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

### Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഭാരതത്തിന്റെ അഭിനവ ദിഗ്വിജയം





സുരേന്ദ്രൻ നായർ

സ്വന്തം ദിക്കിലെ പ്രജാപരിപാലനത്തോടൊപ്പം സമീപ ദേശങ്ങളിൽ സ്വന്തം രാഷ്ട്രീയ മേധാവിത്വം ഉറപ്പിക്കുന്ന ഒന്നായിരുന്നു പൗരാണിക രാജപരമ്പരകളിലെ ദിഗ്വിജയ സങ്കല്പം. സൈനിക ബലത്തിന്റെയും കായിക ശേഷിയുടെയും കരുത്തിൽ ദിഗ്വിജയങ്ങൾ നേടി സ്വന്തം രാജ്യ വിസ്തൃതി ഭൂഖണ്ഡങ്ങളോളം വ്യാപിപ്പിച്ച നിരവധി രാജാക്കന്മാരെക്കുറിച്ചു ലോകചരിത്രത്തിലും നിരവധി കഥകൾ നിലവിലുണ്ട്.

കാലത്തിനു കഴുകിക്കളയാൻ കഴിഞ്ഞിട്ടില്ലാത്ത യുദ്ധക്കെടുതികളുടെയും രാഷ്ട്രങ്ങൾ തമ്മിൽ വളർന്നുവന്ന സാർവ്വലൗകിക സഹവർത്തിത്വത്തിന്റെയും ഫലമായി ലോകക്രമങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുകയും രാഷ്ട്രീയ മേധാവിത്വത്തിന്റെ സ്ഥാനം സാമ്പത്തിക അധീശത്വം കരസ്ഥമാക്കുകയുമുണ്ടായി. രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയുടെ സൂചികയായി ജി.ഡി.പി. അഥവാ ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (ഒരു രാജ്യത്തു നിശ്ചിത കാലയളവിനുള്ളിൽ നിർമ്മിക്കപ്പെടുന്ന അന്തിമ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മൂല്യം) അന്താരാഷ്ട്ര സമൂഹം വികസന സൂചികയായി അംഗീകരിച്ചതോടെ ശാക്തിക ചേരികൾ വീണ്ടും പുനഃ ക്രമീകരിക്കപ്പെടുന്നതും നാം കണ്ടു.

**വികസനത്തിന്റെ മാനദണ്ഡം ജി.ഡി.പി.**

ആയതോടെ ലോകരാഷ്ട്രങ്ങളുടെ വികസിത സങ്കല്പ ശ്രേണികളിലും മാറ്റങ്ങൾ സംഭവിച്ചു. പ്രതിശീർഷ വരുമാനവും വാർഷിക ഉല്പാദനവുമൊക്കെ അടിസ്ഥാനമാക്കി വികസ്വരമെന്നു പാശ്ചാത്യ ശക്തികൾ പാർശ്വവൽക്കരിച്ചിരുന്ന ഭാരതത്തിന്റെ വികസിത പരിപ്രേക്ഷ്യത്തിലും അത്തരം മാറ്റങ്ങൾ ആരംഭിച്ചു. 2014 ൽ നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രി ആകുന്നതോടെ അന്നുവരെ രാജ്യം കണ്ടിരുന്ന വികസന സങ്കല്പങ്ങളെയാകെ തിരുത്തിക്കുറിക്കുന്ന നയവ്യതിയാനങ്ങൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചത്. അതുവരെ ഉണ്ടായിരുന്ന പഞ്ചവത്സര പദ്ധതികളും ആസൂത്രണ കമ്മീഷനുമൊക്കെ

അടിമുടി മാറ്റി പ്രതിഷ്ഠിക്കപ്പെടുകയും പുതിയൊരു വികസന പാതക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഇന്ത്യയുടെ ആഭ്യന്തര ഉല്പാദന രംഗത്തു സമഗ്രമായ മാറ്റങ്ങൾ ലക്ഷ്യമിട്ട മേക്ക് ഇൻ ഇന്ത്യ, സ്വച്ഛ ഭാരത് അഭിയാന്റെ കീഴിൽ വന്ന ശുചിത്വ മിഷൻ, രാജ്യത്തിന്റെ സാമ്പത്തിക മേഖലയിൽ വൻ പൊളിച്ചെഴുത്തു നടത്തിയ ജൻധൻ യോജന, സർക്കാർ ആനുകൂല്യങ്ങൾ വൻ തോതിൽ അടിച്ചുമാറ്റിയിരുന്ന ഇടനിലക്കാരെ സമ്പൂർണ്ണമായി ഒഴിവാക്കി കാർഷിക സബ്സിഡികളും പെൻഷനുകളും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേരിട്ട് ലഭിക്കുന്ന രീതിയിൽ എല്ലാ പേർക്കും ബാങ്ക് അക്കൗണ്ട് ഉറപ്പാക്കിയ ഡിജിറ്റൽ ഇന്ത്യ പദ്ധതി തുടങ്ങി വികസിത രാജ്യങ്ങളെപ്പോലും അത്ഭുതപ്പെടുത്തിയ ഭരണ പരിഷ്കാരങ്ങൾ ആഭ്യന്തര സമ്പത്ഘടനയുടെ വളർച്ചയിൽ വൻ കുതിപ്പ് തന്നെ സാധ്യമാക്കി.

2014ന്റെ ഭരണത്തുടർച്ച 2019 ലും 2024 ലും അവർത്തിച്ചതിലൂടെ ഉറച്ച ഒരു ഭരണത്തിന്റെ സുസ്ഥിര വികസനം രാജ്യത്തിന്റെ സമസ്ത മേഖലകളിലും ദൃശ്യമാകുകയും അതിനനുസരിച്ചു ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയോടുള്ള സമീപനങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്തു. മേൽ സൂചിപ്പിച്ച ജി.ഡി .പി.

യുടെ സ്ഥിരതയാർന്ന വളർച്ചയും അടിസ്ഥാന സൗകര്യ വികസനത്തിൽ ദ്രുതഗതിയിൽ രാജ്യം കൈവരിച്ച പുരോഗതിയും വിദേശ നിക്ഷേപകരെ വ്യാപകമായി ഇവിടേയ്ക്ക് ആകർഷിക്കുവാനും കാരണമാക്കി. സംശുദ്ധ രാഷ്ട്രീയവും വിട്ടുവീഴ്ചയില്ലാത്ത ഇച്ഛാശക്തിയും കൈമുതലായുള്ള പ്രധാനമന്ത്രി ആഭ്യന്തരമായി കരുത്തു തെളിയിക്കുന്നതിന്റെ അനുരണനങ്ങൾ അന്തർദേശിയ രംഗത്തും പ്രകടമാക്കുകയും ഒരു പതിറ്റാണ്ടുകൊണ്ടു ലോക നേതാക്കളുടെ പട്ടികയിൽ സുപ്രധാനമായ ഒരു സ്ഥാനം ഇന്ത്യയും മോദിയും ഉറപ്പിക്കുകയും ചെയ്തു.



വ്യക്തമായ ആസൂത്രണങ്ങളോടെയും മുന്നൊരുക്കങ്ങളോടെയും ഇന്ത്യ കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഏതൊരു ഇന്ത്യക്കാരനും അഭിമാനിക്കാവുന്നതാണ്. ലോകരാഷ്ട്രങ്ങളിൽ നാലാമത്തെ സാമ്പത്തിക ശക്തിയാണ് ഇന്നത്തെ ഇന്ത്യ. അന്തർദേശിയ ഏജൻസികൾ പുറത്തുവിട്ട കണക്കുകൾ പ്രകാരം 2025 ജൂലായ് മാസത്തിലാണ് അഞ്ചാം സ്ഥാനത്തായിരുന്ന ഇന്ത്യ ജപ്പാനെ പിന്നിലാക്കി നാലാം സ്ഥാനം നേടിയത്. ഇപ്പോൾ മൂന്നാം നിരയിലുള്ള ജർമനിയെ താമസിയാതെ ഇന്ത്യ പിന്നിലാക്കുമെന്നതിന്റെ സൂചനയായി കഴിഞ്ഞ ജൂണിൽ അവസാനിച്ച ക്വാട്ടറിൽ ഇന്ത്യ കൈവരിച്ച 7.8 ശതമാനം ജി.ഡി.പി. വളർച്ചയെ സാമ്പത്തിക വിദഗ്ധർ ചൂണ്ടി കാണിക്കുന്നു.

ഇന്ത്യക്ക് എക്കാലത്തും ഭീഷണിയായിരുന്ന പാകിസ്താൻ ഏറ്റവുമവസാനം കാശ്മീരിലേക്ക് ഭീകരവാദികളെ ഒളിച്ചു കടത്തി പഹൽഗാമിൽ 26 വിനോദ സഞ്ചാരികളെ ക്രൂരമായി കൊലചെയ്തതിനു തിരിച്ചടിയായി പാകിസ്താനിലെ ഏഴു പ്രമുഖ തീവ്രവാദ പരിശീലന കേന്ദ്രങ്ങളെ ഓപ്പറേഷൻ സിന്ദൂർ എന്ന സൈനിക നടപടിയിലൂടെ തരിപ്പണമാക്കാൻ ഇന്ത്യക്കു കഴിഞ്ഞത് അഞ്ചു മില്ലിയൻ സൈനികരുള്ള ലോകത്തെ നാലാമത്തെ ശക്തിയായി ഇന്ത്യ ഇതിനകം വളർന്നതുകൊണ്ടാണ്.

സാമ്പത്തികവും സൈനികവുമായ മികവ് പ്രകീർത്തിക്കപ്പെടുമ്പോളും നയതന്ത്ര രംഗത്തും വിദേശ നയത്തിലും ഇന്ത്യ അനുവർത്തിച്ചുവരുന്ന നിലപാടുകൾ ലോകശ്രദ്ധ പിടിച്ചു പറ്റുന്നവയായിരുന്നു. പരമ്പരാഗതമായ ചേരിചേരാ നയത്തിൽ നിന്നും വ്യത്യസ്തമായ ബഹുസ്വരവും ഇന്ത്യൻ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതുമായ സന്തുലിത ബന്ധങ്ങളുടെ നിലപാടുകളായിരുന്നു അവയിലേറെയും.

ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ആണവ ശക്തിയായ അമേരിക്കയുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കു

**ലോക വിപണിയെ ഏകചക്രാധിപത്യത്തിലേക്കു ഒതുക്കാൻ നിരന്തരം തന്ത്രങ്ങൾ മെനയുന്ന അമേരിക്കയാണ് ഇന്ത്യക്കെതിരെ ഒരു താരിഫ് യുദ്ധ പ്രഖ്യാപനവുമായി ഇപ്പോൾ രംഗത്ത് വന്നിരിക്കുന്നത്.**



മ്പോളും വർഷങ്ങളായി നിലവിലുണ്ടായിരുന്ന റഷ്യയുമായുള്ള സഖ്യം ഊഷ്മളമായി സംരക്ഷിക്കാനും ഇന്ത്യ ശ്രദ്ധിച്ചിരുന്നു.ഇന്ത്യക്കു പ്രാമുഖ്യം കിട്ടാൻ സാധ്യതയുള്ള തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്താനും ആഫ്രിക്കൻ രാജ്യങ്ങളെയും ആസ്ട്രേലിയയെയും ജപ്പാനെയും സഖ്യകക്ഷികളാക്കി പുത്തൻ കൂട്ടായ്മകൾ സൃഷ്ടിക്കാനും ഇന്ത്യ മുൻകൈയെടുത്തു. ലോക രാഷ്ട്രങ്ങളുടെ പലവിധ ചേരികൾക്കിടയിൽ സന്തുലിതമായ ഒരു സ്ഥാനം ഇന്ത്യയുടെ താത്പര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും വരുത്താതെ നിലനിർത്താൻ കഴിയുന്നു എന്നതാണ് ഇന്ത്യ കൈവരിച്ച നയതന്ത്ര വിജയം.

പുരാതന ഇന്ത്യയുടെ രാജനൈതിക കാഴ്ചപ്പാടിൽ ആഭ്യന്തരമായി മൂന്ന് അശ്വമേധങ്ങൾ പൂർത്തിയാക്കി നാലാമതൊന്നിനായി യാഗാശ്വത്തെ ഒരുക്കുന്ന മോദി രാജ്യാന്തര രംഗത്ത് കൈവരിക്കുന്ന വിജയങ്ങളെ ഭാരതത്തിന്റെ ദിഗ്‌വിജയ യാത്രയായി കാണാവുന്നതാണ്. ആ യാത്രയിൽ അപ്രതീക്ഷിതമായി കടന്നുവന്ന പ്രതിബന്ധവും അതിനെ അതിജീവിക്കാൻ സ്വീകരിക്കുന്ന അതിവേഗ നീക്കങ്ങളും രാജ്യത്തെ ഒരു ദ്വിഗ്‌വിജയത്തിലേക്ക് എത്തിക്കുമെന്ന പ്രതീക്ഷ തന്നെയാണ് പങ്കുവയ്ക്കുന്നത്.

ലോക വിപണിയെ ഏകചക്രാധിപത്യത്തിലേക്കു ഒതുക്കാൻ നിരന്തരം തന്ത്രങ്ങൾ മെനയുന്ന അമേരിക്കയാണ് ഇന്ത്യക്കെതിരെ ഒരു താരിഫ് യുദ്ധ പ്രഖ്യാപനവുമായി ഇപ്പോൾ രംഗത്ത് വന്നിരിക്കുന്നത്. നയതന്ത്ര മേഖലയിൽ ചൈനക്കെതിരെയുള്ള നീക്കങ്ങളിൽ വിശ്വസ്ത സഹകാരിയും അമേരിക്കയുടെ ദീർഘകാല വ്യാപാര പങ്കാളിയുമായ ഇന്ത്യയുടെ അമേരിക്കയിലേക്കുള്ള ഇറക്കുമതി തീരുവ 25 ശതമാനമായി ഉയർത്തുകയും ഇന്ത്യ റഷ്യയിൽ നിന്നും അമേരിക്കൻ ഹിതത്തിനെതിരായി എണ്ണ ഇറക്കുമതി ചെയ്യുന്നതിന്റെ പിഴയായി മറ്റൊരു 25 ശതമാനവുമുൾപ്പെടെ 50 ശതമാനത്തിന്റെ അധിക നികുതി ഏർപ്പെടുത്തിയാണ് യുദ്ധപ്രഖ്യാപനം നടത്തിയത്. തികച്ചും അപ്രതീക്ഷിതമായുണ്ടായ ഈ നടപടി ഇന്ത്യയുടെ വിശ്വവിജയത്തിനായുള്ള പ്രയാണത്തിൽ അപ്രതീക്ഷിതമായ ഒരു പ്രഹരം തന്നെയായിരുന്നു.

ലോകവ്യാപാര രംഗത്തെ അമേരിക്കയുടെ അപ്രമാദിത്വം മറയാക്കി ഇന്ത്യയുടെ വാണിജ്യ പരമാധികാരത്തെ നിയന്ത്രണ വിധേയമാക്കാമെന്ന പ്രസിഡന്റ് ട്രംപിന്റെ മോഹം ഫലം കാണില്ല എന്ന സൂചനകളാണ് ഇന്ത്യ സ്വീകരിച്ച വേഗമേറിയ തുടർ നടപടികൾ വ്യക്തമാക്കുന്നത്. അമേരിക്ക പ്രഖ്യാപിച്ച തീരുവകളിൽ മാറ്റമുണ്ടാകില്ലായെന്നു ബോധ്യം വന്ന ഇന്ത്യ അമേരിക്കയുമായുള്ള ബന്ധം പരസ്യമായി വിച്ഛേദിക്കാതെയുള്ള ബഹുവിധ ബദൽ പദ്ധതികൾക്കാണ് തുടക്കം കുറിച്ചത്. ഇന്ത്യയുടെ ഉല്പാദനരംഗത്തു പ്രത്യക്ഷമായിത്തന്നെ പ്രതിസന്ധികൾ ഉണ്ടാക്കാവുന്ന ടെസ്റ്റയിൽ, സമുദ്രോൽപ്പന്നങ്ങൾ ഇലക്ട്രോണിക് തുടങ്ങിയ മേഖലകളിലെ കയറ്റുമതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മോദി മറ്റെല്ലാ പരിപാടികളും മാറ്റിവച്ചു ജപ്പാനിലേക്ക് പറക്കുകയും ജപ്പാൻ പ്രധാനമന്ത്രിയുമായി ലോക വാണിജ്യ മേഖലയിൽ പുതുതായി ശക്തി പ്രാപിക്കേണ്ട ഏഷ്യൻ ചേരിയെക്കുറിച്ചു പൊതു ധാരണയിലെത്തുകയും തുടർയാത്ര ചൈനയിലെ ഷാൻഹായിലേക്കു ദീർഘിപ്പിക്കുകയും ചെയ്തു. ഷാൻഹായിൽ 10 രാഷ്ട്ര തലവന്മാർ പങ്കെടുത്ത ഷാൻഹായ് കോർപറേഷൻ ഓർഗനൈസഷന്റെ യോഗത്തിൽ മോദി പങ്കെടുക്കുകയും ചൈനീസ് പ്രസിഡന്റ് ഷിജിങ് പിംഗ് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ എന്നിവരുമായി അമേരിക്കയുടെ ഏകപക്ഷിയമായ നീക്കത്തിനെതിരെ സംയുക്ത പ്രതിരോധത്തിനായുള്ള ചില

സുപ്രധാന തീരുമാനങ്ങളും കൂട്ടായ പ്രഖ്യാപനങ്ങളും രൂപപ്പെടുത്തുകയും ചെയ്തു.

1962 നു ശേഷം ചൈന ഇന്ത്യയെ നേരിട്ട് അക്രമിച്ചിട്ടില്ലായെങ്കിലും പലവിധ അതിർത്തിപ്രശ്നങ്ങളും നുഴഞ്ഞുകയറ്റങ്ങളും നടത്തുകയും ശത്രു രാജ്യമായ പാകിസ്താനെ നിരന്തരം സഹായിക്കുകയും ചെയ്യുന്നതിനാൽ ചൈനയുമായുള്ള ഇന്ത്യയുടെ സൗഹൃദം നിതാന്തമല്ലെന്നു ബോധ്യമുള്ള മോദി ആ സമ്മേളനത്തിൽ പെഹൽഗാമിൽ പാകിസ്ഥാൻ നുഴഞ്ഞുകയറ്റ തീവ്രവാദികൾ നടത്തിയ ആക്രമണത്തെ അപലപിക്കുന്ന പ്രമേയം പാസ്സാക്കിയതിനെ ഇന്ത്യയുടെ നേട്ടമായിത്തന്നെ അംഗീകരിച്ചു.


ഏഴു പതിറ്റാണ്ടിലേറെ പഴക്കമുള്ള സുദൃഢമായ വ്യാപാര ബന്ധത്തിന്റെ ഇന്നത്തെ തുടർച്ചക്കാരൻ റഷ്യൻ പ്രസിഡന്റ് പുടിൻ കൂടി പങ്കാളിയായ ആ പ്രതിരോധ ചേരിയിൽ ജപ്പാനെക്കൂടാതെ ഉത്തര കൊറിയ കൂടി ചേരുന്നുവെന്നത് അമേരിക്കയിൽ ഭരണ പ്രതിപക്ഷ ഭേദമന്യേ രാഷ്ട്രീയ വാണിജ്യ മേഖലകളിൽ വലിയ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. ഇതിനിടയിൽ ജി.ഡി.പി. വളർച്ചയിൽ ലോകത്തു മൂന്നാം സ്ഥാനത്തു നിൽക്കുന്ന ജർമ്മനി ഇന്ത്യയുമായി പുതിയ ചില വ്യാപാര കരാറുകളിൽ ഏർപ്പെടുകയും ഇന്ത്യൻ തുണിത്തരങ്ങൾക്ക് ആസ്ട്രേലിയ,യൂ.കെ, പെറു,ചിലി എന്നിവിടങ്ങളിൽ പുതിയ വിപണികൾ കണ്ടെത്താനും കഴിഞ്ഞിരിക്കുന്നു.

അമേരിക്കൻ ഭീഷണിയെ നേരിടാൻ വിദേശ വിപണികൾ അന്വേഷിക്കുന്നതോടൊപ്പം ആഭ്യന്തരമായി ഇന്ത്യ സർക്കാർ ലക്ഷ്യമിടുന്ന പദ്ധതികൾ ഇന്ത്യൻ സമ്പത്ഘടനയിൽ സമൂല ചലനങ്ങൾ ഉണ്ടാക്കുമെന്ന് വിദഗ്ധർ ചൂണ്ടികാണിക്കുന്നു. ആഭ്യന്തര ഉൽപ്പാദനം ശക്തിപ്പെടുത്താനും 130 കൊടിയില്പരം ജനങ്ങളുള്ള ഇന്ത്യയുടെ വിപണികൾ സ്വദേശി സൗഹൃദമാക്കാനും സത്വര നീക്കങ്ങൾ ഇന്ത്യ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇലക്ട്രോണിക് ഉൽപ്പന്നങ്ങളും തുണിത്തരങ്ങളും നിർമ്മിക്കുന്നവർക്കായി നികുതി രഹിതമായ പുതിയ സാമ്പത്തിക സോണുകൾ പ്രഖ്യാപിക്കുക, പി.എൽ.ഐ. എന്നറിയപ്പെടുന്ന പ്രോഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പരിപാടിയിലൂടെ ഉൽപ്പാദകർക്കു സാമ്പത്തിക ഉത്തേജനം നൽകുക എന്നിവ ഉദാഹരണങ്ങളാണ്.

ആഭ്യന്തര വിപണിയിൽ ജനങ്ങളുടെ ക്രയശേഷി വർധിപ്പിക്കാനായി ജി.എസ്.ടി. യുടെ സ്ലാബിൽ പൊളിച്ചെഴുത്തു നടത്തി 350 ൽ പരം ഉൽപ്പന്നങ്ങളുടെ വില കുറച്ച ധനമന്ത്രിയുടെ നടപടി അത്തരത്തിലുള്ള ഒരു പ്രധാന കാൽവയ്പ്പാണ്. ഡിജിറ്റൽ എക്കണോമിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതോടെ കാര്യങ്ങൾ കൂടുതൽ എളുപ്പമാകുമെന്നു സർക്കാർ കരുതുന്നു.

ഏതു രീതിയിലാണെങ്കിലും അമേരിക്ക ഉയർത്തിയ നികുതി ഭീഷണിയെ ഇന്ത്യയുടെ ശക്തമായ ഭരണ നേതൃത്വം നയതന്ത്ര വൈഭവത്തിലൂടെയും മോദിയുടെ അന്താരാഷ്ട്ര സ്വീകാര്യതയിലൂടെയും അതിജീവിക്കും അങ്ങനെ അതൊരു ഭാരത ദിഗ്വിജയമാകും.




FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF TRUST
BUILT by TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ലണ്ടൻ സോഷ്യൽക്ലബ് ഓണാഘോഷം കാനഡയിൽ



**ഷിബു കിഴക്കേകുറ്റ്**

കാനഡ: ലണ്ടൻ സോഷ്യൽ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 07-ന് ക്നായി ത്തൊമ്മൻ ഹാളിൽ ഓണം 2025 നടത്തപ്പെട്ടു .

മുഖ്യാതിഥിയായി റവ. ഫാ. ജെയിംസ് മുളയാനിക്കൽ ചട ങ്ങിൽ പങ്കെടുത്തു. ഓണം ഘോഷയാത്രയോടെ ആരംഭിച്ച ആഘോഷത്തിൽ ചെണ്ടമേളം, മാവേലി വരവ്, തിരുവാതിരകളി, ഓണപ്പാട്ട് എന്നിവ മലയാളികളു ടെ നാട്ടിൻപുറം ഓർമ്മകളെ പ ുതുക്കി.

ക്ലബ് പ്രസിഡന്റ് സിനു മുള യാനിക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡിനു പെരുമാനൂർ സ്വാഗതവും, ജോബി കിഴക്കേക്ക ര നന്ദിയും അറിയിച്ചു.

പരിപാടികളുടെ ഏകോപനം ബൈജു കളമ്പുകാട്ടിൽ, ലീന മണിക്കൊമ്പിൽ, സിന്ത്യ കിഴ ക്കെപുറത്തു എന്നിവർ നിർവഹി ച്ചു.

മലയാളികളുടെ ഐക്യവും സൗഹൃദവും വിളിച്ചോതിയ ഈ ആഘോഷം, പങ്കെടുത്ത എല്ലാ വർക്കും ഒരിക്കലും മറക്കാനാ കാത്ത ഓർമ്മയായി.





# കേരള ഹിന്ദു സൊസൈററി ഓഫ് നോർത്ത് ടെക്സാസ് / ശ്രീ ഗുരുവായൂരപ്പൻ ടെംപിൾ ഓഫ് ഡാളസ് ഓണാഘോഷം

## അതിഗംഭീരം.... വാക്കുകൾക്കതീതം.




emalayalee.com

ഡാളസ് : ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ കേരള ഹിന്ദു സൊസൈററി ഓഫ് നോർത്ത് ടെക്സാസ് (കെ. എച്ച് എസ് എൻ ടി ) സംഘടിപ്പിച്ച ഓണാഘോഷം എല്ലാവരുടേയും മുക്തകണ്ഠം പ്രശംസ ഏററു വാങ്ങി.

അത്തം മുതൽ തിരുവോണം വരെ മനോഹരമായ പൂക്കളം തീർത്ത് ക്ഷേത്രം ഓണാഘോഷത്തിനു തയ്യാറെടുത്തു. സെപ്ററംബർ 5 ന് തിരുവോണ ദിവസം ( വാമന ജയന്തി ) ചന്ദന മുഖക്കാപ്പണിഞ്ഞ ശ്രീ ഗുരുവായൂരപ്പന് ഭക്തജനങ്ങൾ അൻപൊലിയും, ചുററുവിളക്കും പ്രത്യേക പുഷ്പാഞ്ജലിയും അർപ്പിച്ച് അനുഗ്രഹം നേടി. മററു സ്റ്റേററുകളിൽ നിന്നും സജ്ജനങ്ങൾ ഗുരുവായൂരപ്പ ദർശനത്തിനായി തിരുവോണ ദിവസം രാവിലെ മുതൽ വരികയുണ്ടായി എന്ന് ക്ഷേത്രം പൂജാരിമാരായ കാരക്കാട്ട് പരമേശ്വരൻ നമ്പൂതിരി,



കല്ലൂർ വാസുദേവൻ നമ്പൂതിരിപ്പാട്, സുദേവ് ആലമ്പാടി എന്നിവർ പറഞ്ഞു.

സെപ്ററംബർ 6 ന് വിപുലമായ ഓണാഘോഷം കെ എച്ച് എസ് എൻ ടി കമ്മിററി ഭാരവാഹികളും മെമ്പേഴ്സും നിത്യ സപ്പോർട്ടേഴ്സും ചേർന്ന് അണിയിച്ചൊരുക്കി. ആത്മീയ ആചാര്യൻ സ്വാമി ബോധാനന്ദ ഭഗവാന് മുൻമ്പിൽ തിരി തെളിയിച്ചു കഴിഞ്ഞു ഓണസദ്യ വിളമ്പി. ക്ഷേത്രത്തിന്റെ കിച്ചണിൽ പാചകം ചെയ്ത , രുചിയേറും 25 വിഭവങ്ങളുമായി ഓണസദ്യ നാടൻ വാഴയിലയിൽ, തുമ്പപ്പൂ ചോറുമായി 800 ഓളം പേർക്ക് നൽകിയത് നവ്യാനുഭവമായി എന്ന് കലവറ കൈകാര്യം ചെയ്ത ട്രസ്ററി സെക്രട്ടറി ശ്രീ ടി. എൻ നായരും വൈസ് ചെയർ ശ്രീമതി രമണി കുമാറും, ട്രഷറർ രമേശ് കുട്ടാട്ടും അഭിപ്രായപ്പെട്ടു.

ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം ട്രസ്ററി ചെയർമാൻ ശ്രീ സതീഷ് ചന്ദ്രനും പ്രസിഡന്റ് ശ്രീ വിപിൻ പിള്ളയും, സെക്രട്ടറി ശ്രീ ജലേഷ് പണിക്കരും, ട്രസ്ററി മെമ്പർ ശ്രീ. രാമചന്ദ്രൻ നായരും ചേർന്ന് ഭദ്രദീപം




തെളിയിച്ചു കൊണ്ട്, എല്ലാവർക്കും ഓണാശംസകൾ നേർന്നു നിർവ്വഹിച്ചു.

അതേ തുടർന്ന് ആടയാഭരണങ്ങളാൽ അണിഞ്ഞൊരുങ്ങിയ മഹാബലി തമ്പുരാനെ ചെണ്ടമേളത്തിന്റേയും താലപ്പൊലികളുടെയും അകമ്പടിയോടു കൂടി വേദിയിലേക്ക് സ്വാഗതം ചെയ്തു അവിടെ ചെണ്ടമേളങ്ങളുടെ അതിമനോഹരമായ നാദവിസ്മയവും കേരളിയ കലാരൂപമായ തിരുവാതിര കളി അരങ്ങേറുകയും ചെയ്തു. മഹാബലി എല്ലാ പ്രജകളേയും ആശീർവദിക്കുകയും ചെണ്ടമേളവും തിരുവാതിരയും ആസ്വദിച്ച്, വിഭവസമൃദ്ധമായ ഓണ സദ്യയും കഴിച്ച് മടങ്ങി.

തുടർന്ന് വ്യത്യസ്തമായ കലാപരിപാടികൾ സ്റ്റേജിൽ കൾച്ചറൽ കമ്മററി ലീഡ് ബോർഡ് മെമ്പർ ശ്രീമതി. ഹെന വിനോദ് അണിയിച്ചൊരുക്കി. സീനിയേഴ്സ് അവതരിപ്പിച്ച സംഘഗാനം എല്ലാവരേയും ഓണക്കാലത്തിന്റെ ഗൃഹാതുരത്വത്തിലേക്കു കൊണ്ടു പോയതായി ജോയിന്റ് സെക്രട്ടറി രവീന്ദ്രൻ നായർ പറഞ്ഞു. ഈ വർഷത്തെ പ്രധാന ആകർഷണമായ പാർത്ഥസാരഥി വള്ളം ഏവരേയും അതിശയിപ്പിക്കുകയും, വള്ളപ്പാട്ടും വഞ്ചിതുഴയലും കാണികളെ ആവേശത്തിന്റെ കൊടുമുടിയിലെത്തിക്കുകയും ചെയ്തതായി ട്രസ്ററി മെമ്പർ ശ്രീ കേശവൻ നായർ പറഞ്ഞു. വള്ളം കളിക്കു






വേണ്ടി നിർമ്മിച്ച വഞ്ചിയുടെ കരവിരുത് എടുത്തു പറയേണ്ടതാണ് തന്നെയാണ് എന്ന് ട്രസ്റ്ററി മെമ്പർ ശ്രീ. വിനോദ് നായർ പറഞ്ഞു. തുടർന്ന് സംഘനൃത്തം, സംഘഗാനം, മ്യൂസിക്ക് ഇൻസ്ട്രമെന്റ്സ് പെർഫോമൻസ് എന്നിങ്ങനെ ഒട്ടനവധി പരിപാടികൾ അരങ്ങേറി. കേരളക്കരയിൽ ഇരുന്നു കാണുന്ന ഒരു കലാവിരുന്നിന്റെ അനുഭവം പ്രേക്ഷകർക്ക് ഉണ്ടായി എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല എന്ന് ബോർഡ് മെമ്പർ രഞ്ജിത് നായർ അഭിപ്രായപ്പെട്ടു. അതിമനോഹരമായ പൂക്കളങ്ങളും ഹാസ്യാത്മകമായ ഫോട്ടോബൂത്തും ഡെക്കറേഷൻസും ബോർഡ് മെമ്പർ ശ്രീമതി. സുജ ഇന്ദിരയുടെ നേതൃത്വത്തിൽ തയ്യാറാക്കിയത് പ്രത്യേക ആകർഷണമായി, ഏററവും ഒടുവിലായി ഓണക്കാലത്തെ പ്രധാന കായിക വിനോദമായ വടംവലിയും നടത്തിയ ഭാരവാഹികൾ പ്രത്യക പ്രശംസ അർഹിക്കുന്നു. വോളന്റീർ ചെയ്തവർക്കും പരിപാടികളിൽ പങ്കെടുത്തവർക്കും പരിപാടികൾ സ്പോൺസർ ചെയ്ത എല്ലാവർക്കും കമ്മററിയുടെ പേരിലും ഭഗവൽ നാമത്തിലും സെക്രട്ടറി നന്ദി പറഞ്ഞു. വീണ്ടുമൊരു ഓണക്കാലത്തിനായി നമ്മുക്ക് കാത്തിരിക്കാം.






വാർത്ത: ലാലി ജോസഫ്


MALABAR
GOLD & DIAMONDS
300 BRANCHES SPREAD ACROSS USA, UAE, OMAN, QATAR, KUWAIT, BAHRAIN, KSA, SINGAPORE, MALAYSIA & INDIA

# ജനകീയനായ ജനനായകൻ പ്രകാശനം ചെയ്തു




തിരുവല്ല : അമേരിക്കൻ മലയാളികളിലെ ശ്രദ്ധേയമായ സാന്നിദ്ധ്യവും ഫൊക്കാനയുടെ മുൻ ജനറൽ സെക്രട്ടറിയുമായ ഡോ. മാമ്മൻ സി ജേക്കബ് രചിച്ച ഉമ്മൻ ചാണ്ടി ഓർമ്മകളും അനുഭവങ്ങളും പങ്കുവെയ്ക്കുന്ന 'ജനകീയനായ ജനനായകൻ ' എന്ന പുസ്തകം അഭിവന്ദ്യ ബിഷപ്പ് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപോലീത്ത ഉമ്മൻ ചാണ്ടിയുടെ സഹധർമ്മിണി മറിയാമ്മ ഉമ്മന് നൽകി പ്രകാശനം ചെയ്തു. ഉമ്മൻ ചാണ്ടിയെ കുറിച്ച് കേരളത്തിലെ ഓരോ വ്യക്തികൾക്കും നിരവധി അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടാകും , അവ പുസ്തക രൂപത്തിൽ കാണുന്നത് അഭിമാനകരമായ കാര്യമാണ്. മറ്റൊരു ജനനേതാവിനും അത്തരം അനുഭവങ്ങൾ ലഭിക്കാനിടയില്ലന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുതുപ്പള്ളി മണ്ഡലം നിവാസി കൂടിയായ തനിക്ക് ഉമ്മൻ ചാണ്ടിയുമായി വ്യക്തിപരമായ നല്ല അടുപ്പം കാത്തു സൂക്ഷിക്കുവാനും നിരവധി വിഷയങ്ങളിൽ അദ്ദേഹത്തിന്റെ സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന് ലഭിക്കുന്ന ഓരോ ആദരവും വലിയ അംഗീകാരങ്ങളായി മാറുന്നു എന്നും ഡോ. മാമ്മൻ സി ജേക്കബ്ബിന്റെ പുസ്തകം അത്തരത്തിൽ അടയാളപ്പെടുത്തേണ്ട ഒന്നായി മാറുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രിയപ്പെട്ട ബോബിച്ചായൻ ( ഡോ. മാമ്മൻ സി ജേക്കബ് ) എഴുതിയ ഉമ്മൻ ചാണ്ടി ഓർമ്മകൾ – ജനകീയനായ ജനനായകൻ സ്വീകരിച്ചത് വലിയ അഭിമാനത്തോടെയാണെന്നും അദ്ദേഹവുമായുള്ള പ്രിയപ്പെട്ട ബോബിച്ചായന്റെ ബന്ധവും , അവർ ഒരുമിച്ചുള്ള പ്രവർത്തനങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും ഉമ്മൻ ചാണ്ടിയുടെ സഹധർമ്മിണി മറിയാമ്മ ഉമ്മൻ പറഞ്ഞു. ചതയ ദിന ആഘോഷ തിരക്കുകകൾ യാത്രയിലുടനീളം ഉണ്ടായെങ്കിലും തിരുവനന്തപുരത്ത് നിന്നും നാല് മണിക്കൂർ യാത്ര ചെയ്ത് ബുക്ക് സ്വീകരിക്കുവാൻ എത്തിയത് ആഴമേറിയ ഒരു സൗഹൃദത്തോട് ഉണ്ടായ സ്നേഹ ബഹുമാനമാണെന്നും മറിയാമ്മ ഉമ്മൻ പറഞ്ഞു. റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ യോഗം




ഉദ്ഘാടനം ചെയ്തു. ഉമ്മൻ ചാണ്ടിയും ഡോ. മാമ്മൻ സി ജേക്കബും ജീവകാരുണ്യ പ്രവർത്തനത്തിൽ മാതൃകയായ രണ്ട് വ്യക്തികളും അതിലുപരി അവർ നല്ല സുഹൃത്തുക്കളും ആയിരുന്നു എന്നതും ശ്രദ്ധേയമാണ്. ഒരു വ്യക്തിയെ ഒരു പുസ്തകത്തിലൂടെ അടയാളപ്പെടുത്തുമ്പോൾ ഓർമ്മകളുടെ ഒരു ഇരമ്പം തന്നെ ഉണ്ടാകാം. ഉമ്മൻ ചാണ്ടിയുമായി ബോബിക്കുള്ള അടുപ്പവും ഈ പുസ്തകത്തിന്റെ മേന്മയാണെന്നും അദ്ദേഹം പറഞ്ഞു.വ്യത്യസ്ത ചേരിയിൽ ആയിരുന്നുവെങ്കിലും ഉമ്മൻ ചാണ്ടിയുമായുള്ള



സൗഹൃദം വളരെ ദൃഢമായ ഒരു ബന്ധമായിരുന്നുവന്നു ആശംസ അറിയിച്ച മാത്യു ടി തോമസ് എം. എൽ. എ പറഞ്ഞു .നിയമസഭയിൽ എത്തിയ നാൾമുതൽ അദ്ദേഹവുമായി ആ സൗഹൃദം കാത്തു സൂക്ഷിക്കുവാൻ സാധിച്ചിരുന്നുവെന്നും അദ്ദേഹത്തെ അടുത്തറിയാവുന്ന ഓരോ വ്യക്തികൾക്കും അദ്ദേഹവുമായുള്ള അനുഭവങ്ങൾ ഒരു പുസ്തകമാക്കി മാറ്റുവാൻ സാധിക്കും.ഡോ. മാമ്മൻ സി ജേക്കബ് അതിനായി ശ്രമിച്ചതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഷിബു മണലെ , സഖറിയ കരുവേലി , പാസ്റ്റർ മോനായി എന്നിവർ ആശംസകൾ നേർന്നു.

ഡോ.മാമ്മൻ സി ജേക്കബിന്റെ സഹധർമ്മിണി മേരിക്കുട്ടി ജേക്കബ് ,സുഹൃത്തുക്കൾ ,ബന്ധുക്കളും ചടങ്ങിൽ പങ്കെടുത്തു. ഡോ.മാമ്മൻ സി ജേക്കബ് മറുപടി പ്രസംഗം നടത്തി.തന്റെ ജീവിതത്തിലെ മികച്ച ഒരു നിമിഷമാണിതെന്നും ,ഉമ്മൻ ചാണ്ടിയുടെ സഹധർമ്മിണി തന്റെ ജീവിത നായകൻറെ ഓർമ്മകളുടെ പുസ്തകം സ്വീകരിക്കുവാൻ എത്തിയതിൽ അതിയായ സന്തോഷുണ്ടെന്നും അദ്ദേഹം പറഞ്ഞു.താൻ ജനറൽ സെക്രട്ടറിയായിരിക്കെ ഫൊക്കാനയുടെ റോച്ചസ്റ്റർ കൺവെൻഷനെത്തിയ ഉമ്മൻചാണ്ടി ,മറിയാമ്മ ഉമ്മൻ ,ചാണ്ടി ഉമ്മൻ എന്നിവർ കുടുംബ സമേതം ഫ്‌ളോറിഡയിലെ തന്റെ വീട്ടിൽ താമസിച്ചതും ഫ്‌ളോറിഡ കാണുവാൻ കുടുംബത്തോടെ യാത്ര ചെയ്തതുമൊക്കെ അദ്ദേഹം വിശദീകരിച്ചു .ഒട്ടും തിരക്കില്ലാത്ത ഉമ്മൻചാണ്ടിയെ അന്ന് ഒരു ഗൃഹനാഥനായി കാണുവാൻ സാധിച്ച



നിമിഷങ്ങൾ അദ്ദേഹം ഓർമ്മിച്ചു . മുഖം ബുക്സ് എഡിറ്റർ അനിൽ പെണ്ണുക്കര പുസ്ത പരിചയം നടത്തി. തിരുവല്ല വൈ എം സി എ പ്രസിഡന്റ് പ്രൊഫ : ഇ വി തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈ എം സി എ സെക്രട്ടറി ജോയി ജോൺ സ്വാഗതവും ഇ എ എലിയാസ് നന്ദിയും പറഞ്ഞു.

ഡോ. മാമ്മൻ സി. ജേക്കബിന്റെ ജനകീയനായ ജനനായകൻ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് ജസ്റ്റിസ് കെ. റ്റി. തോമസ് ആണ്. കൂടാതെ ഐ ഒ സി യു എസ് എ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം , ഫൊക്കാന മുൻ പ്രസിഡന്റ് ജോർജി വർഗീസ് , മാധ്യമ പ്രവർത്തകയും എഴുത്തുകാരിയുമായ ബിനു ചിലമ്പത്ത് എന്നിവരും ഉമ്മൻ ചാണ്ടി ഓർമ്മകൾ ഈ പുസ്തകത്തിലൂടെ പങ്കുവെയ്ക്കുന്നുണ്ട്.
















The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**സുജ ജോർജ്**

ന്യൂജേഴ്സി:മെർക്ക് ഫാർമസ്യൂട്ടിക്കൽസ് അസോസിയേറ്റ് ഡയറക്ടർ സുജ ജോർജ് (58) അന്തരിച്ചു. ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, കേരളാ അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സി, ചേംബർ ഓഫ് കൊമേഴ്സ് എന്നിവയുടെ മുൻ പ്രസിഡന്റും അമേരിക്കൻ മലയാളി, സംഗമം, എമേർജിംഗ് കേരള യു.എസ്.എ എന്നിവയുടെ ചീഫ് എഡിറ്ററുമായിരുന്ന പന്തളം ചാലായിൽ കുടുംബാംഗം റെജി ജോർജിന്റെ ഭാര്യയും തുമ്പമൺ പേഴുംകാട്ടിൽ പരേതരായ പി. എം. ഉമ്മന്റേയും ഏലിയാമ്മയുടെയും പുത്രിയുമാണ്. റാൻഡോൾഫ് മാർത്തോമ്മാ ചർച്ചിലെ സജീവാംഗമായിരുന്നു. ഏക സഹോദരൻ അലക്സാണ്ടർ ഉമ്മൻ 2017 ൽ ഹ്യൂസ്റ്റനിൽ അന്തരിച്ചു. മക്കൾ: രോഹിത് ജോർജ്, റോഷ്നി ജോർജ് (സ്റ്റോണി ബ്രൂക്ക് വിദ്യാർത്ഥിനി)



**നവീഷ് ലൂക്ക് സിറിയക്ക്**

ചിക്കാഗോ: : കണിയാംപറമ്പിൽ നവീഷ് ലൂക്ക് സിറിയക്ക് (42) ചിക്കാഗോയിൽ അന്തരിച്ചു. ഓണംതുരുത്ത് കണിയാംപറമ്പിൽ പരേതനായ സിറിയക്കും, മോളിയുമാണ് (ചെമ്മാച്ചേൽ, നീണ്ടൂർ) മാതാപിതാക്കൾ. ഭാര്യ ജീനു പിറവം വെള്ളാപ്പള്ളിൽ കുടുംബാംഗമാണ്.മക്കൾ: നാഥൻ, ജെയിംസ്, ജിയാന.സഹോദരങ്ങൾ :നവീൻ & അനു കണിയാംപറമ്പിൽ, പ്രെറ്റി & ഡസ്റ്റിൻ മുടിക്കുന്നേൽ. പരേതനായ ജോയി ചെമ്മാച്ചേരിലിന്റെ സഹോദരി പുത്രനാണ്.

**എം.പി.മത്തായി**

മാന്നാർ:ഭിലായ് സ്റ്റീൽ പ്ലാന്റ് റിട്ട. ഓഫിസ് സൂപ്രണ്ട് പാവുക്കര മൂത്താമഠത്തിൽ എം.പി.മത്തായി (94) അന്തരിച്ചു. ഭാര്യ: ഐരാണികുടി ചക്കിട്ടയിൽ ഏലിയാമ്മ മത്തായി. മക്കൾ: മിനി, ഷൈനി, റെനി, മനോജ്, വിനോജ്.



**ആലീസ് ഏബ്രഹാം**

ന്യൂയോർക്ക്: കൊല്ലാട് കാരക്കാട്ട് ജോസഫ് ഏബ്രഹാമിന്റെ (കുഞ്ഞ്) ഭാര്യ ആലീസ് ഏബ്രഹാം (78) ന്യൂയോർക്ക് ബ്രൂക്ക്‌ലിനിൽ അന്തരിച്ചു.ചെങ്ങളം പാലപ്പറമ്പിൽ കുടുംബാംഗമാണ് പരേത. മക്കൾ: സിബിൽ, ഷെറിൽ.മരുമക്കൾ: റെജി, റാഫേൽ.

**ഏലിയാമ്മ തോമസ്**

പേരൂർ:പേരുമാലിൽ ഏലിയാമ്മ തോമസ് (84) അന്തരിച്ചു. ഭർത്താവ്: പേരുമാലിൽ പരേതനായ പി.ഒ. തോമസ്. മക്കൾ: ടെസി തോമസ് (ഓസ്ട്രേലിയ), ലിൻസി സാജു (പാറമ്പുഴ), ടോംസി തോമസ്, മോൻസി തോമസ്, ജിൻസി ജയിൻ . മരുമക്കൾ: സാജു തോമസ് കൂരോത്ത് പാറമ്പുഴ, ബിനു ജോസി വയലിൽ വെട്ടിക്കാപ്പുഴ അയർക്കുന്നം, ജീന പാബ്ലിയോ മോൻസി (ഫിലിപ്പീൻസ്), ജയിൻ ജി. തുണ്ടത്തിൽ (മരങ്ങാട്ടുപിള്ളി).



**മേരി എസ്തപ്പാൻ**

ന്യൂയോർക്ക്: കാവുംപുറത്ത് പരേതനായ എസ്തപ്പാന്റെ പത്നി മേരി എസ്തപ്പാൻ (94) അന്തരിച്ചു. മക്കൾ: ചിന്നമ്മ (ഭർത്താവ് ന്യൂയോർക്ക് എൽമോണ്ട് കേരള സെന്റർ സ്ഥാപകൻ ഇ.എം. സ്റ്റീഫൻ); ഏലമ്മ (മാത്യു വാഴപ്പള്ളിൽ, ഉഴവൂർ (യു.എസ്); ത്രേസ്യാമ്മ (പീറ്റർ മുതുരുമ്പിൽ, ഉഴവൂർ); കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ (വിൻസി പേരക്കളത്തിൽ, മാറിടം (യു.എസ്); പരേതനായ ജോസ് എസ്തപ്പാൻ (മിനി നൂറ്റിയാനിക്കുന്നേൽ, മാറിടം (കാനഡ); ആൻസി (ജോസ് ഇല്ലിക്കൽ, ഇടക്കോലി (യു.എസ്); ബെൻസി (എബ്രഹാം തേർവാലക്കട്ടയിൽ, ഏറ്റുമാനൂർ (യു.എസ്); ജെസി (അലക്സ് കരിമ്പനച്ചാലിൽ, മോനിപ്പള്ളി, (യു.എസ്); മനോജ് സ്റ്റീഫൻ (ദീപ്തി മുണ്ടുപാലത്തിങ്കൽ,



**അനിൽ ജോർജ്ജ് പണിക്കർ**

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ പ്രോഗ്രാം കോർഡിനേറ്ററും നൂപുര ഫിലാഡൽഫിയ ഡാൻസ് അക്കാഡമിയുടെ ഡയറക്ടറുമായ ശ്രീമതി അജി പണിക്കറുടെ സഹോദരൻ അനിൽ ജോർജ്ജ് പണിക്കർ (48) ഫിലാഡെൽഫിയയിൽ അന്തരിച്ചു. ഭാര്യ : സ്മിതാ തോമസ്, കരുനാഗപ്പള്ളി അയണിമൂട്ടിൽ കുടുംബാംഗം. മക്കൾ : ആൻജെലാ പണിക്കർ, ഏബെൽ പണിക്കർ. അജി പണിക്കറും ആന്റോ പണിക്കറും സഹോദരങ്ങളാണ്.

**റീന സാബു**

ഇരവിമംഗലം:പുതക്കരിയിൽ റീന സാബു (54) യുകെയിൽ അന്തരിച്ചു.കരിക്കുന്നം കുഴിപാറയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ്: സാബു കുരുവിള. മക്കൾ: സോബിൻ, സിംന, ലെന. മരുമകൾ: അനബെൽ



**സെബാസ്റ്റ്യൻ കുര്യൻ**

ബാൾട്ടിമോർ: കുര്യൻ മാത്യുവിന്റെയും സാലി കുര്യന്റെയും പുത്രൻ സെബാസ്റ്റ്യൻ കുര്യൻ (സാബു) സെപ്റ്റംബർ 6 ശനിയാഴ്ച അന്തരിച്ചു.ബാബു തോമസ്, ഹെൻറി തോമസ്, ലൂസി ജോസ്, ഗ്രേസി എബ്രഹാം എന്നിവരുടെ അനന്തരവനാണ്.

**സിസ്റ്റർ സീനാ**

തോടനാൽ:മിഷനറീസ് ഓഫ് ചാരിറ്റി സന്യാസ സഭാംഗമായ സിസ്റ്റർ സീനാ (ലില്ലിക്കുട്ടി-72) മേഘാലയിൽ അന്തരിച്ചു. പാറേക്കാട്ട് സ്കറിയായുടെ മകളാണ്. സഹോദരങ്ങൾ: പി.എസ്.ആന്റണി പാറേക്കാട്ട്, സിസ്റ്റർ ജോൺ റപ്പായേൽ സേലം, സിസ്റ്റർ റോസ് തെരേസ് കുംഭകോണം, പരേതരായ മാമ്മിക്കുട്ടി അന്നമ്മ, തെയ്യാമ്മ , ക്ലാരമ്മ
.



**ശോശാമ്മ ഫിലിപ്പ്**

കോട്ടയം: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബിലീവേഴ്സ് ബോർഡ് മുൻ വൈസ് പ്രസിഡന്റ് കോട്ടയം കരിമ്പാങ്കൽ കെ.വി. ഫിലിപ്പിന്റെ (അച്ചൻകുഞ്ഞ്) ഭാര്യ ശോശാമ്മ ഫിലിപ്പ് (തങ്കമ്മ - 80)അന്തരിച്ചു. മീനടം കരിമ്പിൽ കുടുംബാംഗമാണ്.മക്കൾ: ബിനോയി ഫിലിപ്പ് (ഡാളസ്), ജീന കോശി (ഫിലദൽഫിയ), നിര്യാതനായ പാസ്റ്റർ മനോജ് ഫിലിപ്പ് .മരുമക്കൾ: ബിനു ഫിലിപ്പ് ഡാളസ് (പൊയ്കയിൽ പത്തനാപുരം), (സൈമൺ കോശി, മേലേതിൽ ചക്കുപുരയ്ക്കൽ ഇലന്തൂർ). സുജ മനോജ് കൊച്ചുമക്കൾ: ഫില്ലി വർഗീസ് (യു.കെ), ഫിലോമോൻ, തിമോത്തി, ജോർഡൻ, ജെഫ്രി, ജെന്നിഫർ.



**പോൾ ജോസഫ്**

ചിക്കാഗോ: തൊടുപുഴ ഇല്ലിക്കുന്നുംപുറത്ത് പരേതനായ ഇ.പി. ജോസഫിന്റെയും പരേതയായ ഏലിയാമ്മ (തോട്ടുംകാൽ മ്രാല) യുടേയും മകൻ പോൾ ജോസഫ് ഇല്ലിക്കുന്നുംപുറത്ത് സെപ്തംബർ 1 തിങ്കളാഴ്ച ഇല്ലിനോയിയിലെ ചിക്കാഗോയിൽ അന്തരിച്ചു.ഭാര്യ: ഷൈലി ഇല്ലിക്കുന്നുംപുറത്ത് (എറണാകുളം മട്ടാഴിത്താഴത്ത് കുടുംബാംഗം).മക്കൾ: അരുൺ & ചിന്നുക്കുട്ടി (മുള്ളൂർ, സംക്രാന്തി) - ദുബായ്, കിരൺ & അനിജമോൾ (ചൂരവേലികുടിലിൽ, കല്ലറ) - ചിക്കാഗോ, വരുൺ & ആൽഫി (കലയക്കുന്നേൽ, മാനന്തവാടി) - ചിക്കാഗോ.കൊച്ചുമക്കൾ: ഇവമരിയ, ഇസബെല്ല, ഹെസ്ലിൻ എലിസ, പോൾ.



**പ്രൊഫ. റോസി ചെറിയാൻ**

മാവേലിക്കര: ബിഷപ്പ് മൂർ കോളജ് മുൻ പ്രിൻസിപ്പൽ കൊഴുവല്ലൂർ പ്രൊഫ. എം.കെ. ചെറിയാന്റെ ഭാര്യ പ്രൊഫ. റോസി ചെറിയാൻ (82) അന്തരിച്ചു. മക്കൾ: അനു ചെറിയാൻ (തിരുവനന്തപുരം), ഡോ. റീനു ജേക്കബ് (വൈസ് പ്രിൻസിപ്പൽ, സിഎംഎസ് കോളേജ്, കോട്ടയം), ബിനു കോശി ചെറിയാൻ (യുഎസ്എ)മരുമക്കൾ: ബിജു ജേക്കബ് ജോൺ (ചെന്നൈ), ജേക്കബ് മാത്യു (മുംബൈ), സരിത ചെറിയാൻ (യുഎസ്എ). കൊച്ചുമക്കൾ: ജോൺ ജേക്കബ്, മാത്യു ജേക്കബ്, എലിസബത്ത് ജേക്കബ്, ജോഹാൻ ചെറിയാൻ, ജനിറ്റ ചെറിയാൻ. ഭൗതികശാസ്ത്ര അധ്യാപികയായിരുന്നു.



**ജിജോ മാത്യു**

ഡാളസ്: തീക്കോയി വേലത്തുശ്ശേരി മുത്തനാട്ട് മാത്യുവിന്റെയും അരുവിത്തുറ മാളിയേക്കൽ കുടുംബാംഗമായ പെണ്ണമ്മയുടെയും മകൻ ജിജോ മാത്യു (ജെയ്സൺ, 48) ഡാലസിൽ വയലി -സെയിന്റ് പോളിൽ അന്തരിച്ചു. പാലാ കടനാട് വടക്കേക്കര കുടുംബാംഗം ദിവ്യയാണ് ഭാര്യ.മക്കൾ: ജെയ്ഡൻ, ജോർഡിൻ.ഏക സഹോദരി: ഷെറിൻ, സഹോദരി ഭർത്താവ്: സിൽജോ കോമരത്താക്കുന്നേൽ മൂന്നിലവ്.

**ജോമിച്ചൻ**

ചിറക്കടവ്:മണ്ണംപ്ലാവ് പൊട്ടൻപ്ലാക്കൽ പരേതനായ ജോസിന്റെ മകൻ ജോമിച്ചൻ (45) അന്തരിച്ചു. ഭാര്യ: പഴയ പാമ്പനാർ മറ്റത്തിൽ മഞ്ജു ടോം. മകൾ: അന്ന ജോമി.



THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News